IslamHouse.com

مركز أصول
Osoul Center
www.osoulcenter.com



Malayalam
മലയാളം
مليالم

# സ്ത്രീ ഇസ്ലാമിൽ

മുഹമ്മദ് ബിൻ ജമീൽ സൈനു

# تكريم المرأة في الإسلام

تأليف
محمد بن جميل زينو

Malayalam
മലയാളം
مليالم

مركز أصول
Osoul Center
www.osoulcenter.com

This book has been conceived, prepared and designed by the Usool International Centre. All photos used in the book belong to the Usool Centre. The Centre hereby permits all Sunni Muslims to reprint and publish the book in any method and format on condition that 1) acknowledgement of the Usool Centre is clearly stated on all editions; and 2) no alteration or amendment of the text is introduced without reference to the Usool Centre. In the case of reprinting this book, the Centre strongly recommends maintaining high quality.

+966 504 442 532
+966 11 445 4900
+966 11 497 0126
P.O.BOX 29465 Riyadh 11457
osoul@rabwah.com
www.osoulcenter.com

بسم الله الرحمن الرحيم



# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 11 |
| 2 | സ്ത്രീ അജ്ഞാന കാലത്തെ അറബ് സമൂഹത്തിൽ | 15 |
| 3 | പെൺകുട്ടികൾ കുഴിച്ചുമൂടപ്പെട്ട ജാഹിലിയ്യത്ത് | 19 |
| 4 | ഇസ്‌ലാം സ്ത്രീയെ ആദരിക്കുന്നു | 21 |
| 5 | ഖുർആനിൽ 'സ്ത്രീ' എന്ന അദ്ധ്യായം | 25 |
| 6 | പുരുഷാധിപത്യം എന്ത് കൊണ്ട് ? | 37 |
| 7 | സ്ത്രീകളുടെ നിയന്ത്രണാധികാരം പുരുഷന് | 39 |
| 8 | ഗുണദോഷിക്കുന്ന ഭർത്താവ് | 43 |
| 9 | ഇസ്‌ലാം മാതൃത്വത്തെ ആദരിക്കുന്നു | 49 |
| 10 | ഭാര്യാഭർത്താക്കന്മാരുടെ ബാധ്യതകൾ | 53 |
| 11 | വിശ്വപ്രസിദ്ധമായ പ്രസംഗത്തിന്റെ ഉള്ളടക്കം | 55 |
| 12 | സ്ത്രീപുരുഷ സൃഷ്ടിപ്പിന്റെ യുക്തി | 59 |
| 13 | പുരുഷന് സ്ത്രീയിൽ നിന്ന് എന്തുണ്ട് വ്യത്യാസം | 63 |
| 14 | മുസ്‌ലിം സ്ത്രീയുടെ വസ്ത്രം | 69 |
| 15 | സ്ത്രീ പുരുഷൻമാരുടെ വേഷം | 71 |
| 16 | 'ഹിജാബ്' സ്ത്രീകളെ ആദരിക്കുന്ന വേഷം | 75 |
| 17 | ബഹുഭാര്യത്വം സ്ത്രീകളെ ആദരിക്കൽ | 77 |

| | | |
|---|---|---|
| 18 | സ്ത്രീ- ഇരുതല മൂർച്ചയുള്ള വാൾ | 81 |
| 19 | സ്ത്രീക്കും പുരുഷനും നാശം | 85 |
| 20 | മുസ്‌ലിം സ്ത്രീയുടെ ബാധ്യതകൾ | 87 |
| 21 | 'സ്ത്രീ' വീടിനു പുറത്ത് ജോലിചെയ്യുമ്പോൾ | 91 |
| 22 | 'സ്ത്രീ' തൊഴിലില്ലായ്മയുടെ കാരണം | 95 |
| 23 | സമ്മിശ്ര വിദ്യാഭ്യാസം അപകടം | 97 |
| 24 | മുസ്‌ലിം സ്ത്രീകൾ ജോലി ചെയ്യുമ്പോൾ | 99 |
| 25 | സ്ത്രീ പുരുഷൻമാർ ഇണയെ തെരഞ്ഞെടുക്കുമ്പോൾ | 103 |
| 26 | ഭർത്താവിനെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം | 107 |
| 27 | പെൺമക്കളോടുള്ള സമീപനം പ്രവാചക ചര്യയിൽ | 111 |
| 28 | സ്ത്രീ വിശുദ്ധ ഖുർആനിന്റെ വീക്ഷണത്തിൽ | 115 |
| 29 | മുസ്‌ലിം സ്ത്രീയുടെ മഹത്വം | 121 |
| 30 | യുദ്ധവേളകളിൽ സ്ത്രീകൾ വധിക്കപ്പെട്ടുകൂടാ | 125 |
| 31 | സ്ത്രീകൾക്കെതിരെ അപവാദം പ്രചരിപ്പിക്കൽ | 127 |
| 32 | പ്രശ്നപരിഹാരം ദിവ്യ സന്ദേശത്തിലൂടെ | 131 |
| 33 | സ്ത്രീകളുമായി കൂടിയാലോചന | 135 |
| 34 | മുസ്‌ലിം സ്ത്രീയും ധാർമ്മിക രംഗവും | 139 |
| 35 | മാതാവ് മകൾക്ക് നൽകിയ ഉപദേശം | 143 |
| 36 | രക്ഷാധികാരി അനിവാര്യം | 145 |
| 37 | രക്ഷാകർത്താവിന്റെ ബാധ്യതകൾ | 149 |

| | | |
|---|---|---|
| 38 | 'ഖൻസാഅ് ഇസ്‌ലാമിനു മുമ്പും ശേഷവും | 153 |
| 39 | സ്ത്രീ പാശ്ചാത്യൻ നാടുകളിൽ | 155 |
| 40 | ഇസ്‌ലാം പുൽകിയ അമേരിക്കക്കാരി | 159 |
| 41 | ഹാജറയും ഇസ്‌ലാമിക പ്രബോധനവും | 163 |
| 42 | ദുർബലയായ സ്ത്രീയുടെ രക്ഷക്കെത്തിയ ഖലീഫ | 167 |



# ആമുഖം

അല്ലാഹുവിന്നാണു സർവ്വ സ്തുതികളും, അവനെ നാം പ്രകീർത്തിക്കുന്നു. അവനോടു പാപമോചനം തേടുകയും, സഹായത്തിനപേക്ഷിക്കുകയും ചെയ്യുന്നു. സർവ്വ തിന്മകളിൽ നിന്നും ചീത്ത പ്രവർത്തനങ്ങളിൽ നിന്നും അല്ലാഹുവിനോടു നാം രക്ഷ ചോദിക്കുന്നു. അവൻ സന്മാർഗ്ഗമേകിയാൽ വഴിപിഴപ്പിക്കുന്നവരായി ആരും തന്നെയില്ല. അവൻ വഴി കേടിലാക്കിയാൽ സന്മാർഗ്ഗമേ കാനും ആർക്കും സാധ്യമല്ല. അല്ലാഹു വല്ലാതെ ആരാധ്യനില്ലെന്നും അവൻ ഏകനും, പങ്കുകാരില്ലാത്തവനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് ﷺ അവന്റെ ദൂതനും, ദാസനു മാമെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

ഇസ്‌ലാം സ്ത്രീയെ ആദരിച്ചിരിക്കുന്നു. നൂറ്റാണ്ടുകളുടെ സംരക്ഷകയെന്ന സ്ഥാനത്ത് അവരെ നിശ്ചയിച്ചിരിക്കുന്നു. സാമൂഹ്യ പരിഷ്കാരം, സാമൂഹ്യ സമുദ്ധാരണം സാധ്യമാവുന്നതും, സമൂഹത്തിന് അപചയം സംഭവിക്കുന്നതും, ആ സമൂഹത്തിന്റെ സ്ത്രീകളുടെ സംസ്കരണത്തിന്റെ അടിസ്ഥാനത്തിലാണെന്നാതാണ് വസ്തുത. കാരണം സമൂഹ നിർമ്മിതിയുടെ അടിസ്ഥാനഘടകമായ സന്താനങ്ങളുടെ സംരക്ഷണ ചുമതല ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് സ്ത്രീകളിൽ (മാതാക്കളിൽ) ആണ്. ആ സമുദായ

ത്തിന്റെ അടിസ്ഥാനത്തിലാണ് രാഷ്ട്രനിർമ്മാണം സാധ്യമാവുന്നത്.

ഇസ്‌ലാം സ്ത്രീയോട് കാണിച്ച ആദരവിന്റെ മഹോന്നതി കൊണ്ടല്ലേ, വിശുദ്ധ ഖുർആനിലെ ഒരു അദ്ധ്യായം തന്നെ ആ സ്ത്രീയുടേതായി അവതരിപ്പിക്കപ്പെട്ടത്. എന്നാൽ പുരുഷന്റെ പേരിൽ പ്രത്യേകമായൊരു അദ്ധ്യായം വിശുദ്ധ ഖുർആനിലില്ല എന്നത് സ്ത്രീത്വത്തോടും, മാതൃത്വത്തോടു പ്രത്യേകിച്ചും ഇസ്‌ലാം കാണിച്ച ആദരവിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നതാണ്. മാതാവിനോടു സുകൃതം കാണിക്കണമെന്ന ദൈവീക നിർദ്ദേശം സ്രഷ്ടാവിനെ ആരാധിക്കണമെന്നതിനോടു ചേർത്തിപ്പറഞ്ഞതും മാതൃത്വത്തോടു ഇസ്‌ലാം കാണിച്ച ആദരവിന്റെ മാതൃകയാണ്. ഒരു സൂക്തം കാണുക.

﴿وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَٰنًا﴾ [الإسراء: ٢٣]

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു" (ഇസ്റാഅ്: 23)

സന്താനങ്ങളുടെ സംരക്ഷണം മാതാവിന്റെ ബാധ്യതയാണെന്ന പ്രവാചകൻ ﷺ യുടെ മൊഴി അവരോടുള്ള ആദരവിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു. അവിടുന്നു പറയുകയുണ്ടായി 'ഭർത്താവിന്റെ ഭവനത്തിലെ ചുമതല വഹിക്കേണ്ടവളാണ് ഭാര്യ, അവളുടെ കീഴിലുള്ള(മക്കൾ) വരെക്കുറിച്ച് നിശ്ചയം അവൾ ബാധ്യത ഏൽപ്പിക്കപ്പെട്ടിരിക്കുന്നു' (ബുഖാരി, മുസ്‌ലിം)

ഈ വിഷയത്തെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്നവർക്കായി തയ്യാർ ചെയ്ത ഈ പുസ്തകം വായിക്കുക. ഇത് ഫലപ്രദമാവട്ടെ എന്ന് ആഗ്രഹിക്കുന്നു, പുണ്യ പ്രവർത്തനമായി ഇത് സ്വീകരിക്കപ്പെടട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**– മുഹമ്മദ് ജമീൽ സൈനു**



# സ്ത്രീ അജ്ഞാന കാലഘട്ടത്തിലെ അറേബ്യൻ സമൂഹത്തിൽ

01 അനന്തരാവകാശത്തിന് അവൾ അർഹയായിരുന്നില്ല, കാരണം യുദ്ധത്തിൽ പങ്കെടുക്കുന്ന പുരുഷൻമാർക്കേ അതിന്ന് അവകാശമുള്ളൂ എന്നായിരുന്നു അവരുടെ വാദം.

02 ഭർത്താവിൽ നിന്ന് യാതൊരവകാശം ഭാര്യക്ക് ലഭിച്ചിരുന്നില്ല. വിവാഹ മോചനത്തിനോ, ബഹു ഭാര്യത്വത്തിനോ പരിധിയുണ്ടായിരുന്നില്ല, ഭർത്താവു മരണപ്പെട്ടാൽ അയാളിൽ മറ്റു ഭാര്യമാർക്കുണ്ടായ വലിയ പുത്രൻ അവളെ സ്വന്തമാക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. മറ്റ് അനന്തരാവകാശ സ്വത്തുക്കളെപ്പോലെ മാത്രമായിട്ടായിരുന്നു പരിഗണിക്കപ്പെട്ടിരുന്നത്.

ഇബ്നു അബ്ബാസി ﷺ ൽ നിന്നു നിവേദനം: 'അദ്ദേഹം പറഞ്ഞു:'ഒരാളുടെ പിതാവോ പിതൃവ്യനോ മരിച്ചാൽ, അയാളുടെ ഭാര്യയെ സ്വന്തമാക്കാൻ മകന് അവകാശമുണ്ടായിരുന്നു.

ഒന്നുകിൽ അവളെ സ്വന്തമാക്കാം, അല്ലെങ്കിൽ അവളുടെ വിവാഹ മൂല്യം കഴിയുന്നത് വരെയും അവളെ തടഞ്ഞു വെക്കാം. അവൾ മരിക്കുകയാണെങ്കിൽ അവ

ളുടെ സമ്പത്തും അവന് ഉടമപ്പെടുത്താം. ഇതായിരുന്നു ജാഹിലിയ്യാ സമൂഹത്തിന്റെ അവസ്ഥ'.

03 ഭർത്താവു മരണപ്പെട്ട സ്ത്രീ ജാഹിലിയ്യാ കാലഘട്ടത്തിൽ സുദീർഘമായ ഒരു വർഷം ദീക്ഷ (ഇദ്ദ) കാലം കാത്തിരിക്കേണ്ടതുണ്ടായിരുന്നു. അതു തന്നെ ഏറ്റവും വൃത്തിഹീനമായ രീതിയിലായിരുന്നു. വൃത്തികെട്ട വേഷവിധാനത്തിൽ കുടുസ്സായ റൂമുകളിൽ, ശുദ്ധി വരുത്താത്ത ശരീരത്തോടെ സുഗന്ധവും, അലങ്കാരങ്ങളും വെടിഞ്ഞ് ഒരു വർഷം അവൾ കാത്തിരിക്കണം. വെള്ളം സ്പർശിച്ച് കൂടാ, നഖം മുറിക്കാൻ പാടില്ല, മുടി നീക്കിക്കൂടാ, സമൂഹത്തെ കണ്ടുകൂടാ, വർഷം പൂർത്തിയാക്കിയ ശേഷം ഏറ്റവും മുഷിഞ്ഞ വേഷത്തിൽ ദുർഗന്ധത്തോടെ അവൾ പുറത്ത് വരണം.

04 ജാഹിലിയ്യാ കാലഘട്ടത്തിൽ അറേബ്യൻ സമൂഹം അവരിലെ യുവതികളേയും അടിമകളേയും വ്യഭിചാരത്തിന് നിർബന്ധിപ്പിക്കുകയും, അങ്ങനെ വരുമാനമാർഗ്ഗം ഉണ്ടാക്കുകയും ചെയ്തിരുന്നു. ഈ ദുരാചാരത്തെയാണ് വിശുദ്ധ ഖുർആൻ വിലക്കുന്നത്. ഒരു വിശുദ്ധ വചനം കാണുക:

﴿وَلَا تُكْرِهُوا۟ فَتَيَـٰتِكُمْ عَلَى ٱلْبِغَآءِ إِنْ أَرَدْنَ تَحَصُّنًا لِّتَبْتَغُوا۟ عَرَضَ ٱلْحَيَوٰةِ ٱلدُّنْيَا﴾

[النور: ٣٣]

"നിങ്ങളുടെ അടിമ സ്ത്രീകൾ ചാരിത്ര ശുദ്ധിയോടെ ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഐഹിക ജീവിതത്തിന്റെ വിഭവം ആഗ്രഹിച്ച് കൊണ്ട് നിങ്ങൾ അവരെ വേശ്യാവൃത്തിക്ക് നിർബന്ധിക്കരുത്" (നൂർ: 33)

05 ജാഹിലിയ്യ കാലഘട്ടത്തിൽ നിലനിന്നിരുന്ന വിവാഹ ചടങ്ങുകളും ആചാരങ്ങളും ഇപ്രകാരം തന്നെ. സാംസ്കാരിക ജീർണ്ണതകൾ നിറഞ്ഞുനിന്നിരുന്നു. ചില ചടങ്ങുകൾ ഇപ്രകാരമായിരുന്നു

A ഒരു കൂട്ടം യുവാക്കൾ ഒരു സ്ത്രീയുടെ ഇമി കിലെത്തുന്നു, അവളുമായി സംസർഗ്ഗത്തിലവർ ഏർപ്പെ ടുന്നു. അതിലൂടെ ഗർഭധാരണം നടന്നാൽ ആ സന്താന ത്തെ അവൾക്ക് ഇഷ്ടപ്പെട്ട പുരുഷനിലേക്ക് ചേർത്തി പ്പറയുകയും അയാളെ ഭർത്താവായി സ്വീകരിക്കുകയും ചെയ്യുന്നു.

B സമൂഹത്തിൽ ധീരത കൊണ്ട് അറിയപ്പെടുന്ന പുരുഷനുമായി സംസർഗ്ഗത്തിലേർപ്പെടാൻ തന്റെ ഭാര്യക്ക് സ്വാതന്ത്ര്യം നൽകുന്നു. അതിലൂടെ നടക്കുന്ന ഗർഭ ധാര ണത്തിൽ ലഭിക്കുന്ന സന്താനം ധീരതയുള്ളവനാകുമെന്ന അന്ധവിശ്വാസമായിരുന്നു ഇതിനു പ്രേരകം.

C മുത്അത്തിന്റെ വിവാഹം- വിവാഹമോചനം നടത്തുമെന്ന ഉദ്ദേശത്തോടുകൂടി തന്നെ ഒരു നിശ്ചിത കാലയളവിലേക്ക് മാത്രമായി വിവാഹം നടത്തലാണത്. വിശുദ്ധ ഖുർആൻ ഇത് നിഷിദ്ധമാക്കിയെങ്കിലും ശിആക്ക ളിൽ ഒരു വിഭാഗം ഇത് അനുവദനീയമെന്നു പറയുന്നു.

D ഒരാൾ തന്റെ പെൺകുട്ടിയേയോ, സഹോദരി യേയോ തന്റെ ശിക്ഷണത്തിൻ കീഴിലുള്ള മറ്റു സ്ത്രീ കളേയോ തന്നെ വിവാഹം നടത്തുന്ന പതിവ് അറേബ്യൻ സമൂഹത്തിൽ നിലവിലുണ്ടായിരുന്നു. അതിന് വിവാഹ മൂല്യം നൽകാറുണ്ടായിരുന്നുമില്ല.

അവസാനം പരാമർശിക്കപ്പെട്ട രണ്ട് രീതിയും ഒരർത്ഥത്തിൽ സ്ത്രീയെ പുരുഷാധിപത്യത്തിൽ ഇഷ്ടാനിഷ്ടം വിനിയോഗിക്കുവാനുള്ള കേവല ഭോഗവസ്തുവായി മാത്രം കാണുന്നു എന്നതാണ് സത്യം. ഈ സമ്പ്രദായങ്ങളെല്ലാം പൊതുവെ കാണപ്പെട്ടിരുന്ന സ്വഭാവമത്രെ.

എന്നാൽ അവരിൽ ഉന്നത ഗോത്രമായി പരിഗണിക്കപ്പെട്ടിരുന്ന ഖുറൈശ് ഗോത്രത്തിൽ ഈ ആചാരങ്ങൾ കാണപ്പെട്ടിരുന്നില്ല. വിവാഹ രംഗത്ത് ഇന്ന് മുസ്‌ലിംകളിൽ നിലവിലുള്ളതിനു സമാനരീതി തന്നെയായിരുന്നു. വിവാഹാലോചന, വിവാഹമൂല്യം, വിവാഹകരാർ, എന്നീ വ്യവസ്ഥയും ചിട്ടകളും നടപ്പിലുണ്ടായിരുന്നു. അവയെല്ലാം ഇസ്‌ലാം അംഗീകരിക്കുകയുണ്ടായി. എന്നാൽ സ്ത്രീകളുടെ മേൽ സമ്മതമില്ലാതെ വിവാഹം അടിച്ചേൽപ്പിച്ചിരുന്ന അധർമ്മത്തിന്റെ രീതിയെ ഇസ്‌ലാം വിലക്കി. വിവാഹമൂല്യം നൽകാതെയും, അത് വീട്ടുകാർ സ്വീകരിക്കുകയും ചെയ്യുന്ന പതിവ് ഇല്ലാതാക്കുകയും ചെയ്തു. ഉമറുബ്നുൽ ഖത്താബ് رضي الله عنه പറയുന്നത് കാണുക: 'ജാഹിലിയ്യാ കാലഘട്ടത്തിൽ ഞങ്ങൾ സ്ത്രീകൾക്കു യാതൊരു വിലയും നൽകിയിരുന്നില്ല, സ്ത്രീകളുടെ ബാധ്യതകളെക്കുറിച്ച് അല്ലാഹു ഉണർത്തുകയും, ഇസ്‌ലാം പഠിക്കുകയും ചെയ്തതുവരെയും അതേ നില തന്നെ തുടരുകയായിരുന്നു' (ബുഖാരി)

(സ്ത്രീ ഇസ്‌ലാമിനും ജാഹിലിയ്യത്തിനും മധ്യേ- എന്ന ഗ്രന്ഥം കാണുക)

# പെൺകുട്ടികൾ കുഴിച്ച് മൂടപ്പെട്ട ജാഹിലിയ്യത്ത്

പെൺകുട്ടികൾ ജനിക്കുന്നത് അപമാനമായി ഗണിക്കപ്പെട്ട ജാഹിലിയ്യാ കാലഘട്ടം, അപമാനത്തിൽ നിന്നും രക്ഷകിട്ടാൻ ജനിച്ച പെൺകുഞ്ഞിനെ ജീവനോടെ തന്നെ കുഴിച്ച് മൂടിയിരുന്നു.

എന്നാൽ ഹീനമായ ഈ ദുരാചാരത്തെ വിശുദ്ധ ഖുർആൻ കഠിനമായ സ്വരത്തിൽ ആക്ഷേപിച്ചു. ജാഹിലിയ്യാ കാലഘട്ടത്തിലെ അറബികളുടെ സ്വഭാവത്തെ തുറന്ന് കാട്ടി കൊണ്ടു ഖുർആൻ പറഞ്ഞു"

﴿ وَإِذَا بُشِّرَ أَحَدُهُم بِٱلۡأُنثَىٰ ظَلَّ وَجۡهُهُۥ مُسۡوَدّٗا وَهُوَ كَظِيمٞ ٥٨ يَتَوَٰرَىٰ مِنَ ٱلۡقَوۡمِ
مِن سُوٓءِ مَا بُشِّرَ بِهِۦٓۚ أَيُمۡسِكُهُۥ عَلَىٰ هُونٍ أَمۡ يَدُسُّهُۥ فِي ٱلتُّرَابِۗ أَلَا سَآءَ مَا يَحۡكُمُونَ ﴾

[النحل: ٥٨-٥٩]

"അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോ ഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു, അവന്ന് സന്തോഷ വാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്നവൻ ഒളിച്ച് കളയുന്നു, അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കേണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ എന്നതാ യി

രിക്കും അവന്റെ ചിന്ത. അവർ എടുക്കുന്ന തീരുമാനം എത്ര മോശം" (നഹ്ൽ - 58,59)

പെൺകുട്ടികളെ ജീവനോടെ കുഴിച്ച് മൂടുന്നതിനെ വളരെ രൂക്ഷമായി തന്നെ അല്ലാഹു വിമർശിക്കുന്നു.

﴿وَإِذَا ٱلۡمَوۡءُۥدَةُ سُئِلَتۡ ٨ بِأَيِّ ذَنۢبٖ قُتِلَتۡ﴾ [التكوير: ٨-٩]

"താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടതെന്ന് (ജീവനോടെ) കുഴിച്ച് മൂടപ്പെട്ട പെൺകുട്ടിയോട് ചോദിക്കപ്പെടുമ്പോൾ" (തക്‌വീർ: 8,9)

# ഇസ്‌ലാം സ്ത്രീയെ ആദരിക്കുന്നു

01 ഇസ്‌ലാം സ്ത്രീയെ നിന്ദ്യമായോ, വെറുപ്പോടു കൂടിയോ കാണുന്നില്ല. എന്നാൽ ജാഹിലിയ്യാകാലഘട്ടം ഇതിന്നപവാദമായിരുന്നു. ഇസ്‌ലാമാകട്ടെ അത്തരം ദുസ്വഭാവങ്ങൾ ഇല്ലായ്മ ചെയ്യുകയുണ്ടായി. മാത്രമല്ല, സ്ത്രീക്കും പുരുഷനെപ്പോലെ ചില കടമകളും അവകാശ ങ്ങളും ഉണ്ടെന്ന് ഉറപ്പ് വരുത്തി. സ്ത്രീകളുടെ നൈസർഗ്ഗിക പ്രകൃതിക്ക് ഇണങ്ങുന്ന നിർബന്ധ കടമകൾ കൂടി അവൾക്കുണ്ട് എന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്. അതോടൊപ്പം പുരുഷന്റെ പൗരുഷത്തേയും ക്രയവിക്രയത്തേയും സഹന മനസ്ഥിതിയെയും സ്വഭാവത്തെയും അംഗീകരിക്കുക കൂടി ചെയ്യുന്നു. അക്കാരണത്താൽ തന്നെ അവളെപ്പോലും സംരക്ഷിക്കേണ്ട നേതൃത്വവും, പുരുഷന്റെ അധ്വാന ഫലം കൊണ്ട് സ്ത്രീകൾക്ക് കൂടി ചെലവ് നൽകേണ്ടതിന്റെ അനിവാര്യതയും ഇസ്‌ലാം പുരുഷനിലാണർപ്പിച്ചിരിക്കു ന്നത്.

02 ഇസ്‌ലാം സ്ത്രീയെ ആദരിക്കുന്നു എന്നതിന്റെ മകുടോദാഹരണമാണ് അവർക്ക് വീടുകളിൽ ഇസ്‌ലാം നൽകുന്ന അംഗീകരണം. വീടുകളിൽ ക്രയ വിക്രയത്തി

നുള്ള അധികാരവും, കൊള്ളക്കൊടുക്കാനുള്ള അനുവാദവും വസ്തുകളുടെ ഉടമസ്ഥാധികാരവും സ്ത്രീകൾക്ക് ഇസ്ലാം അനുവദിച്ചു.

03 ഒരു സ്ത്രീയിൽ നിന്നും ഒരു പുരുഷനിൽ നിന്നുമാണ് മനുഷ്യസമൂഹത്തെ അല്ലാഹു സൃഷ്ടിച്ചതെന്നും, അവർക്കിടയിലുള്ള ഉൽകൃഷ്ടത, ഭക്തിയുടേയും പുണ്യകർമ്മത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണെന്നും വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. ഇത് സ്ത്രീക്ക് ഇസ്ലാം നൽകുന്ന അംഗീകാരമല്ലാതെ മറ്റെന്താണ്.

﴿ يَـٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَـٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَـٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ ﴾ [الحجرات: ١٣]

“ഹേ മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടി ച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മ നിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു” (ഹുജുറാത്ത്: 13)

04 സ്ത്രീ വിദ്യാഭ്യാസത്തിന് ഇസ്ലാം നൽകിയ പ്രാധാന്യം അവരോടുള്ള ആദരവിന്റെ ഉദാത്ത മാതൃകയല്ലേ? ഒരു സംഭവം കാണുക.

അബൂസഈദുൽ ഖുദ്രിയ്യി رضي الله عنه ൽ നിന്നു നിവേദനം: 'കുറച്ച് സ്ത്രീകൾ നബി ﷺ യോട് ഇപ്രകാരം പറഞ്ഞു:

പ്രവാചകരെ, പുരുഷൻമാരുടെ ആധിക്യം കൊണ്ട് ഞങ്ങൾക്ക് അങ്ങയെ കണ്ട് മുട്ടാൻ (വിവരങ്ങൾ ചോദിച്ചറിയാൻ) സാധിക്കുന്നില്ല. അതിനാൽ ഞങ്ങൾക്ക് ഒരു ദിവസം ഊഴമായി താങ്കൾ നിശ്ചയിച്ച് തന്നാലും! അതനുസരിച്ച് അവിടുന്ന് ഒരു ദിവസം നിശ്ചയിച്ച് കൊടുത്തു. പിന്നീട് അവരെ അഭിമുഖീകരിച്ചു കൊണ്ട് സാരോപദേശം നടത്തിക്കൊണ്ട് പറഞ്ഞു 'നിങ്ങളിൽ ഒരാൾക്ക് മൂന്ന് മക്കളുണ്ടാവുകയും അവർ മരണപ്പെടുന്നുവെങ്കിൽ പ്രതിഫലേച്ഛയോടു കൂടി സഹിക്കുകയും, അല്ലാഹുവിന്റെ വിധിയിൽ സംതൃപ്തരാവുകയും ചെയ്യുന്നുവെങ്കിൽ അവർ (ആ സന്താനങ്ങൾ) മാതാപിതാക്കൾക്ക് നരകത്തിൽ നിന്നുള്ള ഒരു മറ ആവാതിരിക്കില്ല' ഇതു കേട്ടപ്പോൾ ഒരു സ്ത്രീ ചോദിക്കുകയുണ്ടായി 'രണ്ടു സന്താനങ്ങളാണങ്കിലോ റസൂലേ?. അപ്പോൾ നബി ﷺ പറഞ്ഞു രണ്ടായിരുന്നാലും ശരി'. (ബുഖാരി)

05 മഹാത്മാക്കൾ ആരൊക്കെയാണെന്ന് അല്ലാഹു വിശേഷിപ്പിച്ചപ്പോൾ പുരുഷൻമാരെപ്പോലെ തന്നെ സ്ത്രീകളേയും ഒരുമിച്ച് പറയുന്നതായി കാണാൻ സാധിക്കുന്നു. അവിടെ പരസ്പരം യാതൊരു വ്യത്യാസവും കാണിച്ചിട്ടുമില്ല. പ്രസ്തുത വചനം കാണുക.

"(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷൻമാർ സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ സ്ത്രീകൾ, വിനീതരായ പുരുഷൻമാർ സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ

സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷന്മാർ സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയങ്ങൾ കാത്തു സൂക്ഷിക്കുന്നവരായ പുരുഷന്മാർ സ്ത്രീകൾ ധാരാളമായി അല്ലാഹുവെ ഓർമ്മിക്കുന്നവരായ പുരുഷൻമാർ സ്ത്രീകൾ ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കി വെച്ചിരിക്കുന്നു" (അഹ്സാബ്: 35)

# ‘സ്ത്രീകൾ’ എന്ന അദ്ധ്യായം

വിശുദ്ധ ഖുർആനിൽ ‘പുരുഷന്മാർ’ എന്ന പേരിൽ ഒരു അദ്ധ്യായം കാണാൻ സാധ്യമല്ല, എന്നാൽ ‘സ്ത്രീകൾ’ എന്ന പ്രത്യേകം അദ്ധ്യായം തന്നെ അവരുടെ പേരിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ത്രീക്ക് ഇസ്‌ലാം നൽകുന്ന സ്ഥാനത്തിനുള്ള ഉത്തമ ഉദാഹരണം തന്നെയാണിത്. മാത്രമല്ല, പ്രസ്തുത അദ്ധ്യായത്തിലെ പരാമർശ വിഷയങ്ങൾ സ്ത്രീകളുമായി ബന്ധമുള്ളതും, വളരെ സുപ്രധാനവുമായ ധാരാളം കാര്യങ്ങളുമാണ് എന്നത് അവരുടെ മഹത്വത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. കുടുംബം, സമൂഹം, രാഷ്ട്രം എന്നീമണ്ഡലങ്ങളിൽ സ്ത്രീകളുമായി ബന്ധമുള്ള പ്രശ്നങ്ങളാണ് അതിലെ ചർച്ച തന്നെ. പ്രസ്തുത സൂറത്തിലെ മുഖ്യ പ്രമേയം തന്നെ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചാണ്. അതുകൊണ്ടു തന്നെയാണ് ഈ സൂറത്തിന് ‘സ്ത്രീകൾ’ എന്ന് പേര് വെക്കപ്പെട്ടിരിക്കുന്നതും. സൂറത്തിലെ പരാമർശ വിഷയങ്ങളെക്കുറിച്ചു ചിന്തിക്കുകയാണെങ്കിൽ പൊതുവെ താഴെ പറയുന്ന കാര്യങ്ങൾ മനസിലാക്കാവുന്നതാണ്.

01 സ്ത്രീയുടെ സൃഷ്ടിപ്പ് പുരുഷന്റെ വാരിയെല്ലിൽ നിന്നാണ്. പിന്നീട് സ്ത്രീകളേയും പുരുഷൻമാരെയും

അവരിൽ നിന്നും അവൻ വ്യാപിപ്പികുകയുണ്ടായി. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِى تَسَآءَلُونَ بِهِۦ وَٱلْأَرْحَامَ ۚ إِنَّ ٱللَّهَ كَانَ عَلَيْكُمْ رَقِيبًا ﴾

[الحجرات: ١٣]

“മനുഷ്യരെ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നു തന്നെ അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവീൻ” (നിസാഅ്: 1)

സന്ദർഭോചിതം നബി ﷺ നിർവ്വഹിക്കാറുണ്ടായിരുന്ന പ്രസംഗത്തിന്റെ തുടക്കത്തിലെല്ലാം ഈ സൂക്തം അവിടുന്ന് പറയാറുണ്ടായിരുന്നു. പ്രബോധകൻമാരും പ്രാസംഗികരും ഈ മര്യാദ അനുധാവനം ചെയ്യേണ്ടത് അനിവാര്യമാണെന്ന് ഇതിൽ നിന്നും മനസിലാക്കാം.

02 സ്ത്രീകളായ അനാഥകളുടെ അവകാശസംരക്ഷണത്തെക്കുറിച്ച് പരാമർശിക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَإِنْ خِفْتُمْ أَلَّا تُقْسِطُوا۟ فِى ٱلْيَتَـٰمَىٰ فَٱنكِحُوا۟ مَا طَابَ لَكُم مِّنَ ٱلنِّسَآءِ مَثْنَىٰ وَثُلَـٰثَ وَرُبَـٰعَ ۖ فَإِنْ خِفْتُمْ أَلَّا تَعْدِلُوا۟ فَوَٰحِدَةً أَوْ مَا مَلَكَتْ أَيْمَـٰنُكُمْ ۚ ذَٰلِكَ أَدْنَىٰٓ أَلَّا تَعُولُوا۟ ﴾

[الحجرات: ١٣]

“അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാ നാവില്ലെന്ന് ഭയപ്പെടുകയാണെങ്കിൽ (മറ്റു)

സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക). അല്ലെങ്കിൽ അധീനത്തിലുള്ള അടിമസ്ത്രീയെ (ഭാര്യയെപോലെ സ്വീകരിക്കുക). നിങ്ങൾ അതിരുവിട്ടു പോകാതിരിക്കാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്" (നിസാഅ്: 3)

ഉർവതുബ്നു സുബൈർ ﵁ ഒരിക്കൽ ആയിശ ﵂ യോട് ﴿ وَإِنْ خِفْتُمْ أَلَّا تُقْسِطُوا۟ فِى ٱلْيَتَٰمَىٰ ﴾ (അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതിപാലി ക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ...) എന്ന വചനത്തെക്കുറിച്ച് ചോദിക്കുകയുണ്ടായി. അപ്പോൾ അവർ പറഞ്ഞു: 'എന്റെ സഹോദരീ പുത്രാ, ഈ വചനം അവതരിച്ചത്, ചിലർ അനാഥകളായ പെൺകുട്ടികളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കുകയും അവരെ വളർത്തു കയും ചെയ്യും. പിന്നീടു അവളുടെ ഭംഗിയും സമ്പത്തും അയാളിൽ ആഗ്രഹം ജനിപ്പിക്കുകയും അവളെ വിവാഹം കഴിക്കാൻ കൊതിക്കുകയും ചെയ്യും. എന്നാൽ അർഹ മായ രൂപത്തിൽ മറ്റുള്ള സ്ത്രീകൾക്ക് നൽകുന്നത്ര വിവാ ഹമൂല്യം നൽകുന്നതിൽ നീതിനിഷ്ഠ പാലിക്കുകയുമില്ല. ഈ സാഹചര്യത്തെ സൂചിപ്പിച്ചു കൊ ണ്ടാണ് സൂക്തം അവതരിപ്പിച്ചത്. ഇതിലൂടെ ആ പ്രവണത വിശുദ്ധ ഖുർ ആൻ വിലക്കുകയും, അർഹമായ വിവാഹ മൂല്യം നൽ കാൻ കൽപിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ

നിങ്ങൾ മറ്റു സ്ത്രീകളെ വിവാഹം കഴിച്ചേക്കൂ എന്നാണ് കൽപിക്കുന്നത്. ഉർവ... ﵁ പറയുന്നു: 'ആയിശ ﵂ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ഈ വചനം അവതരിപ്പിക്കപ്പെട്ട ശേഷം ജനങ്ങൾ നബി ﷺ യോട് വിശദീകരണം തേടുകയുണ്ടായി. അപ്പോൾ ﴿وَيَسْتَفْتُونَكَ فِي النِّسَاءِ﴾ "സ്ത്രീകളുടെ വിഷയത്തിൽ അവർ താങ്കളോട് വിധി ചോദിക്കുന്നു" എന്ന വചനം അവതരിച്ചു. ആയിശ ﵂ പറയുന്നു: 'മറ്റൊരിടത്ത് അല്ലാഹുവിന്റെ വചനം ﴿وَتَرْغَبُونَ أَن تَنكِحُوهُنَّ﴾ "നിങ്ങൾ വിവാഹം കഴിക്കാൻ മോഹിക്കുകയും ചെയ്യുന്ന അനാഥ സ്ത്രീകളുടെ കാര്യത്തിലും...... "(നിസാഅ്: 127)

സൗന്ദര്യവും സമ്പത്തുമില്ലാത്ത അനാഥ ബാലികമാരെ വേളികഴിക്കാൻ വിമ്മിഷ്ടം കാണിക്കുന്നവരോട്, അവ രണ്ടുമുള്ളവരെ നോക്കി വിവാഹം കഴിക്കുമ്പോൾ നീതി മുറയോടു കൂടി വർത്തിക്കണമെന്നാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. (ബുഖാരി)

03 ബഹുഭാര്യത്വം സ്വീകരിക്കുന്നവർ ഭാര്യമാരോട് നീതി പുലർത്തുവാൻ കഴിയില്ലെന്നു ഭയപ്പെട്ടാൽ ഏക ഭാര്യയേ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നു. അല്ലാഹുവിന്റെ വചനം ശ്രദ്ധിക്കുക.

﴿فَإِنْ خِفْتُمْ أَلَّا تَعْدِلُوا فَوَاحِدَةً أَوْ مَا مَلَكَتْ أَيْمَانُكُمْ ۚ ذَٰلِكَ أَدْنَىٰ أَلَّا تَعُولُوا﴾ [النساء: ٣]

"എന്നാൽ അവർ (ഭാര്യമാർ)ക്കിടയിൽ നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം വിവാഹം കഴിക്കുക. അല്ലെങ്കിൽ നിങ്ങളുടെ

അധീനതയിലുള്ള അടിമ സ്ത്രീയെ ഭാര്യയെപ്പോലെ സ്വീകരിക്കുക" (നിസാഅ്: 3)

സ്ത്രീയോടുള്ള ആദരവുകൊണ്ടല്ലേ ഇങ്ങനെ ഒരു നിർദ്ദേശം ഖുർആൻ പഠിപ്പിക്കുന്നത്?.

04 അനന്തരാവകാശ സ്വത്തിൽ സ്ത്രീകൾക്ക് നിർണ്ണിതമായ വിഹിതത്തിന് അവകാശമുണ്ടെന്ന് പഠിപ്പിക്കുന്നു. എന്നാൽ ഇസ്‌ലാമിന്റെ ആഗമനത്തിന് മുമ്പ് ജാഹിലിയ്യാ കാലഘട്ടത്തിൽ അനന്തരാവകാശത്തിന്റെ അവകാശം സ്ത്രീകൾക്ക് നൽകാതെ പുരുഷന്മാർക്ക് മാത്രം നൽകുന്ന പതിവായിരുന്നു നിലനിന്നിരുന്നത്. ഇത് അല്ലാഹു വിലക്കുകയും ഇപ്രകാരം പറയുകയും ചെയ്തു.

﴿لِّلرِّجَالِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ وَلِلنِّسَآءِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ مِمَّا قَلَّ مِنْهُ أَوْ كَثُرَ نَصِيبًا مَّفْرُوضًا﴾ [النساء: ٧]

"മാതാപിതാക്കളും അടുത്ത ബന്ധുകളും വിട്ടേച്ചു പോയ ധനത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്, സ്ത്രീകൾക്കും ഓഹരിയുണ്ട്. (ആ ധനം) കുറച്ചാകട്ടെ, കൂടുതലാകട്ടെ അത് നിർണയിക്കപ്പെട്ട ഓഹരിയാകുന്നു. (നിസാഅ്: 7)

05 അനന്തരാവകാശ സ്വത്തിന്റെ അർഹത സ്ത്രീ പുരുഷന്മാർക്കിടയിൽ ആപേക്ഷികമായ ഏറ്റവ്യത്യാസം ഉണ്ടെന്നുണർത്തുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿يُوصِيكُمُ ٱللَّهُ فِيٓ أَوْلَٰدِكُمْ لِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ﴾ [النساء: ١١]

"നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു

നിങ്ങൾക്ക് നിർദ്ദേശം നൽകുന്നു. ആണിന് രണ്ടു പെണ്ണിന്റേതിനു തുല്യമായ ഓഹരിയാണുള്ളത് " (നിസാഅ്: 11)

അഥവാ രണ്ടു പെണ്ണിനുള്ള വിഹിതം ഒരാണിന് അർഹതപ്പെട്ടതാണെന്ന് ഖുർആൻ പഠിപ്പിക്കുന്നത്. കാരണം സ്ത്രീകളെ അപേക്ഷിച്ച് കുടുംബത്തിന് ചിലവു വഹിക്കേണ്ട ബാധ്യതയും, സ്ത്രീകൾക്ക് വിവാഹമൂല്യം നൽകേണ്ടതുമെല്ലാം പുരുഷനാണ് എന്നാണ് ഖുർആൻ പറയുന്നത്.

ഇബ്നു അബ്ബാസ് ﵄ വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു 'അനന്തരാവകാശം ആൺകുട്ടികൾക്കും, വസ്വിയ്യത്തു മാതാപിതാക്കൾക്കുമായിരുന്നു. എന്നാൽ അതിൽ നിന്ന് അല്ലാഹു ഉദ്ദേശിച്ചത് അവൻ ദുർബലമാക്കുകയുണ്ടായി. ശേഷം ഒരു പുരുഷന് രണ്ട് പെണ്ണിന്റെ വിഹിതവും മാതാപിതാക്കൾക്ക് ഓരോരുത്തർക്കും ആറിലൊന്ന്, മൂന്നിലൊന്ന് എന്നിങ്ങനെയും ഭാര്യക്ക് എട്ടിലൊന്ന്, നാലിലൊന്ന് പ്രകാരവും, ഭർത്താവിന് പകുതി, നാലിലൊന്ന് എന്നീ ക്രമത്തിലും അവകാശം നിശ്ചയിച്ച് കൊടുത്തു. (ബുഖാരി)

06 പരസ്പര ധാരണയോടെ ഭാര്യക്ക് ഭർത്താവ് വിവാഹ മൂല്യം നൽകണമെന്ന് ആജ്ഞാപിക്കുന്നു.

﴿ وَءَاتُواْ ٱلنِّسَآءَ صَدُقَٰتِهِنَّ نِحۡلَةٗۚ فَإِن طِبۡنَ لَكُمۡ عَن شَيۡءٖ مِّنۡهُ نَفۡسٗا فَكُلُوهُ هَنِيٓـٔٗا مَّرِيٓـٔٗا ﴾

[النساء: ٤]

"സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനസംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന്

വല്ലതും സന്മനസോടെ അവർ വിട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷപൂർവ്വം സുഖമായി ഭക്ഷിച്ച് കൊള്ളുക" (നിസാഅ്: 4)

ഇബ്നു അബ്ബാസ് ؓ പറയുന്നു: 'വിവാഹമൂല്യം സംതൃപ്തമായി നൽകണമെന്നും, അത് അനിവാര്യ ബാധ്യതയും പുരുഷന്റെ കടമയാണെന്നും ഉണർത്തുന്നു. മാത്രമല്ല സ്ത്രീകൾ സ്വമേധയാ, സംതൃപ്തിയായി വിട്ടുതരുന്നുവെങ്കിലേ അതിൽ നിന്നും ഉപജീവിതം കഴിക്കാൻ പാടുള്ളൂ എന്നും ഉപദേശിക്കുന്നു'

07 ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോട് സദാചാര മര്യാദ പ്രകാരം പെരുമാറണമെന്ന് അനുശാസിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَعَاشِرُوهُنَّ بِٱلْمَعْرُوفِ﴾ [النساء: ٤]

"അവരോട് നിങ്ങൾ മര്യദയോടെ സഹവർത്തിക്കേണ്ടതുമാണ്" (നിസാഅ്: 19)

നിങ്ങളുടെ സംസാരം, പെരുമാറ്റം, ക്രയവിക്രയം എന്നിവയിലെല്ലാം ഭാര്യമാരോട് ഏറ്റവും നല്ലനിലയിൽ നിങ്ങൾ വർത്തിക്കുക. ഭാര്യമാർ നിങ്ങളോടു എങ്ങനെ പെരുമാറണമെന്ന് അവർ ആഗ്രഹിച്ചുവോ അതേപോലെ നിങ്ങളും പെരുമാറുക. അല്ലാഹു പറയുന്നു:

﴿وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ﴾ [البقرة: ٢٢٨]

"സ്ത്രീകൾക്ക് (ഭർത്താക്കന്മാരോട്) ബാദ്ധ്യതകൾ ഉള്ളതു പോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്" (ബഖറ: 228)

നബി ﷺ പറഞ്ഞിരിക്കുന്നു:നിങ്ങളിൽ അത്യുത്തമൻ നിങ്ങളുടെ പത്നിമാരോട് ഏറ്റവും നന്നായി വർത്തിക്കുന്നവനത്രെ. ഞാൻ എന്റെ പത്നിയോട് നിങ്ങളേവരേക്കാളും ഏറ്റവും നന്നായി വർത്തിക്കുന്നവനാകുന്നു' (തുർമുദി)

08 പത്നിമാരോട് ഏതെങ്കിലും കാര്യത്തിൽ വെറുപ്പുണ്ടെങ്കിലും അവരോട് നന്മയോടെ വർത്തിക്കണമെന്ന് ആജ്ഞാപിക്കുന്നു. അല്ലാഹു പറയുന്നു:

﴿فَإِن كَرِهۡتُمُوهُنَّ فَعَسَىٰٓ أَن تَكۡرَهُواْ شَيۡـٔٗا وَيَجۡعَلَ ٱللَّهُ فِيهِ خَيۡرٗا كَثِيرٗا﴾

[النساء: ١٩]

“ഇനി നിങ്ങൾക്ക് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം” (നിസാഅ്: 19)

അഥവാ, നിങ്ങൾക്ക് അനിഷ്ടകരമായ വല്ലതും (പത്നിമാരിൽ) കണ്ടാൽ തന്നെ നിങ്ങൾ അവരോട് സഹനത്തോടും നന്മയോടും പെരുമാറുകയും ഒരുമിച്ചു കഴിയുകയും ചെയ്യുന്നുവെങ്കിൽ ഐഹികവും, പാരത്രീകവുമായി ധാരാളം നന്മ അല്ലാഹു ചൊരിഞ്ഞേക്കാം എന്നാണ് സൂചിപ്പിക്കുന്നത്.

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: 'അത്തരം സ്വഭാവമുള്ളതോടൊപ്പം മൃദുലമായി പെരുമാറുന്നുവെങ്കിൽ അതിൽ ധാരാളം നന്മയുണ്ടായേക്കാം'

മറ്റൊരു പ്രവാചക വചനം കാണുക; 'ഒരു വിശ്വാസിയും ഒരു വിശ്വാസിനിയെ (ഭാര്യയെ) വേർ പിരി

ക്കരുത്. അവളിലെ ഏതെങ്കിലും ഒരു സ്വഭാവം നിങ്ങൾക്ക് അനിഷ്ടമാണെങ്കിൽ മറ്റേതെങ്കിലും സ്വഭാവം നിങ്ങളെ സംതൃപ്തിപ്പെടുത്തുന്നതുമുണ്ടായേക്കാം' (മുസ്‌ലിം). അഥവാ പരസ്പരം ദേഷ്യപ്പെട്ടു മോചനത്തിന് ഇടയാവരുത് എന്ന് ഉണർത്തുന്നു.

09 ഭാര്യയെ വിവാഹ മോചനം ചെയ്യുന്നുവെങ്കിൽ അവർക്ക് നൽകിയ വിവാഹമൂല്യം തിരിച്ചുവാങ്ങാൻ പാടില്ല. അല്ലാഹു പറഞ്ഞിരിക്കുന്നു

﴿وَإِنْ أَرَدتُّمُ ٱسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ وَءَاتَيْتُمْ إِحْدَىٰهُنَّ قِنطَارًا فَلَا تَأْخُذُوا۟ مِنْهُ شَيْـًٔا ۚ أَتَأْخُذُونَهُۥ بُهْتَـٰنًا وَإِثْمًا مُّبِينًا﴾ [النساء: ٢٠]

"നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ച് വാങ്ങരുത്. ഇണകളെ ആരോപണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമ്മം ചെയ്തുകൊണ്ടും നിങ്ങളത് മേടിക്കുകയോ?" (നിസാഅ്: 20)

ഈ വചനത്തിൽ നിന്നും മനസ്സിലാവുന്ന വസ്തുത, ഒരാൾ തന്റെ നിലവിലുള്ള ഭാര്യയെ വിവാഹമോചനം നടത്തി മറ്റൊരു സ്ത്രീയെ ഭാര്യയാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ആദ്യ ഭാര്യക്ക് നൽകിയ വിവാഹമൂല്യത്തിൽ നിന്ന് ഒന്നും തിരിച്ച് വാങ്ങാൻ പാടില്ല എന്നാകുന്നു. അത് എത്ര കൂടുതലായിരുന്നുവെങ്കിലും ശരി. അല്ലാഹു പറയുന്നു:

﴿وَكَيۡفَ تَأۡخُذُونَهُۥ وَقَدۡ أَفۡضَىٰ بَعۡضُكُمۡ إِلَىٰ بَعۡضٖ وَأَخَذۡنَ مِنكُم مِّيثَٰقًا غَلِيظٗا﴾ [النساء: ٢١]

"നിങ്ങളന്യോന്യം കൂടിച്ചേരുകയും അവർ നിങ്ങളിൽ നിന്ന് കനത്ത ഒരു കരാർ വാങ്ങുകയും ചെയ്തു കഴിഞ്ഞിരിക്കെ നിങ്ങൾ അത് എങ്ങനെ മേടിക്കും" (നിസാഅ്: 21)

ഇവിടെ കരാർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭാര്യാഭർത്താക്കൻമാർക്കിടയിലുള്ള ഉടമ്പടിയാണ് എന്നാണ് ഇബ്നു അബ്ബാസ് رضي الله عنه അഭിപ്രായപ്പെടുന്നത്. അദ്ദേഹം വീണ്ടും പറഞ്ഞു 'നബി ﷺ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "ഒന്നുകിൽ അവരെ നല്ല നിലയിൽ വെച്ച് കൊണ്ടിരിക്കുക, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ച് വിടുക" എന്നതും അവരോടുള്ള ആദരവിനെ സൂചിപ്പിക്കുന്നതാണ്. അവിടുന്ന് ഇപ്രകാരം പറയുകയുണ്ടായി 'നിങ്ങൾ സ്ത്രീകളോട് നല്ലനിലയിൽ വർത്തിക്കണം. കാരണം അല്ലാഹുവിന്റെ പേരിൽ ഒരു അമാനത്ത് എന്ന രൂപത്തിലാണ് നിങ്ങൾ അവരെ സ്വീകരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ വചനം കൊണ്ടു തന്നെ അവരുടെ ജനനേന്ദ്രിയവും അവൻ നിങ്ങൾക്ക് അനുവദിച്ച് തന്നിരിക്കുന്നു' (മുസ്‌ലിം)

10 പരസ്പരം രക്തബന്ധവും മുലകുടി ബന്ധവുമുള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നത് വിലക്കികൊണ്ടുള്ള ഇസ്‌ലാമിക നിയമം, സ്ത്രീകളോടുള്ള ഉദാത്തമായ ആദരവിന്റെ മകുടോദാഹരണമാണ്. അല്ലാഹു പറയുന്നു:

﴿ حُرِّمَتْ عَلَيْكُمْ أُمَّهَٰتُكُمْ وَبَنَاتُكُمْ وَأَخَوَٰتُكُمْ وَعَمَّٰتُكُمْ وَخَٰلَٰتُكُمْ وَبَنَاتُ ٱلْأَخِ وَبَنَاتُ ٱلْأُخْتِ وَأُمَّهَٰتُكُمُ ٱلَّٰتِىٓ أَرْضَعْنَكُمْ وَأَخَوَٰتُكُم مِّنَ ٱلرَّضَٰعَةِ وَأُمَّهَٰتُ نِسَآئِكُمْ وَرَبَٰٓئِبُكُمُ ٱلَّٰتِى فِى حُجُورِكُم مِّن نِّسَآئِكُمُ ٱلَّٰتِى دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُوا۟ دَخَلْتُم بِهِنَّ فَلَا جُنَاحَ عَلَيْكُمْ وَحَلَٰٓئِلُ أَبْنَآئِكُمُ ٱلَّذِينَ مِنْ أَصْلَٰبِكُمْ وَأَن تَجْمَعُوا۟ بَيْنَ ٱلْأُخْتَيْنِ إِلَّا مَا قَدْ سَلَفَ ۗ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴾ [النساء: ٢١]

"നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃ സഹോദരിമാർ, മാതൃസഹോദരിമാർ, സഹോദര പുത്രിമാർ, സഹോദരീ പുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മ മാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങ ൾ ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളുമായും, നിങ്ങളുടെ സംരക്ഷണ ത്തിലുള്ള വളർത്തു പുത്രിമാരും, (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). ഇനി നിങ്ങൾ അവരുമായി ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്കു കുറ്റ മില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രന്മാരുടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു), രണ്ടു സഹോദരിമാരെ ഒന്നിച്ചു ഭാര്യമാരാക്കുന്നതും (നിഷി ദ്ധമാകുന്നു), മുമ്പു ചെയ്തു പോയതൊഴികെ. തീർച്ച യായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനി ധിയുമാകുന്നു" (നിസാഅ്: 23)

അല്ലാഹുവിന്റെ മഹത്തായ യുക്തിയും ഉന്നതമായ ലക്ഷ്യവും, ശുദ്ധപ്രകൃതിയുടെ അനിവാര്യമായ തേട്ടവും അന്തർലീനമായി കിടക്കുന്ന ഒരു സംവിധാനമാണിത് എന്നു മനസിലാക്കാൻ പ്രയാസമില്ല. ഉദാഹരണത്തിന് രണ്ടു സഹോദരിമാരെ ഒരുമിച്ച് വിവാഹം കഴിക്കുന്നത് പരസ്പര വിദ്വേഷത്തിന് കാരണമാവുന്നപോലെ.

# പുരുഷാധിപത്യം എന്തുകൊണ്ട്?

01 പ്രവാചകൻ ﷺ പറഞ്ഞിരിക്കുന്നു: 'ആദം സന്തതികൾ ഓരോരുത്തരും നേതാക്കളാണ്. പുരുഷൻ തന്റെ ഭാര്യയുടെയും സ്ത്രീ വീട്ടിലേയും കൈകാര്യ കർത്താവാണ്'. (ഈ ഹദീസ് നാസിറുദ്ദീൻ അൽബാനി) സ്വഹീഹാണ് എന്ന് പറഞ്ഞിരിക്കുന്നു).

സ്ത്രീകളെ അപേക്ഷിച്ച് പുരുഷന് കൂടുതൽ അധികാരം നൽകിയത് എന്തുകൊണ്ട് എന്ന് നാം ആലോചിക്കുമ്പോൾ നമുക്ക് ഇപ്രകാരം മനസിലാക്കാം. വ്യവസ്ഥാപിതമായൊരു സമൂഹത്തിന്റെ നിദാനവും, സുസ്ഥിരമായൊരു ജീവിതത്തിനു ഉണ്ടായിരിക്കേണ്ട അനിവാര്യ ഗുണവുമാണിത്. മാത്രമല്ല, ഭരണാധികാരി കളോടും, നേതാക്കളോടും ഇതിനെ താരതമ്യം ചെയ്യാവുന്നതുമാണ്. അതോടൊപ്പം മാനുഷികവും ഇസ്ലാമികവുമായ ഒരു സമൂഹത്തിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട മഹൽ ഗുണവുമത്രെ. ഭരണാധികാരിയെ അപേക്ഷിച്ച് മതപരമോ, വൈജ്ഞാനികമോ ആയ എത്ര ഉന്നതി നേടിയവരായിരുന്നാലും അവർക്ക് നേതൃത്വത്തെ ധിക്കരിക്കാൻ അവകാശവുമില്ല.

ഇവിടെ പുരുഷൻ സ്ത്രീയെ ഭാര്യയാക്കുന്നതിലൂടെയാണ്, അയാൾ അവളുടെ മേൽ അധികാരമുള്ള

വനായി മാറുന്നത്. അവൻ അതിന് അർഹനുമാണ്. താഴെ പറയുന്ന കാരണങ്ങൾ അതിന് ഉപോൽബലം നൽകുന്നു. സ്ത്രീയെ അപേക്ഷിച്ച് ജീവിതത്തിന്റെ പരുഷമായ യാഥാർത്ഥ്യങ്ങളോട് സമരസപ്പെടാൻ കഴിവുള്ളത് പുരുഷനാണ്. സ്ത്രീയുടെ സമ്പൂർണ്ണമായ സംരക്ഷണ ചുമതലയും അവന്നുതന്നെ, ഭീമമായ പദ്ധതികൾ നിയന്ത്രിക്കുവാനും, യുദ്ധത്തിനും, സംഘട്ടനങ്ങൾക്കും നേതൃത്വം നൽകുവാനും, രാഷ്ട്രങ്ങളുടെ നേതൃത്വവും പുരുഷന്മാരിലാണ് അർപ്പിതമായിരിക്കുന്നത്. ഇപ്രകാരം സുപ്രധാനമായ പല കാര്യങ്ങളുടേയും ഉത്തരവാദിത്വം ഏൽപ്പിക്കപ്പെടുന്നതും പുരുഷന്മാരിലാണ്.

02 ഈ വസ്തുത പഠിപ്പിക്കാനായി പടച്ചവൻ പരിചയപ്പെടുത്തിയ പദം പോലും നിങ്ങൾ ഒന്ന് ശ്രദ്ധിച്ചു നോക്കുക. "പുരുഷന്മാർ സ്ത്രീകളുടെ മേൽ അധികാരമുള്ളവരാണ്" എന്ന് പ്രയോഗിച്ചില്ല. മറിച്ച് അതിനെക്കാൾ സൂക്ഷ്മമായ

﴿ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ﴾ [النساء: ٣٤]

"പുരുഷന്മാർ സ്ത്രീകളുടെമേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു" എന്നാണ് പറഞ്ഞത്. അഥവാ അവരുടെ സംരക്ഷകരും, അവർക്ക് ചെലവു വഹിക്കേണ്ടവരും അവരോടു നീതിയോടെ വർത്തിക്കേണ്ടവരുമാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അല്ലാതെ സ്ത്രീകളെ അടിച്ചമർത്തണമെന്നോ അവർക്കുമേൽ ആധിപത്യം സ്ഥാപിക്കണമെന്നോ സൂചനയില്ല. (സ്ത്രീ, ഇസ്‌ലാമിനും, ജാഹിലിയ്യത്തിനും മധ്യേ: 130)

# നിയന്ത്രണാധികാരം പുരുഷന്മാർക്ക്

01 അല്ലാഹു പറയുന്നു:

﴿ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعْضَهُمْ عَلَىٰ بَعْضٍ وَبِمَآ أَنفَقُوا۟
مِنْ أَمْوَٰلِهِمْ ۚ فَٱلصَّٰلِحَٰتُ قَٰنِتَٰتٌ حَٰفِظَٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُ ۚ وَٱلَّٰتِى
تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهْجُرُوهُنَّ فِى ٱلْمَضَاجِعِ وَٱضْرِبُوهُنَّ ۖ فَإِنْ
أَطَعْنَكُمْ فَلَا تَبْغُوا۟ عَلَيْهِنَّ سَبِيلًا ۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا﴾ [النساء: ٢١]

"പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറുവിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയതു കൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചെലവഴിച്ചതു കൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണ ശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷന്മാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നുനിൽക്കുക, അവരെ അടിക്കുകയും ചെയ്തു കൊള്ളുക, എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗ്ഗവും

തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനു മാകുന്നു" (നിസാഅ്: 34)

ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ മഹാനായ ഇബ്നു കഥീർ പറയുകയുണ്ടായി; 'സ്ത്രീകളുടെ നേതൃത്വവും, അവരെ സംസ്കരിക്കേണ്ടതുമായ ബാധ്യത പുരുഷന്മാർ ക്കാണ്. കാരണം ആപേക്ഷികമായി സ്ത്രീകളേക്കാൾ ശ്രേഷ്ഠത അവർക്കാണ്. പ്രകൃതിപരമായും സ്ത്രീകളെ അപേക്ഷിച്ച് ഗുണ ഗണങ്ങളുള്ളത് പുരുഷന്മാർക്കാണ്. അതുകൊണ്ടാണ് പ്രവാചകത്വത്തിന്റെ ബാധ്യതക്കായി അല്ലാഹു പുരുഷന്മാരെ തെരഞ്ഞെടുത്തത്. സമൂഹ ത്തിന്റെ കൈകാര്യകർത്താക്കളും പുരുഷൻമാരായിരിക്ക ണമെന്നാണ് നബി വചനങ്ങൾ പഠിപ്പിക്കുന്നത്. അവി ടുന്ന് പറഞ്ഞു: 'സ്ത്രീകളെ കൈകാര്യകർത്താക്കളാ ക്കുന്ന ജനത വിജയിക്കുകയില്ല' (ബുഖാരി) ഇത് എല്ലാ രംഗങ്ങളിലും ബാധകമാകുന്നു. എന്തു കൊണ്ടെന്നാൽ സ്ത്രീകളുടെ പ്രകൃതിയും അടിസ്ഥാനപരമായ അവ രുടെ ബാധ്യതയും ഗർഭം ധരിക്കുക, പ്രസവിക്കുക, സന്താ നങ്ങളെ സംരക്ഷിക്കുക അതിലൂടെ ഒരു പുതിയ നൂറ്റാണ്ടിന്റെ മുസ്‌ലിമിനാവശ്യമുള്ള വിദ്യാഭ്യാസവും മതവും ഉണ്ടാക്കുക എന്നതാകുന്നു.

02 അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَبِمَآ أَنفَقُواْ مِنۡ أَمۡوَٰلِهِمۡ﴾

"അവരുടെ സമ്പത്തിൽ നിന്ന് അവർ ചിലവഴിക്കു ന്നതിനാലും"- അഥവാ വിവാഹമൂല്യം, അവരുടെ ചെല

വുകൾ, എന്നീ കാരണത്താലും, വിശുദ്ധ ഖുർആനിലും സുന്നത്തിലും അനുശാസിക്കുന്ന കൽപനകളാലും സ്ത്രീകളുടെമേൽ നിയന്ത്രണാധാകാരം പുരുഷനാകുന്നു. അല്ലാഹു പറയുന്നു:

﴿وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ﴾ [البقرة: ٢٢٨]

"എന്നാൽ പുരുഷന്മാർക്ക് അവരെക്കാളുപരി ഒരു പദവിയുണ്ട്" (ബഖറ- 228)

ഇക്കാരണങ്ങൾ കൊണ്ട് തന്നെ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ഭർത്താവിനെ അനുസരിക്കുവാനും, നല്ലനിലയിൽ വർത്തിക്കുവാനും, അവന്റെ സമ്പത്ത് സംരക്ഷിക്കുവാനും സ്ത്രീ കടമപ്പെടുകയും ചെയ്തിരിക്കുന്നു.

സ്ത്രീകളിൽ മഹത്വമുള്ളവരെക്കുറിച്ച് വിശേഷിപ്പിക്കുമ്പോൾ ഖുർആൻ പറഞ്ഞത് അവർ ഭക്തകളും ഭർത്താക്കന്മാരോട് അനുസരണശീലയുള്ളവരും ഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ സമ്പത്തും, ശരീരവും സൂക്ഷിക്കുകയും ചെയ്യുന്നവരുമാകുന്നു എന്നാണ്.

# ഗുണദോഷിക്കുന്ന ഭർത്താവ്

01 അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَٱلَّٰتِي تَخَافُونَ نُشُوزَهُنَّ﴾ [النساء: ٣٤]

"എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക" (നിസാഅ്: 34)

അഥവാ, ഭർത്താക്കൻമാരോട് അനുസരണക്കേട് കാണിക്കുമെന്ന് ഭയപ്പെടുന്ന സ്ത്രീകളെ ഉപദേശിക്കാമെന്നതാണ് ഈ വചനം പഠിപ്പിക്കുന്നത്. ഭർത്താവിനേക്കാൾ ഔന്നത്യം നടിക്കുകയോ, അദ്ദേഹത്തിന്റെ കൽപനകളെ തിരസ്കരിക്കുക, അദ്ദേഹത്തോടു കോപിക്കുക പോലെയുള്ള ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന ഭാര്യയെ ഉപദേശിക്കേണ്ടതാണ്. ഭർത്താവിനോടു അനുസരണക്കേടു കാണിച്ചാൽ ഉണ്ടായേക്കാവുന്ന അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് അവളെ ഓർമ്മപ്പെടുത്തുകയും ചെയ്തിരിക്കണം. ഭർത്താവിനോട് അനുസരണ ശീലയുള്ള സ്ത്രീക്കുള്ള മഹത്വത്തെക്കുറിച്ച് അവളെ ബോധ്യപ്പെടുത്തണം. ഈ കാര്യം സൂചിപ്പിച്ചുകൊണ്ട് നബി ﷺ പറഞ്ഞിരിക്കുന്നു;

'ഒരാൾ മറ്റൊരാൾക്ക് സുജൂദ് ചെയ്യണമെന്ന് കൽപ്പിക്കുകയായിരുന്നുവെങ്കിൽ അതിനുള്ള അർഹത ഭാര്യ ഭർത്താവിന് സുജൂദ് ചെയ്യുവാനായിരുന്നു' (തുർമുദി)

വീണ്ടും അവിടുന്ന് പറഞ്ഞു: 'ഒരാൾ തന്റെ ഭാര്യയെ അയാളുടെ കിടപ്പറയിലേക്ക് ക്ഷണിക്കുകയും, അവൾ വിസമ്മതിക്കുകയുമാണെങ്കിൽ പുലരുവോളം അല്ലാഹുവിന്റെ മലക്കുകൾ അവളെ ശപിക്കുന്നതാണ്' (ബുഖാരി)

മറ്റൊരു വചനം കാണുക: 'ഒരു സ്ത്രീ ഭർത്താവിനോട് വെറുപ്പ് പ്രകടിപ്പിക്കുകയും അദ്ദേഹത്തിന്റെ കിടപ്പറയിൽ നിന്നകന്ന് രാത്രി കഴിച്ചുകൂട്ടുകയും ചെയ്യുന്നുവെങ്കിൽ നേരം പുലരുന്നതു വരെയും മലക്കുകൾ അവളെ ശപിക്കുന്നതായിരിക്കും. (മുസ്‌ലിം)

02 അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَٱهۡجُرُوهُنَّ فِي ٱلۡمَضَاجِعِ﴾ [النساء: ٣٤]

കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക" (നിസാഅ്: 34) ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു; 'അകന്നു നിൽക്കുക എന്നതു കൊണ്ടുദ്ദേശിക്കുന്നത് അവളുമായി ലൈംഗീക ബന്ധത്തിലേർപ്പെടാതെയും, വിരിപ്പിൽ അവളുമായി പങ്കാളിയാവാതെ, പരസ്പരം സംസാരിക്കാതെ കഴിച്ച് കൂട്ടുക എന്നാകുന്നു.

ഉപദേശം സ്വീകരിക്കുമെങ്കിൽ ഉപദേശം മതിയാകും. എന്നാൽ അത് ഫലപ്രദമല്ലെങ്കിൽ കിടപ്പറ വെടിയുകയും മുകളിൽ പറഞ്ഞ രീതിയിൽ സമീപിക്കുകയും ചെയ്തിരിക്കണമെന്നാണ് നിർദ്ദേശം. ഈ സമീപനം കൊണ്ടു തന്നെ അവൾ നന്നാവാൻ സാധ്യതയുണ്ടെന്ന് സൂചിപ്പിക്കുന്നു.

03 മൂന്നാമത്തെ സമീപനം ഖുർആൻ നിർദ്ദേശിക്കുന്നത് ﴿وَٱضۡرِبُوهُنَّ﴾ "അവരെ അടിക്കണം" എന്നതാകുന്നു.

മുകളിൽ പറഞ്ഞ രണ്ടു സമീപനം കൊണ്ടു അവൾ നന്നായി വരാതിരിക്കുകയും, അനുസരണക്കേടിൽ തന്നെ കഴിയുകയും ചെയ്യുന്നുവെങ്കിൽ സ്വീകരിക്കേണ്ട രീതി യാണിത്. അപ്പോൾ തന്നെ മുറിവ് പറ്റുന്ന രൂപത്തിൽ അടിക്കാവതല്ല. ഹസനുൽ ബസ്വരി رحمه الله പറയുന്നു; 'ശരീര ത്തിൽ പാടു വീഴുന്ന രൂപത്തിൽ അടിക്കുവാൻ പാടില്ല'

കർമ്മശാസ്ത്ര പണ്ഡിതർ പറഞ്ഞത് അവയവങ്ങൾക്ക് പൊട്ടലോ, ശരീരത്തിൽ പാടുണ്ടാക്കുന്നതോ ആയ രൂപ ത്തിൽ അടിക്കാൻ പാടില്ല എന്നാകുന്നു.

**A** ഗ്രന്ഥകാരന്റെ വീക്ഷണം: നബി ﷺ പറഞ്ഞതനുസരിച്ച് സ്ത്രീകളുടെ മുഖത്ത് അടിക്കു വാൻ പാടില്ല എന്നാകുന്നു. കാരണം നബി ﷺ പറഞ്ഞു; 'നിങ്ങൾ അടിക്കുന്നുവെങ്കിൽ മുഖത്ത് അടിച്ച്കൂടാ, നിശ്ചയം ആദമിനെ അല്ലാഹു സൃഷ്ടിച്ചത് അവന്റെ രൂപത്തിലാകുന്നു' (അഹ്മദ്)

**B** 'നിങ്ങൾ മറ്റൊരു സഹോദരനുമായി പോരടിക്കുന്നു വെങ്കിൽ അവന്റെ മുഖത്തടിക്കരുത്' (മുസ്‌ലിം)

**C** നിങ്ങൾ അടിക്കുമ്പോൾ മുഖത്തടിക്കാൻ പാടില്ല. നിന്റെ മുഖം വികൃതമാവട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യരുത്' (അഹ്മദ്)

**04** അടുത്ത ഘട്ടം അല്ലാഹു പറയുന്നത് കാണുക.

﴿فَإِنْ أَطَعْنَكُمْ فَلَا تَبْغُوا عَلَيْهِنَّ سَبِيلًا﴾ [النساء: ٣٤]

"നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗ്ഗവും തേടരുത്"

അല്ലാഹു ഒരു പുരുഷന് തന്റെ ഭാര്യയിൽ നിന്ന് എന്തെല്ലാം അനുവദിച്ചിരിക്കുന്നുവോ, അവ ആവശ്യപ്പെടുമ്പോഴെല്ലാം അനുസരണശീലയായി അവൾ അംഗീകരിക്കുവാൻ തയ്യാറാവുകയാണെങ്കിൽ, അയാൾ അവൾക്കെതിരിൽ ഒരു മാർഗ്ഗവും സ്വീകരിക്കുവാൻ പാടില്ല. അടിക്കുവാനോ കിടപ്പറയിൽ നിന്ന് വെടിയുവാനോ പാടില്ല.

05 പ്രസ്തുത വചനം അവസാനിക്കുന്നത് ഇപ്രകാരമാണ്.

﴿إِنَّ ٱللَّهَ كَانَ عَلِيمًا خَبِيرًا﴾ [النساء: ٣٤]

'തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു"

സ്ത്രീകൾക്കെതിരെ അതിക്രമം കാണിക്കുന്ന പുരുഷൻമാരെ കഠിനമായി ശാസിക്കുന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ആ സ്ത്രീകളുടെ രക്ഷാകർതൃത്വവും, അവരെ അതിക്രമിക്കുകയോ, അവരോട് പരിധി വിടുകയോ ചെയ്താൽ അത്തരം പ്രവർത്തനം കാണിക്കുന്നവരെ ശിക്ഷിക്കുവാൻ കഴിവുള്ളവനാ ണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. അല്ലാഹു ഉന്നതനും മഹാനുമാകുന്നു.

06 മധ്യവർത്തിത്വം സ്വീകരിച്ചു രമ്യതയുണ്ടാക്കുകയോ, വേർപിരിയുകയോ ചെയ്യുക എന്നതാണ് അവസാന ഘട്ടം. അല്ലാഹു പറയുന്നു:

"ഇനി അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു

മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനത്തിനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (നിസാഅ്: 35)

വിശുദ്ധ ഖുർആനിന്റെ പരാമർശം ശ്രദ്ധിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്ന ശൈലി, ഇപ്രകാരമാണ്. ആദ്യം ഭാര്യമാർക്കുണ്ടാകുന്ന അസ്വാരസ്യത്തെക്കുറിച്ചുള്ള പരാമർശവും പിന്നീടു ഇരു ഇണകൾക്ക് ഇടയിലും സംഭവിച്ചേക്കാവുന്ന അസ്വാരസ്യത്തെക്കുറിച്ചുമാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ പരിഹാരത്തിനായി ഭാര്യയുടെയും ഭർത്താവിന്റെയും പക്ഷത്തുനിന്നുള്ള സുദൃഢരായ മധ്യസ്ഥൻമാർ ഇടപെടണമെന്ന് കൽപ്പിക്കുകയും ചെയ്യുന്നു. ആ മധ്യസ്ഥർ അവരുടെ പരാമർശങ്ങൾ പഠിക്കുകയും ഏറ്റവും ഗുണകരമായ രീതിയിൽ രമ്യതക്ക് വേണ്ടി പരിശ്രമിക്കണമെന്നും, അല്ലെങ്കിൽ അനുയോജ്യമായ രൂപത്തിൽ വേർപിരിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്യുന്നു. ആ സന്ദർഭത്തിലും അല്ലാഹുവിന്റെ താൽപര്യം ഭാര്യാഭർത്താക്കന്മാർക്കിടയിൽ രഞ്ജിപ്പുണ്ടാവലാണ് എന്ന് സൂചിപ്പിക്കുന്നു. അതുകൊണ്ടാണ്

﴿إِن يُرِيدَآ إِصۡلَٰحٗا يُوَفِّقِ ٱللَّهُ بَيۡنَهُمَآ﴾ [النساء: ٣٥]

"ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്" എന്നു പറഞ്ഞിട്ടുള്ളത്

പുരുഷന്റെ ഭാഗത്ത് പോരായ്മകളുണ്ടെങ്കിൽ അത്

പരിഹരിക്കാനും, മറിച്ചാണെങ്കിൽ അതിനുള്ള പരിഹാരം നിർദ്ദേശിക്കുവാനും മധ്യസ്ഥന്മാർ തയ്യാറായിരിക്കണം എന്നാണ് ഈ വചനത്തിൽ പഠിപ്പിക്കുന്നത്. സൂറത്തുന്നിസാഇൽ മാത്രം സ്ത്രീത്വത്തോടു കാണിക്കുന്ന മഹത്തായ മര്യാതയും ആദരവും എത്രമാത്രമാണെന്ന് ഇതിൽ നിന്നു തന്നെ നമുക്ക് മനസിലാക്കാവുന്നതാണ്.

# ഇസ്‌ലാം മാതൃത്വത്തെ ആദരിക്കുന്നു

വിശുദ്ധ ഖുർആനിലെ വചനങ്ങൾ കാണുക:

﴿وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنٗا﴾ [النساء: ٣٦]

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്ക് ചേർക്കാതിരിക്കുകയും മാതാപിതാ ക്കളോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യുക" (നിസാഅ്: 36)

ഇബ്നു അബ്ബാസ് ﵄ പറഞ്ഞു: 'അവർക്കു നന്മ ചെയ്യണമെന്നു പറഞ്ഞാൽ മൃദുലമായി സഹവർത്തിക്കുകയും, പരുഷമായി വർത്തിക്കാതിരിക്കുകയും ചെയ്യുക. ദേഷ്യപ്പെട്ടു കൊണ്ട് അവരിലേക്ക് നോക്കുവാനോ, അവരോട് ശബ്ദം ഉയർത്തുവാനോ പാടില്ല. ഒരു യജമാനന്റെ മുമ്പിൽ അടിമ എപ്രകാരമാണോ അതേപോലെ വിനയത്തോടെ ആയിരിക്കണം അവരോട് പെരുമാറേണ്ടത്'. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَقَضَىٰ رَبُّكَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنًاۚ إِمَّا يَبۡلُغَنَّ عِندَكَ ٱلۡكِبَرَ أَحَدُهُمَآ أَوۡ كِلَاهُمَا فَلَا تَقُل لَّهُمَآ أُفّٖ وَلَا تَنۡهَرۡهُمَا وَقُل لَّهُمَا قَوۡلٗا كَرِيمٗا ٢٣ وَٱخۡفِضۡ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحۡمَةِ وَقُل رَّبِّ ٱرۡحَمۡهُمَا كَمَا رَبَّيَانِي صَغِيرٗا﴾

[الإسراء: ٢٣-٢٤]

അവരിൽ (മാതാപിതാക്കളിൽ) ഒരാളോ, അവരിൽ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക, കാരുണ്യത്തോടു കൂടി എളിമയുടെ ചിറക് നീ അവർക്ക് ഇരുവർക്കും താഴ്ത്തി കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോടു നീ കരുണ കാണിക്കേണമേ എന്നു നീ പറയുകയും ചെയ്യുക" (ഇസ്റാഅ്: 23,24)

അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന് അല്ലാഹു കൽപ്പിക്കുന്ന രണ്ട് വചനങ്ങളിലും അതിനോടനുബന്ധിച്ച് കൽപ്പിച്ച മറ്റൊരു വിഷയം മാതാപിതാക്കൾക്ക് നന്മ ചെയ്യണം എന്നാകുന്നു. ഇതിൽ നിന്നു തന്നെ മാതാപിതാക്കളോടു ആദരവ് കാണിക്കേണ്ടതിന്റെ അനിവാര്യതയും നമുക്ക് മനസ്സിലാക്കാം. സന്താനങ്ങൾ മാതാക്കളോട് ചീത്ത വാക്കുകൾ പറയരുത് എന്ന് വിലക്കുകയും, പരുഷമായി ഒരക്ഷരം പോലും അവരോട് ഉപയോഗിക്കരുത് എന്ന് ഉണർത്തുകയും ചെയ്യുന്നു. മോശമായ രീതിയിൽ മാതാപിതാക്കളോട് സംസാരിക്കരുത്. മാതാപിതാക്കളോട് പൊതുവെയും, മാതാവിനോട് പ്രത്യേകിച്ചും മൃദുലമായും നല്ല രീതിയിലും മാത്രമേ സംസാരിക്കാൻ പാടുള്ളൂ.

നബി ﷺ യുടെ സന്നിധിയിലേക്ക് ഒരാൾ വന്നു കൊണ്ട് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ജനങ്ങ

ളിൽ ആരോടാണ് ഏറ്റവും നല്ല രീതിയിൽ വർത്തിക്കേണ്ടത്? അപ്പോൾ അവിടുന്നു പറഞ്ഞു; 'നിന്റെ മാതാവിനോട്' ആഗതൻ ചോദിച്ചു പിന്നീടു ആരോടാണ്? അദ്ദേഹം പറഞ്ഞു; 'ഉമ്മയോട്' ചോദ്യകർത്താവ് വീണ്ടും അതു തന്നെ ചോദിച്ചു, അപ്പോൾ നബി ﷺ വീണ്ടും പറഞ്ഞു: 'നിന്റെ മാതാവിനോട്', നാലാമത്തെ പ്രാവശ്യം ചോദിച്ചപ്പോൾ അവിടുന്ന് 'നിന്റെ പിതാവിനോട്' എന്നു പറയുകയും ചെയ്തു.

മൂന്ന് പ്രാവശ്യം പ്രവാചകൻ ﷺ ഒരേ ഉത്തരം തന്നെ ആവർത്തിച്ചതിൽ നിന്ന് തന്നെ മാതൃത്വത്തെ വളരെയധികം ഇസ്‌ലാം ബഹുമാനിക്കുന്നുണ്ട് എന്ന് നിനക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.



# ഭാര്യാ ഭർത്താക്കന്മാരുടെ ബാധ്യതകൾ

ഇസ്ലാം ഭാര്യമാരോടു ആദരവു പൂർവ്വം പെരുമാറണ മെന്ന് അനുശാസിക്കുന്നു. പത്നിമാർക്ക് ധാരാളം ബാധ്യ തകൾ ഉണ്ടെന്ന് ഉണർത്തുകയും ചെയ്യുന്നുണ്ട്. മാത്രമല്ല, ഭർത്താക്കന്മാർക്ക് അവരുടെ മേൽ കടമകളുണ്ടെന്ന് പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുത പ്രവാച കൻ ﷺ തന്റെ ചരിത്ര പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗത്തിൽ ധാരാളം മനുഷ്യരെ സാക്ഷിനിർത്തി ക്കൊണ്ട് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട് അവിടുന്ന് പറഞ്ഞു: 'സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹു വിനെ സൂക്ഷിക്കണം. നിശ്ചയം അവരെ നിങ്ങൾ സ്വീകരി ച്ചിരിക്കുന്നത് ഒരു സൂക്ഷിപ്പു സ്വത്ത് എന്ന നിലയിലാണ്. അല്ലാഹുവിന്റെ വചനം കൊണ്ടാണ് നിങ്ങൾക്ക് അവ രുടെ ജനനേന്ദ്രിയം അവൻ അനുവദിച്ച് തന്നിരിക്കു ന്നതും. ഭാര്യമാർ ഭർത്താവിന് ഇഷ്ടമില്ലാത്ത വരെ അവരുടെ വിരിപ്പുകളിൽ പ്രവേശിക്കാൻ അനുവദിച്ച് കൂടാ. അപ്രകാരം ചെയ്യുന്നുവെങ്കിൽ ക്രൂരമല്ലാത്ത, കഠിനമല്ലാത്ത രൂപത്തിൽ അവരെ നിങ്ങൾക്ക് പ്രഹരി ക്കാം. സദാചാര രീതിയിൽ തന്നെ അവർക്കുള്ള വസ്ത്ര വും, ഭക്ഷണവും നൽകേണ്ട ബാധ്യതയും നിങ്ങൾ (പുരു

ഷന്മാർ)ക്കാകുന്നു. ഞാൻ നിങ്ങൾക്കു രണ്ട് കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് പോവുകയാണ്. എന്റെ ശേഷം നിങ്ങൾ അവ രണ്ടും മുറുകെ പിടിക്കുന്നുവെങ്കിൽ നിങ്ങൾ ഒരിക്കലും വഴി പിഴക്കുകയില്ല., അല്ലാഹുവിന്റെ ഗ്രന്ഥവും, എന്റെ ചര്യയുമാണത്. എന്നെക്കുറിച്ച് നിങ്ങളോട് ചോദിക്കുക തന്നെ ചെയ്യും. എങ്കിൽ നിങ്ങൾ എന്തായിരിക്കും പറയുക? അവർ പറഞ്ഞു: 'നിശ്ചയം താങ്കൾ ദൗത്യം പൂർത്തീകരിക്കുകയും, ഉത്തരവാദിത്വം വീട്ടുകയും ഗുണകാംക്ഷയോടെ ഉപദേശിക്കുകയും ചെയ്തിരി ക്കുന്നു എന്നതിന് ഞങ്ങൾ സാക്ഷികളാണ്', അപ്പോൾ അദ്ദേഹം തന്റെ ചൂണ്ടുവിരലുകൾ ആകാശ ത്തേക്ക് ഉയർത്തിക്കൊണ്ട് മൂന്ന് പ്രാവശ്യം ഇപ്രകാരം പറഞ്ഞു; 'അല്ലാഹുവേ, നീ സാക്ഷിയാണ്' (ജാബിർ رضي الله عنه നിവേദനം ചെയ്തതും മുസ്‌ലിം റിപ്പോർട്ടു ചെയ്തതുമായ നബിയുടെ പ്രസംഗം)

# വിശ്വപ്രസിദ്ധമായ പ്രസംഗത്തിന്റെ ഉള്ളടക്കം

01 സ്ത്രീകളുടെ അവകാശങ്ങളെ പ്രത്യേകിച്ചും പരിഗണിക്കണമെന്നും സദാചാരമനുസരിച്ചായിരിക്കണം പെരുമാറേണ്ടതെന്നും പ്രവാചകൻ മനുഷ്യ സമൂഹത്തെ പഠിപ്പിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചു പരാമർശിക്കുന്ന ധാരാളം ഹദീസുകൾ നമുക്ക് കാണാവുന്നതാണ്. മാത്രമല്ല, അവയിൽ വീഴ്ച്ച കാണിക്കുന്നത് സൂക്ഷിക്കണമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

02 മതനിയമാനുസരണമുള്ള വിവാഹത്തിലൂടെ ആയിരിക്കണം സ്ത്രീ പുരുഷ ലൈംഗികബന്ധം അനുവദിക്കപ്പെടുന്നത്. അല്ലാഹു പറയുന്നത് കാണുക,

﴿فَٱنكِحُواْ مَا طَابَ لَكُم مِّنَ ٱلنِّسَآءِ مَثۡنَىٰ وَثُلَٰثَ وَرُبَٰعَ﴾ [النساء: ٣]

"സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ, വിവാഹം ചെയ്തു കൊള്ളുക" (നിസാഅ്: 3)

03 ഭർത്താവിന് ഇഷ്ടമില്ലാത്ത ആരേയും വീട്ടിൽ പ്രവേശിപ്പിക്കാൻ ഭാര്യക്ക് പാടില്ലതന്നെ. ഈ വിഷയത്തിൽ ഇമാം നവവിയുടെ വീക്ഷണം, ഭാര്യയുമായി രക്തബന്ധമുള്ളവരോ മറ്റു സ്ത്രീകളോ, അന്യപുരുഷനോ,

ആരായിരുന്നാലും ഭർത്താവിനിഷ്ടമില്ലാത്തവരാണെങ്കിൽ വീട്ടിൽ പ്രവേശിപ്പിക്കരുത് എന്നാണ്.

04 മുകളിൽ പറഞ്ഞ കാര്യത്തിന് ഭാര്യ എതിർ പ്രവർത്തിക്കുന്ന പക്ഷം വികൃതമാകാത്ത രൂപത്തിൽ അവളെ അടിക്കുവാനും ഇസ്‌ലാം അനുവദിച്ചിരിക്കുന്നു. മുഖത്തടിച്ചു കൂടാ, വിരൂപത ഉണ്ടാക്കുന്ന രൂപത്തിൽ അടിച്ചുകൂടാ. അത് അവരുടെ കേൾവിയേയോ, കാഴ്ച യേയോ ബാധിച്ചേക്കാം എന്നത് കൊണ്ടായിരിക്കാം ഇസ്‌ലാം വിലക്കിയത്.

05 മുഹമ്മദ് ﷺ തന്റെ സമൂഹത്തോടു സാരോപദേശം നടത്തി എന്നും, തന്നിൽ അർപ്പിതമായ ബാധ്യതയും, ഉത്ത രവാദിത്വവും അവിടുന്ന് സംമ്പൂർണ്ണമായി നിർവ്വഹിച്ചു എ ന്നതിന്ന് തന്റെ അനുചരന്മാർ സാക്ഷ്യം വഹിച്ചിരിക്കുന്നു.

06 തന്റെ ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തി പിടിച്ചു കൊണ്ട് പ്രവാചകൻ ﷺ തന്റെ ദൗത്യ നിർവ്വണത്തി ന് അല്ലാഹുവേ നീ സാക്ഷിയാണ് എന്ന് പറയുകയു ണ്ടായി. അല്ലാഹുവിന്റെ ഔന്നത്യത്തെയും അവൻ സിംഹാസനത്തിലാണെന്നുമുള്ള യാഥാർത്ഥ്യവും പ്രവാച കൻ ﷺ ഇതിലൂടെ അംഗീകരിക്കുന്നു.

അല്ലാഹു ആകാശത്തിലാണെന്നു പറയുന്ന വ്യക്തമായ ധാരാളം ആയത്തുകളും ഹദീസുകളും നമുക്ക് കാണാ വുന്നതാണ്. പ്രസിദ്ധരായ നാലു ഇമാമുമാരും അക്കാര്യം പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ തന്നെ അല്ലാഹുവിനെ സംബ ന്ധിച്ച് അവൻ സർവ്വ വ്യാപിയാണ് എന്നു പറയുന്നത്

വസ്തുതക്ക് നിരക്കാത്തതാണ്. ഇപ്രകാരം പറയുന്നവരുടെ ജൽപ്പനം അനുസരിച്ചു ബാത്ത് റൂമുകൾ പോലുള്ള വൃത്തികെട്ട സ്ഥലങ്ങളിൽ പോലും, മാലിന്യമുള്ള സ്ഥലങ്ങളിലും മഹാനായ അല്ലാഹു ഉണ്ട് എന്ന് പറയേണ്ടി വരും. അത് അല്ലാഹുവിന്റെ ഉന്നതിക്ക് യോജിച്ചതല്ല.

എന്നാൽ 'അല്ലാഹു നമ്മോടൊപ്പമാണ്' എന്ന പരാമർശം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വിശുദ്ധ ഖുർആൻ തന്നെ മറ്റു സ്ഥലങ്ങളിൽ വിശദീകരിക്കുന്നുണ്ട്. അതിപ്രകാരമാണ്. 'അല്ലാഹുവിന്റെ സർവ്വ വസ്തുവെയും കുറിച്ചുള്ള സൂക്ഷ്മജ്ഞാനമാണ്, അവൻ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ വചനം കാണുക, മൂസ ﵇ യോടും,ഹാറൂൻ ﵇ യോടുമായി പറഞ്ഞു:

﴿ قَالَ لَا تَخَافَآ إِنَّنِي مَعَكُمَآ أَسۡمَعُ وَأَرَىٰ ﴾ [طه: ٤٦]

"നിശ്ചയം ഞാൻ നിങ്ങളോടൊപ്പമുണ്ട്. (അഥവാ) ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നു" (ത്വാഹാ- 46)



# സ്ത്രീ പുരുഷ സൃഷ്ടിപ്പിന്റെ യുക്തി

01 ജിന്നുകളിലും മനുഷ്യരിലുമായി സ്ത്രീപുരുഷൻ മാരെ അല്ലാഹു സൃഷ്ടിച്ചതുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നത് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന അതി മഹ ത്തായ ഉദ്ദേശത്തിനാണ്. അല്ലാഹുവിനെ കൂടാതെ മറ്റു സൃഷ്ടികളെ ഒന്നും ആരാധിച്ചുകൂടാ, അവനെ മാത്രമേ ആരാധിക്കാവൂ. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ﴾ [الذاريات: ٥٦]

"എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ ജിന്നുകളേയും മനുഷ്യരെയും സൃഷ്ടിച്ചിട്ടില്ല" (ദാരിയാത്ത് 56)

02 വ്യത്യസ്തമായ പ്രകൃതിയോടും ഗുണങ്ങളോടും കഴിവുകളുമായാണ് അല്ലാഹു സ്ത്രീ പുരുഷൻമാരെ സൃഷ്ടിച്ചിരിക്കുന്നത്. അവർക്ക് ഓരോരുത്തർക്കും നിർവ്വ ഹിക്കുവാനുള്ള ഉത്തരവാദിത്വവും അവരുടെ പ്രത്യേക പ്രകൃതിക്ക് അനുയോജ്യമായതാണെന്ന് അല്ലാഹു നിശ്ചയി ക്കുകയും ചെയ്തിരിക്കുന്നു. കാരണം അവന്റെ സൃഷ്ടി കളെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു. ഒരു സൂക്തം കാണുക.

﴿أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ﴾ [الملك: ١٤]

"സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢ രഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മ ജ്ഞാനിയുമാകുന്നു" (മുൽക്ക്- 14)

03 ഉപജീവനാവശ്യാർത്ഥമുള്ള ഭക്ഷണ വിഭവങ്ങൾ തേടിപ്പിടിക്കുക, ഭാര്യക്കും കുട്ടികൾക്കുമുള്ള ചെലവു വഹിക്കുക എന്നിവ പൂർണ്ണമായും കൈകാര്യം ചെയ്യുവാൻ സാധിക്കണമെങ്കിൽ പൊതുവിൽ പുരുഷനായിരിക്കണം. അതിനാൽ തന്നെ പ്രസ്തുത ബാധ്യതകൾ പുരുഷന്മാരുടെ ചുമതലയാണെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അതിനെല്ലാം പരിമിതികളുണ്ട് എന്നതു കൊണ്ടത്രെ ഇത്.

മുകളിൽ പറഞ്ഞ രംഗങ്ങളിൽ ത്യാഗം സഹിച്ചും ക്ഷീണിച്ചും വരുന്ന ഭർത്താവിനെ സന്തോഷത്തോടെ സ്വീകരിക്കുക, അദ്ദേഹത്തിന് ആശ്വാസം നൽകുകയെന്നത് സ്ത്രീയുടെ കടമയത്രെ. അതിലൂടെ പുരുഷന്മാർക്ക് ആശ്വാസവും സമാധാനവും കൈവരികയും ചെയ്യുന്നു. അല്ലാഹു പറയുന്നത് കാണുക:

﴿وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ﴾ [الروم: ٢١]

"നിങ്ങൾക്ക് സമാധാന പൂർവ്വം ഒത്തു ചേരുന്നതിനായി നിങ്ങളിൽ നിന്നു തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്താങ്ങളിൽ

പെട്ടതത്രെ. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (റൂം: 21)

പ്രസവിക്കുക, ഭർത്താവിന്റെ അസാന്നിദ്ധ്യത്തിലും സന്താനങ്ങൾക്ക് ശരിയായ ശിക്ഷണം നൽകി വളർത്തുക എന്നിവയും ഭാര്യമാരുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു.

04 മുകളിൽ പരാമർശിക്കപ്പെട്ട കർത്തവ്യനിർവ്വഹണ ത്തിന് അതിന്റെ പൂർണാർത്ഥത്തിൽ നിർവ്വഹിക്കുവാൻ ഒരു പുരുഷനെക്കൊണ്ട് സാധ്യമല്ല. പാചകം, വസ്ത്രം വൃത്തിയാക്കൽ എന്നിവ അതിനു ഉദാഹരണങ്ങളാണ്.

അപ്രകാരം തന്നെ ഗർഭധാരണം, മുലയൂട്ടൽ എന്നിവ പുരുഷനെ സംബന്ധിച്ചിടത്തോളം അസംഭവ്യവുമാണ്. പുരുഷനെയും സത്രീയെയും പരസ്പരം താരതമ്യം ചെയ്യുകയാണെങ്കിൽ രാപകലുകളെപ്പോലെ വ്യത്യാസങ്ങ ളുള്ളതായി കാണാവുന്നതാണ്. ഓരോരുത്തർക്ക് അവരു ടേതായ ഉത്തര വാദിത്വങ്ങളും കടമകളും നിർവ്വഹിക്കാ നുണ്ട്. വെളിച്ചവും, ചലനാത്മകതയും, കർമ്മോത്സുകത യും പകലിന്റെ പ്രത്യേകതകളാണത്രെ. ജോലിചെയ്ത് ഉപജീവനം കണ്ടെത്തി, കുടുംബത്തെ പോറ്റുവാനുള്ള പുരുഷന്റെ പ്രകൃതിയുമായി പൊരുത്തപ്പെടുന്ന രീതിയി ലാണു പകലിന്റെ പ്രത്യേകതയെ നമുക്ക് താരതമ്യപ്പെടു ത്താവുന്നത്. എന്നാൽ രാത്രി, അത് ശാന്തതയുടെയും, സ്ഥിരതയുടെയും സമാധാനത്തിന്റെയും പ്രതീകമായി വിലയിരുത്താവുന്നതാണ്. സ്ത്രീത്വത്തിന്റെ പ്രകൃതിക്കി ണങ്ങുന്ന സ്വഭാവം.

05 ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്ന വസ്തുത, പുരുഷനും സ്ത്രീക്കും അവർക്ക് ഇണങ്ങുന്ന പ്രകൃതിയാണ് ഉള്ളതെന്നും, അതിൽ മാറ്റമുണ്ടാക്കാൻ പരസ്പരം ശ്രമിക്കുന്നത് ഭൂഷണമല്ല എന്നുമാണ്. മാത്ര വുമല്ല അത് സാധ്യമേയല്ല. പ്രത്യുത അതിലൂടെ വൈരു ദ്ധ്യവും, നിഷേധാത്മകവുമായ ഫലം ഉളവാക്കും എന്നത് യാഥാർത്ഥ്യവുമാണ്. സ്ത്രീകൾക്കോ, സന്താന ങ്ങൾക്കോ, സമൂഹത്തിനോ അത് പ്രതികൂലമാവുകയും ചെയ്തേ ക്കാം. കാരണം സ്ത്രീയുടെ നൈസർഗ്ഗീക പ്രകൃതിക്ക് വിരുദ്ധമായിരിക്കും അത്. ആ പ്രകൃതിയെ മാറ്റി മറിച്ച് കൂടാ. അല്ലാഹു പറയുന്നു:

﴿فَطَرَ ٱلنَّاسَ عَلَيۡهَاۚ لَا تَبۡدِيلَ لِخَلۡقِ ٱللَّهِۚ ذَٰلِكَ ٱلدِّينُ ٱلۡقَيِّمُ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ﴾ [الروم: ٣٠]

"അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടി ച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹു വിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അത ത്രെ വക്രതയില്ലാത്ത മതം. പക്ഷേ മനുഷ്യരിൽ അധിക പേരും മനസിലാക്കുന്നില്ല" (റൂം: 30)

*സ്ത്രീ ഇസ്ലാമിൽ* **( المرأة في الإسلام )** *എന്ന ഗ്രന്ഥം കാണുക. By- ശൈഖ് ഫൈസൽ അൽ മൗലവി(ലബനാനിലെ ഇസ്ലാമിക പണ്ഢിതൻ)*

# പുരുഷന് സ്ത്രീയിൽ നിന്ന് എന്തുണ്ട് വ്യത്യാസം?

പുരുഷന്റെ കടമകളും കടപ്പാടുകളും സ്ത്രീയുടേതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. അതിനാൽ തന്നെ അവർക്കുള്ള മതശാസനകളിലും, നിയമങ്ങളിലും ഈ വ്യത്യാസം കാണാവുന്നതാണ്.

## 01 ശഹാദ: (സാക്ഷി നിൽക്കൽ).

ഒരു കാര്യത്തിനു സാക്ഷ്യം നിർവ്വഹിക്കുവാൻ രണ്ട് പുരുഷന്മാർ ഉണ്ടായിരിക്കണം എന്നാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. രണ്ട് പുരുഷന്മാർ ഇല്ലാതിരുന്നാൽ, അപ്പോൾ രണ്ടു സ്ത്രീയും ഒരു പുരുഷനും സാക്ഷി നിൽക്കണം എന്നും ആവശ്യപ്പെടുന്നു.

﴿فَإِن لَّمْ يَكُونَا رَجُلَيْنِ فَرَجُلٌ وَٱمْرَأَتَانِ مِمَّن تَرْضَوْنَ مِنَ ٱلشُّهَدَآءِ﴾ [البقرة: ٢٨٢]

“ഇനി ഇരുവരും പുരുഷൻമാരായില്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീ കളും (സാക്ഷി)യായിരിക്കേണ്ടതാണ്” (ബഖറ- 282)

ഇത് സ്ത്രീത്വത്തോടു കാണിക്കുന്ന നിന്ദ്യതയോ അവഹേളനയോ കൊണ്ടല്ല, മറിച്ച് അവളുടെ പ്രകൃതിയും സ്വഭാവത്തെയും മനസിലാക്കിക്കൊണ്ടുള്ളതത്രെ. സ്ത്രീ

കളെ സംബന്ധിച്ചിടത്തോളം പുരുഷന്മാരെ അപേക്ഷിച്ചു കുറ്റ കൃത്യങ്ങൾ ചെയ്യാനുള്ള വിമുഖത, സാമ്പത്തിക ക്രയവിക്രയങ്ങളിലുള്ള കുറവ്, എന്നീ കാരണങ്ങൾ കൊണ്ട് അത്തരം രംഗങ്ങളിലുള്ള ശ്രദ്ധക്കുറവ് സ്വഭാവി കമായും ഉണ്ടായേക്കാം. ചിലപ്പോൾ സന്താനസംരക്ഷണം, വീട്ടുകാര്യങ്ങളിലുള്ള ശ്രദ്ധ, മുലയൂട്ടൽ, പ്രസവം, മാസമുറ പോലെയുള്ള അവരുടേതായ കാരണങ്ങളാൽ തന്നെ മറക്കുവാനും അശ്രദ്ധ പിടികൂടാനും സാധ്യതക ളും കൂടുതലാണ്.

ഇക്കാരണങ്ങൾ കൊണ്ടു തന്നെ ഒരു സ്ത്രീയോ ടൊപ്പം മറ്റൊരു സ്ത്രീ കൂടി ഉണ്ടായിരുന്നാൽ മറക്കു ന്നുവെങ്കിലും ഓർമ്മപ്പെടുത്തുവാൻ സാധിച്ചേക്കാം. അതിലൂടെ സംഭവിക്കാവുന്ന പിഴവുകൾ ഇല്ലായ്മ ചെയ്യു കയും സത്യത്തിന് കൂടുതൽ സുദൃഢത കൈവരികയും ചെയ്യുന്നു. ഖുർആൻ പറയുന്നത് കാണുക:

﴿أَن تَضِلَّ إِحْدَىٰهُمَا فَتُذَكِّرَ إِحْدَىٰهُمَا ٱلْأُخْرَىٰ﴾ [البقرة: ٢٨٢]

“അവരിൽ ഒരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾ അവളെ ഓർമ്മിപ്പിക്കാൻ വേണ്ടി” (ബഖറ- 282)

ഇവിടെ സ്ത്രീകളുടെ സാക്ഷ്യം സ്വീകരിക്കപ്പെടു കയും, അത് തിരസ്കരിക്കാതിരിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഉണ്ടായേക്കാവുന്ന സാധ്യതകൾ മുമ്പിൽ കണ്ടു കൊണ്ടു തന്നെ സ്ത്രീകളോട് അധർമ്മം ചെയ്യാതിരി ക്കാനും, പിഴവുകൾ വരാതിരിക്കാനുമായി രണ്ടാമതൊരു പെണ്ണിന്റെ സാക്ഷ്യവും കൂടി അംഗീകരിക്കുന്നതിലൂടെ

ഇസ്ലാം സ്ത്രീകളെ ഉയർത്തിക്കാണിക്കുക കൂടി ചെയ്യുന്നു.

## 02 അനന്തരാവകാശം.

അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿لِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ﴾ [النساء: ١١]

"ആണിന് രണ്ട് പെണ്ണിന്റേതിന് തുല്ല്യമായ ഓഹരി യാണ്" (നിസാഅ്: 11)

ഇത് സത്രീകളുടെ അവകാശത്തെ ഹനിക്കലല്ല, അവരെ അവഗണിച്ചതുകൊണ്ടുമല്ല, മറിച്ച് അവളുടെ സംരക്ഷണത്തിനുള്ളതാണ്. അനന്തരാവകാശ സ്വത്തിൽ അവൾക്കും അർഹമായ ഒരു നിശ്ചിത വിഹിതം ലഭിക്കാ നുണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിക്കുകയാണ് ഇസ്ലാം ഇവിടെ ചെയ്യുന്നത്. അതോടൊപ്പം അവളുടെ ഇരട്ടിയാണ് പുരുഷനുള്ളത് എന്ന് ഉണർത്തുകയും ചെയ്യുന്നു. എന്തുകൊണ്ടാണിത് എന്നുകൂടി നാം പരിശോ ധിക്കുന്നുവെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് മനസിലാക്കാവുന്നതാണ്.

പെണ്ണിന് ചിലവു നൽകേണ്ട ബാധ്യതയും അവൾക്ക് വിവാഹ മൂല്യം നൽകേണ്ടതും, ഭാര്യക്ക് ആവശ്യമുള്ള മുഴുവൻ സംരക്ഷണ ചുമതലയും പുരുഷനാണ്. അതുകൊണ്ട് പുരുഷനും സ്ത്രീക്കുമുള്ള അവകാശ ത്തിന്റെ കാര്യവും ആപേക്ഷികമായി അർഹതപ്പെട്ട രീതി യാണ് ഇസ്ലാം നിശ്ചയിച്ചതും. അവളെ ഒരിക്കലും അനാദരിക്കുകയോ, അവഗണിക്കുകയോ ചെയ്തിട്ടില്ല.

## 03 വധിക്കപ്പെട്ടാലുള്ള നഷ്ടപരിഹാരം.

***ബോധപൂർവ്വമല്ലാതെ വധിക്കപ്പെട്ടാലുള്ള നഷ്ട പരിഹാരം:***

ഒരു പുരുഷനാണ് വധിക്കപ്പെട്ടതെങ്കിൽ, വധിക്കപ്പെട്ട സ്ത്രീക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തിന്റെ ഇരട്ടി നൽകണം എന്നതാണ് ഇസ്‌ലാമിക നിയമം. കാരണം, ഒരു പുരുഷനാണ് വധിക്കപ്പെട്ടതെങ്കിൽ കുടുംബനാഥനെയും, കുടുംബത്തിന് ചിവിന് നൽകുന്ന വ്യക്തിയെയുമാണ് നഷ്ടമാകുന്നത്. അതിനാൽതന്നെ, ചിലവിന് കൊടുക്കേണ്ട ബാധ്യതയില്ലാത്ത ഒരു സ്ത്രീ വധിക്കപ്പെട്ടാൽ കിട്ടുന്നതിന്റെ ഇരട്ടിയായിരിക്കണം പുരുഷൻ വധിക്കപ്പെട്ടാലുണ്ടാവേണ്ടത് എന്നത് ബുദ്ധി പരമായും അതിന്റെ യുക്തിയത്രെ. അക്കാരണത്താലാണ് നഷ്ട പരിഹാരം നൽകുമ്പോഴും സ്ത്രീ പുരുഷന്മാരുടെ ഉത്തരവാദിത്വത്തിനനുസരിച്ച് വ്യത്യാസമുള്ള രൂപത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.

## 04 രാഷ്ട്ര ഭരണവും, നേതൃത്വവും.

ഇസ്‌ലാമിക കാഴ്ചപ്പാടനുസരിച്ച് നമസ്കാരങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, യുദ്ധത്തിന് സൈന്യത്തെ നയിക്കേണ്ടതും മുസ്‌ലിംകളുടെ അമീർ (നേതാവും) ഭരണാധികാരിയുമായിരിക്കണം. ശരീരികമായ ചാപല്യത്താലും, സ്ത്രീകളിൽ ജന്മസിദ്ധമായി ഊട്ടപ്പെട്ട നിർമ്മലതയും അവൾക്ക് മുകളിൽ പറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുവാൻ തടസ്സമാവുന്നു. മാത്രമല്ല ഗർഭധാരണം, പ്രസവം പോലുള്ളതും മറ്റു ചില സന്ദർഭങ്ങളിലും നമസ്കാരത്തിന് നേതൃത്വമേകുവാൻ സ്ത്രീകൾക്ക് പലപ്പോഴും

തടസ്സമാവുകയും ചെയ്യും. (ഫൈസൽ മൗലവിയുടെ സ്ത്രീ ഇസ്ലാമിൽ എന്ന ഗ്രന്ഥം കാണുക)

## 05 വിവാഹ മോചനം.

പുരുഷനാണ് സ്ത്രീകൾക്ക് ചെലവുനൽകുന്നതും വിവാഹമൂല്യം നൽകുന്നതും. ഇദ്ദ ആചരിക്കുമ്പോൾ ചെലവു നൽകേണ്ട ബാധ്യതയും ഭർത്താവിനാണ്. കാര്യങ്ങളെക്കുറിച്ച് ഉറ്റാലോചിക്കുവാനുള്ള കഴിവും, പ്രശ്നങ്ങളെ സഹന പൂർവ്വം സമീപിക്കുവാനുള്ള മനക്കരുത്തും സ്ത്രീയെ അപേക്ഷിച്ച് കൂടുതലുള്ളത് പുരുഷനാണ്. അതിനാൽ തന്നെ നിസ്സാരമായ കാരണങ്ങളാൽ അവർ വിവാഹമോചനത്തിലേക്ക് എടുത്ത് ചാടാറുമില്ല. ഒിവാഹ മോചനത്തിനുള്ള അവകാശം സ്ത്രീക്കും പുരുഷനും തുല്യമായിരുന്നുവെങ്കിൽ വിവാഹ മോചനം എത്രയോ വർദ്ധിക്കുമായിരുന്നു. യൂറോപ്യൻ രാഷ്ട്രങ്ങളിൽ അതാണല്ലോ നാം കാണുന്നതും.

മുകളിൽ പരാമർശിക്കപ്പെട്ട കാരണങ്ങൾ കൊണ്ടു തന്നെ വിവാഹമോചനത്തിനുള്ള പരമാധികാരം ഇസ്ലാം നൽകുന്നത് പുരുഷനിൽ നിക്ഷിപ്തമാണ് എന്നാകുന്നു. (സയ്യിദ് സാബിഖിന്റെ ഫിഖുഹുസ്സുന്ന എന്ന ഗ്രന്ഥം )

മുഹമ്മദ്ബ്നു ജമീൽ സൈനുവിന്റെ വീക്ഷണത്തിൽ വിവാഹമോചനം അക്രമിയായ ഭർത്താവിൽ നിന്നു രക്ഷപ്പെടാനും, പീഢനങ്ങളിൽ നിന്നു മോചനമേകാനും ഇസ്ലാമിക മര്യാദകൾ പാലിക്കാതിരിക്കുകയും, അനീതിയോടെ വർത്തിക്കുകയും ചെയ്യുന്ന സ്ത്രീകൾക്ക് രക്ഷക്കു

ള്ള പരിഹാര മാർഗ്ഗവുമത്രെ. അഭിപ്രായ വ്യത്യാസത്തിലും പരസ്പരം സ്നേഹമില്ലാതെയും കഴിയുന്ന ദമ്പതിമാർക്കിടയിൽ അനുരഞ്ജനത്തിന്റെ അവസ്ഥ ഇല്ലാതി രിക്കുമ്പോൾ അന്തിമഘട്ടം എന്ന പരിഹാരമായിട്ടാണ് ഇസ്‌ലാം വിവാഹമോചനത്തെ കാണുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿ٱلطَّلَٰقُ مَرَّتَانِۖ فَإِمۡسَاكُۢ بِمَعۡرُوفٍ أَوۡ تَسۡرِيحُۢ بِإِحۡسَٰنٍ﴾ [البقرة: ٢٢٩]

"(മടക്കി എടുക്കൽ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്" (ബഖറ- 229).

ഒന്നും രണ്ടും പ്രാവശ്യം വിവാഹമോചനം നടത്തുന്ന പക്ഷം വേണമെന്നു തോന്നിയാൽ അവളെ തന്നെ ഭർത്താവിനു മടക്കിയെടുക്കാവുന്നതും, ഒരുമിച്ചു ജീവിക്കാവുന്നതുമാണ്. എന്നാൽ മൂന്നാമത്തെ പ്രാവശ്യവും മോചനം നടത്തിയാൽ മറ്റൊരു വിവാഹം ചെയ്യുന്നതു വരെയും അവളെ സ്വീകരിക്കാൻ ആദ്യഭർത്താവിന് അവകാശമില്ല.

# മുസ്ലിം സ്ത്രീയുടെ വസ്ത്രം

01 അല്ലാഹു പറഞ്ഞിരിക്കുന്നു:"നബിയേ,നിന്റെ പത്നി മാരോടും, പുത്രിമാരോടും, സത്യവിശ്വാസികളുടെ സ്ത്രീ കളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേ ൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയാനും അ ങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കു ന്നവനും കരുണാനിധിയുമാകുന്നു" (അഹ്സാബ്: 59)

02 സ്ത്രീകൾ തലമറക്കണമെന്ന ഖുർആനിന്റെ സംബോധനാരീതി കൽപനാസ്വരത്തിലുള്ളതാണ്.

﴿وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ﴾ [النور: ٣١]

"അവരുടെ മക്കനകൾ കുപ്പായ മാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ" (നൂർ: 31)

03 അലങ്കാരം കാണിച്ചുകൊണ്ട് പുറത്തിറങ്ങാൻ പാടി ല്ലാ എന്നു വിലക്കി. അല്ലാഹു പറയുന്നു:

﴿وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَـٰهِلِيَّةِ ٱلْأُولَىٰ﴾ [الأحزاب: ٣٣]

"പഴയ അജ്ഞാന കാലത്തെ സൗന്ദര്യ പ്രകടനം പോലുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്" (അഹ്സാബ്: 33)

അജ്ഞാനകാലത്തെ സ്ത്രീകൾ അവരുടെ ശിരോവസ്

ത്രം പിൻഭാഗത്തേക്ക് താഴ്ത്തിയിടാറുണ്ടായിരുന്നു. മാറിടവും കഴുത്തും, കർണ്ണാഭരണങ്ങളും പുറത്തുകാണിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ ആചാരത്തെ അല്ലാഹു വിലക്കുകയും വിശ്വാസിനികളോട് അതിന്റെ ശരിയായ രൂപം ചെയ്യാനായി കൽപ്പിക്കുകയും ചെയ്യുന്നു.

സ്ത്രീകൾ വസ്ത്രധാരണം ചെയ്യുമ്പോൾ താഴെ പറയുന്ന രൂപത്തിലായിരിക്കണം.

1– ശരീരം പൂർണ്ണമായും മറയുന്ന വസ്ത്രമായിരിക്കണം ധരിക്കുന്നത്.

2– ശരീരപ്രകൃതിയും അവരുടെ അംഗങ്ങളും പുറത്ത് കാണാവുന്ന രൂപത്തിൽ ഇടുസ്സായ വസ്ത്രമാകാൻ പാടില്ല.

3– ആന്തരിക വസ്ത്രമോ, അംഗലാവണ്യമോ നിഴലടിക്കുന്ന രൂപത്തിൽ നിർമ്മലമായ വസ്ത്രം ധരിച്ച് കൂടാ.

4– അവിശ്വാസിനികളുടെ വസ്ത്രത്തോട് സാമ്യമുള്ളതാകാൻ പാടില്ല. കാരണം നബി ﷺ പറഞ്ഞിരിക്കുന്നു.

'ഒരു ജനതയോട് ആരെങ്കിലും സാമ്യം കാണിക്കുന്നുവെങ്കിൽ അവൻ അവരുടെ കൂട്ടത്തിൽ പെട്ടവനത്രെ'

5– ഹദീസുകളിൽ വ്യക്തമായ രൂപത്തിൽ വിലക്കിയതിനാൽ തന്നെ പുരുഷൻമാരുടെ വസ്ത്രത്തിന് സാമ്യ മുള്ള വസ്ത്രവും ധരിക്കാൻ പാടില്ല.

6– മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിപ്പിക്കുന്ന രൂപത്തിലുള്ള നിറമുള്ളതാകാനും പാടില്ല. സ്ത്രീകൾക്ക് ഏറ്റവും നല്ലത് കറുപ്പ് നിറമാകുന്നു.

# സ്ത്രീ- പുരുഷൻമാരുടെ വേഷം

നബി ﷺ പറഞ്ഞിരിക്കുന്നു: 'അഹങ്കാരത്തോടെ വസ്ത്രം നിലത്ത് വലിച്ചിഴച്ച് നടക്കുന്നവരിലേക്ക് അല്ലാഹു അന്ത്യ നാളിൽ നോക്കുകയില്ല. ഇത് കേട്ടപ്പോൾ ഉമ്മുസലമ رضي الله عنها ചോദിച്ചു; 'എങ്കിൽ സ്ത്രീകൾ നീണ്ടു കിടക്കുന്ന അവരുടെ വസ് ത്രത്തുമ്പുകൾ എന്താണു ചെയ്യേണ്ടത്? അപ്പോൾ നബി ﷺ പറഞ്ഞു; 'എന്നാൽ ഒരു മുഴം താഴ്ത്തിയിടട്ടെ. അതിനെക്കാൾ കൂടുതൽ വർദ്ധിപ്പിക്കുവാൻ പാടില്ല' (തിർമിദി)

## *പ്രസ്തുത ഹദീസിൽ നിന്ന് മനസിലാവുന്ന കാര്യങ്ങൾ:*

01 സ്ത്രീകളുടെ വസ്ത്രങ്ങൾ അവരുടെ കാൽപ്പാദങ്ങൾ മറയുന്ന രൂപത്തിലുള്ളതായിരിക്കണം. എന്നാൽ പുരുഷൻമാർ അവരുടെ വസ്ത്രങ്ങൾ കണങ്കാലുകളേക്കാൾ താഴോട്ട് നീട്ടിയിടാതിരിക്കലാണ് ഉത്തമം. അവർ കാലിന്റെ ഞെരിയാണിക്ക് താഴേക്ക് വസ്ത്രം താഴ്ത്തിയിടുന്നത് വിലക്കപ്പെട്ടതത്രെ. നബി ﷺ പറഞ്ഞിരിക്കുന്നു, 'രണ്ടു ഞെരിയാണികളേക്കാൾ താഴെയുള്ള പുരുഷന്മാരുടെ വസ്ത്രം നരകത്തിലാണ്' (ബുഖാരി)

എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ കാര്യം വളരെ വിചിത്രമായിരിക്കുന്നു. പുരുഷന്മാർ അവരുടെ

വസ്ത്രം ഞെരിയാണിക്ക് കീഴിലായി വലിച്ചിഴക്കുകയും നരകാവകാശികളാകുകയും ചെയ്യുന്നു. എന്നാൽ സ്ത്രീ കളാകട്ടെ, അവർ ഞെരിയാണിക്ക് മുകളിലാവുന്ന രൂപ ത്തിലാണ് വസ്ത്രം ധരിക്കാൻ ഇഷ്ടപ്പെടുന്നത്, അപ്ര കാരം അവരും സ്വർഗ്ഗത്തിൽ നിന്ന് വിലക്കപ്പെടുന്നു.

നബി ﷺ പറഞ്ഞിരിക്കുന്നു: 'സ്ത്രീകൾ, അവർ വസ്ത്രം ധരിച്ചവരെ പോലെയാണ്, എന്നാൽ അവർ നഗ്നകളാണ്, ചെരിയുകയും ആളുകളെ തങ്ങളിലേക്ക് ചായിപ്പിക്കു കയും ചെയ്യും. ഉലഞ്ഞാടുന്ന ഒട്ടകപ്പൂഞ്ഞ പോലെയാണ് അവരുടെ തലകൾ, അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുക യില്ല, സ്വർഗ്ഗത്തിന്റെ വാസന പോലും അവർക്ക് ലഭിക്കു കയില്ല, ഇത്ര ഇത്ര ദൂരത്തേക്ക് അതിന്റെ വാസന അനുഭ വപ്പെടുന്നതാണ്' (മുസ്‌ലിം)

കണങ്കാലുകളോ, ശരീരത്തിന്റെ ചില ഭാഗങ്ങളോ മറ്റു ള്ള വരെ കാണിക്കുന്ന സ്ത്രീകളും മൃദുലമായതും നേർ ത്തതുമായ വസ്ത്രധാരണം നടത്തുന്നവരും, നടത്തത്തി ൽ ആടിക്കുഴയുന്നവളും മുടിയിട്ടു കുലുക്കുന്ന വളും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.

02 സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ കാൽപാദങ്ങൾ വെളിവാക്കുവാൻ പാടില്ല എന്നുണ്ടെങ്കി ൽ കുഴപ്പത്തിന് കൂടുതൽ കാരണമായേക്കാവുന്ന മുഖം വെളിവാക്കുവാൻ പാടില്ല എന്നത് വളരെ വ്യക്തവു മാണ്. മുഖം വെളിവാക്കുന്ന സമ്പ്രദായം സത്യ നിഷേധി കളുടെ രീതിയോട് സാദൃശ്യമുള്ളതുമാണ്. ഹദീസിൽ

അത് കാണാം, 'ആരെങ്കിലും ഒരു ജനതയോട് സാദൃശ്യം കാണിക്കുന്നുവെങ്കിൽ അവർ അവരുടെ കൂട്ടത്തിൽ പെട്ടവരത്രെ' (അബൂദാവൂദ്)

ഈ മുസ്‌ലിം സമുദായം വിമാനം, ടാങ്കുകൾ പോലുള്ള ആധുനികമായ കണ്ടുപിടുത്തങ്ങളുടെ കാര്യത്തിൽ മുസ്‌ലിംകളല്ലാത്തവരെ അനുകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്നു തോന്നിപ്പോവുകയാണ്. എങ്കിൽ അതുകൊണ്ട് മുസ്‌ലിം സമുദായത്തിന് നേട്ടമാകുമായിരുന്നു.

03 സ്ത്രീകൾ മുഖം വെളിവാക്കുന്നത് ശരിയല്ല എന്ന് വ്യക്തമാക്കുന്ന ഹദീസുകൾ വേറെയും നമുക്ക് കാണാവുന്നതാണ്. അവിടുന്നു പറഞ്ഞു: 'ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീകൾ മുഖം മറക്കുവാനോ കൈയുറ ധരിക്കുവാനോ പാടില്ല' (ബുഖാരി)

ഈ ഹദീസിന്റെ താൽപര്യം ഇഹ്റാമിൽ പ്രവേശിക്കാത്ത സ്ത്രീകൾ കൈയുറ അണിയലും മുഖം മറക്കലും ആവശ്യമാണെന്നാകുന്നു.



# ‘ഹിജാബ്’ സ്ത്രീകളെ ആദരിക്കുന്ന വേഷം

01 ഇസ്‌ലാം സ്ത്രീകളോട് ആദരവ് കാണിക്കുന്നു. ഹിജാബ് അണിയണമെന്ന് സ്ത്രീകളോട് ഇസ്‌ലാം നിർബന്ധമായും കൽപ്പിക്കുന്നു. ഹിജാബ് അണിയുന്നതിലൂടെ ദുഷ്ടന്മാരായ മനുഷ്യരുടെ ദൃഷ്ടികളിൽ നിന്നവർക്ക് സുരക്ഷയും അവളുടെ അലങ്കാര പ്രദർശനത്തിൽ നിന്ന് സമൂഹത്തിനും സുരക്ഷിതത്വം ഉണ്ടാവുന്നു.

02 ഹിജാബ് ഇണകൾക്കിടയിൽ പരസ്പരം സ്നേഹബന്ധം സുദൃഢമാക്കാൻ സഹായിക്കുന്നു. ഒരാൾ തന്റെ ഭാര്യയേക്കാൾ സുന്ദരിയായ മറ്റൊരു സ്ത്രീയെ കാണാൻ ഇടയായാൽ അത് ചിലപ്പോൾ അവരുടെ കുടുംബ ജീവിതത്തിൽ വിള്ളലുകൾ വീഴ്ത്താൻ കാരണമായേക്കാം. സുന്ദരിയായ ഒരു സ്ത്രീയുടെ സൗന്ദര്യ പ്രകടനം ചിലപ്പോൾ നിലവിലുള്ള ഭാര്യയെ മോചനം നടത്തുവാൻ വരെ ചിലരെ പ്രേരിപ്പിച്ചേക്കാം.

03 മനുഷ്യ ദൃഷ്ടിയിൽ നിന്നു മറച്ചുവെക്കാൻ ശ്രമിക്കുന്ന ഒരാളുടെ അധീനതയിലുള്ള ചിപ്പിനകത്തെ അമൂല്യ മുത്തുമണി പോലെ, ഉൽകൃഷ്ട മൂല്യഗുണമുള്ളവളാണ് മുസ്‌ലിം വനിത.

04 പൗരസ്ത്യയായ ഫ്രാൻസ് വാസ് സാഗാൻ പറയുകയുണ്ടായി: 'പൗരസ്ത്യ സ്ത്രീ സഹോദരിമാരെ, നിങ്ങളുടെ പേരു വിളിക്കുകയും, ഹിജാബ് ഉപേക്ഷിക്കാനാവശ്യപ്പെടുകയും പുരുഷ തുല്യമായി കാണണമെന്ന് വാദിക്കുകയും ചെയ്യുന്നവർ നിങ്ങളെ പരിഹസിക്കുകയാണെന്നോർക്കുക. മുമ്പും ഇത്തരം ശ്രമങ്ങൾ അവർ ചെയ്തിട്ടുണ്ട്'

05 ഒരു സ്ത്രീയുടെ അനിവാര്യമായ സ്ഥാനവും മഹത്വവും കാത്തുസൂക്ഷിക്കുവാൻ ഉണ്ടായിരിക്കേണ്ട മാർഗ്ഗമാണു പർദ്ദ എന്നാണ് 'ഫോൺ ഹാർമർ' എന്ന മഹാൻ പറഞ്ഞിട്ടുള്ളത്.

# ബഹുഭാര്യത്വം സ്ത്രീകളെ ആദരിക്കൽ

01 സുദൃഢമായ ഒരു തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇസ്ലാം ബഹുഭാര്യത്വത്തെ അനുവദിച്ചിരിക്കു ന്നത്. പുരുഷൻമാർക്ക് ലഭിക്കാവുന്ന പ്രയോജനത്തേ ക്കാൾ സ്ത്രീകൾക്കാണതിന്റെ നേട്ടം എന്നതാണ് സത്യം. സ്വന്തം സഹോദരന്റെയോ, മക്കളുടെയോ സംരക്ഷണത്തിനു കീഴിൽ മാനസികമായി പ്രയാസപ്പെടുന്ന വിധവകളും കന്യകകളുമായ മഹിളാ രത്നങ്ങൾക്ക് ഭർത്താവിന്റെ ഭവനത്തിൽ സന്തോഷത്തോടെ ജീവിക്കാനൊരവസരം ഉണ്ടാവുന്നു എന്നത് ഇതിന്റെ മഹത്തായ നേട്ടമത്രെ.

02 ബഹുഭാര്യത്വത്തെ നിരുത്സാഹപ്പെടുത്തുന്നവർ ഒരർത്ഥത്തിൽ ഇസ്ലാമിന്റെ ശത്രുക്കളെ സഹായിക്കുക കൂടി ചെയ്യുന്നു. കാരണം അവർ ആഗ്രഹിക്കുന്നത് മുസ്ലിംകളുടെ വംശ വർദ്ധനവ് കുറക്കണം എന്നതാണ്. അങ്ങനെ മുസ്ലിംകളേക്കാൾ അവർക്ക് അംഗബലം വർദ്ധിക്കുകയും മുസ്ലിംകളെ കീഴ്പ്പെടുത്തുകയും ചെയ്യാമെന്ന് വ്യമോഹിക്കുകയും ചെയ്യുന്നു.ബഹുഭാര്യത്വം ഇല്ലാതാവുമ്പോൾ വംശവർദ്ധനവിന് കുറവുണ്ടായിരിക്കും.

യുദ്ധം, സംഘട്ടനം എന്നീ കാരണങ്ങളാൽ ധാരാളം പുരുഷൻമാർ വധിക്കപ്പെടുകയും ആപേക്ഷികമായി സ്ത്രീകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു എന്നതാണ് സ്ഥിതി വിവരണ കണക്കുകൾ നമുക്ക് നൽകുന്ന പാഠം. ഈ വർദ്ധനവ് കുടുംബത്തിലും, സമൂഹത്തിലും ലൈംഗിക അരാജകത്വം, മറ്റുകുഴപ്പം എന്നിവ വർദ്ധിപ്പിക്കുവാൻ കാരണമാവും. അതു കൊണ്ടായിരിക്കാം ഒന്നാം ലോകമാഹായുദ്ധാനന്തരം ജർമ്മനിയിലെ സ്ത്രീകൾ സംഘടിക്കുകയും ബഹു ഭാര്യത്വം അനുവദിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു പ്രകടനം നടത്തുകയുണ്ടായത്.

03 സമകാലിക സാഹചര്യം എടുത്ത് പരിശോധി ച്ചാലും ബഹുഭാര്യത്വത്തിന്റെ അനിവാര്യത നമുക്ക് ബോധ്യമാവും. ഓരോ സമൂഹത്തിന്റെ ശക്തി മാനുഷിക വിഭവശക്തിയിലാണിരിക്കുന്നത്. എന്നാൽ ഇന്നത്തെ മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചിടത്തോളം ഫലസ്തീൻ, ഇറാഖ്, ബോസ്നിയ, ഹർസഗോവിന, കാശ്മീർ, അഫ്ഗാനി സ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടായ യുദ്ധം കാരണം ധാരാളം പുരുഷൻമാർ വധിക്കപ്പെടുകയും അവരുടെ അംഗസംഖ്യ ആപേക്ഷികമായി വളരെ കുറയുകയും അവിടങ്ങളിലെല്ലാം ധാരാളമായി വിധവകൾ വർദ്ധിക്കു കയും ചെയ്തിരിക്കുന്നു. ആ സഹോദരിമാരെയെല്ലാം പട്ടിണിയിലും കുഴപ്പത്തിലും ഒഴിച്ചിടുന്നതിലും ഭേദം മുസ്‌ലിംകൾ ബഹുഭാര്യത്വത്തിലൂടെയെങ്കിലും അവരുടെ സംരക്ഷണ ചുമതല ഏറ്റെടുക്കലാണെന്ന് ഇസ്‌ലാം ഉദ്ദേശിക്കുന്നു.

04 വിശ്വവിഖ്യാതയായ ആനിബസന്റ് പറഞ്ഞത് കാണുക: സംതുലിതമായ നീതിയുടെ അളവുകോൽ ഉപയോഗിച്ച് കൊണ്ട് ഇസ്ലാമിലെ ബഹുഭാര്യത്വത്തെ നാം വിലയിരുത്തുകയാണെങ്കിൽ, വികാര പൂർത്തീകരണത്തിന്നായ് ഏതെങ്കിലും ഒരു സ്ത്രീയെ കാമിക്കുകയും പിന്നീട് അവളെ റോഡിൽ വലിച്ചെറിയുകയും ചെയ്യുന്ന പാശ്ചാത്യൻ രീതിയേക്കാൾ മാന്യത ഉൾക്കൊള്ളുന്നത് ഇസ്ലാമിലെ ബഹുഭാര്യത്വത്തിലാണെന്ന് നാം പറയേണ്ടി വരും'

സത്യനിഷേധിയായ ഒരു സ്ത്രീയുടെ അഭിപ്രായം ഇതാണെങ്കിൽ അത് എത്രമാത്രം ഉൽകൃഷ്ടമാണെന്ന് നമുക്ക് എന്തുകൊണ്ട് വിലയിരുത്തിക്കൂടാ.



# സ്ത്രീ– ഇരുതല മൂർച്ചയുള്ള വാൾ

01 വ്യത്യസ്ഥമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് മുസ്ലിം കളെ ഇസ്ലാമിൽ നിന്നകറ്റുവാനുള്ള ശത്രുക്കളുടെ ശ്രമം കാലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. സർവ്വ മാധ്യമ ങ്ങളും ഉപയോഗപ്പെടുത്തി പ്രത്യേകിച്ചും മുസ്ലിം സ്ത്രീ കളെയാണിവർ വേട്ടയാടാറുള്ളത്. കാരണം സ്ത്രീ, അവൾ സമൂഹത്തിന്റെ പകുതിയാണെന്ന് പറയാം. മാത്രമല്ല രണ്ടാം പകുതിയായ പുരുഷന് ജന്മം നൽകു ന്നതും പരിശീലിപ്പിച്ചുവളർത്തുന്നതും സ്ത്രീയാണ്. അതിനാൽ തന്നെ സമൂഹത്തിന്റെ സംസ്കരണവും, അതിന്റെ ഉന്ന താവസ്ഥയും ഉണ്ടാക്കുന്നത് സ്ത്രീകളും അവരുടെ സംസ്കാരവും സമുദ്ധാരണവുമാണ് എന്നു പറയാം. അക്കാരണത്താൽ തന്നെ ഇസ്ലാമിന്റെ ശത്രുക്കൾ സർവ്വാത്മനായുള്ള പൈശാചിക തന്ത്രങ്ങളും, ചലന ങ്ങളും, ടെലിവിഷൻ പോലുള്ള വാർത്താ മീഡിയകളും ഉപയോഗിച്ച് മുസ്ലിം സ്ത്രീയെ നശിപ്പിക്കുവാനും മലീമ സമാക്കുവാനും ശ്രമിച്ച് കൊണ്ടിരിക്കുന്നു.

02 പാശ്ചാത്യരായ ചെകുത്താൻമാർക്ക് പൗരസ്ത്യരു ടെ സഹകരണത്തോടു കൂടി ഒരു പരിധിവരെ മുസ്ലിം സ്ത്രീകളെ നശിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. സ്ത്രീയുടെ

വിശുദ്ധി യുടെയും പവിത്രതയുടെയും വസ്ത്രം വലിച്ചുമാറ്റാൻ അവർക്കു കഴിഞ്ഞു. മാത്രമല്ല, സർവ്വ മണ്ഡലങ്ങളിലും അവളെ കുടിയിരുത്തുവാനും അവർക്കായിട്ടുണ്ട്. അവരുടെ ഉൽപ്പന്നങ്ങൾ ചെലവാക്കുവാനുള്ള കേവല ചരക്കായി സ്ത്രീയെ അവർ മാറ്റിയെടുത്തു. മുസ്‌ലിം സ്ത്രീകൾ പോലും മതത്തിൽ നിന്നും, മതവേഷങ്ങളിൽ നിന്നും മാറിത്തുടങ്ങി, അങ്ങനെ കുടുംബങ്ങൾ തകർന്നു, സമൂഹം നശിച്ച് കൊണ്ടിരിക്കുന്നു, അല്ലാഹുവിന്റെ സഹായം ലഭിക്കേണ്ട സമൂഹം അതിനുള്ള അർഹത നഷ്ടപ്പെടുത്തിയിരിക്കുന്നു. പകരം അല്ലാഹുവിന്റെ ശാപവും കോപവും പിടികൂടി. ഉന്നതമായ അന്തസ്സും അഭിമാനവും ഉണ്ടായിരുന്ന സമുദായം നിന്ദ്യത പേറിയ സമുദായമായി അധഃപതിച്ചിരിക്കുന്നു. ഉമറുബ്നുൽ ഖത്താബ് ﵁ വിന്റെ വചനം ഇവിടെ അനുസ്മരിക്കുക. "ഇസ്‌ലാം മതം കൊണ്ടാണ് അല്ലാഹു നമ്മെ അന്തസുള്ള ജനതയാക്കി മാറ്റിയത്. അത് മൂലമല്ലാത്തൊരു പ്രതാപം നേടാൻ നാം ശ്രമിക്കുന്നുവെങ്കിൽ അല്ലാഹു നമ്മെ നിന്ദ്യന്മാരാക്കി മാറ്റുന്നതാണ്"

03 സ്ത്രീകൾ വഴിതെറ്റുകയും അവരെ വഴി പിഴപ്പിക്കുകയും ചെയ്ത കാരണത്താലാണ് പൗരാണിക നാഗരികതകൾ അസ്തമിച്ചതെന്ന സത്യം നാം വിസ്മരിച്ച് കൂടാ. ബാബിലോണിയാ, ഇന്ത്യ, പേർഷ്യ, റോമ, ഗ്രീക്ക് പോലുള്ള രാജ്യങ്ങളിൽ കഠിനവും മാരകവുമായ ദൈവിക ശിക്ഷക്ക് വിധേയമായതും മറ്റൊന്നു കൊണ്ടുമായിരുന്നില്ല. കൂടുതൽ വിവരണത്തിന് മൗലവിയുടെ ഹിജാബ് എന്ന പുസ്തകം കാണുക.

04 സമകാലീന കാലഘട്ടത്തിലും പ്രലോഭനങ്ങൾക്ക് വിധേയമായി വേശ്യാടനവും, മറ്റു തിന്മകളും കൊണ്ടു ഇറ്റലിയിലെ ഒരു പട്ടണം കുപ്രസിദ്ധമാണെന്ന് നാം വായിക്കുന്നു. മുസ്ലിം രാജ്യങ്ങളിലേക്ക് നാം തിരിഞ്ഞു നോക്കുകയാണെങ്കിലും ചിത്രം ഒട്ടും വ്യത്യസ്ഥമല്ല. അല്ലാഹുവിന്റെ കോപവും വെറുപ്പും പിടികൂടാവുന്ന കുഴപ്പങ്ങളും, വേശ്യാടനങ്ങളും സർവ്വത്ര വ്യാപകമാണ്. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ ശിക്ഷയെന്ന രൂപ ത്തിൽ ഭൂകമ്പവും, യുദ്ധവും നാശവും, മറ്റും അവിടെ സാർവ്വത്രികമായിരിക്കുന്നു. ഇതിൽ നിന്നവർ അല്ലാഹു വിലേക്ക് മടങ്ങുകയും പശ്ചാതപിക്കുകയും ചെയ്താല ല്ലാതെ അവർക്ക് രക്ഷ ലഭിക്കുകയില്ല.

05 ഒരു സമൂഹത്തിന്റെ നിർമ്മിതിക്ക് ആവശ്യമുള്ള ധാരാളം കഴിവുകൾ സ്ത്രീകളിൽ സമ്മേളിച്ചിരിക്കുന്നു. പക്ഷേ അവയെല്ലാം അവളുടെ ബാധ്യതയായി കണ്ടു കൊണ്ടവൾ നിർവ്വഹിക്കണം. സമൂഹത്തിന്റെ നിർമ്മാണ വും അതിന്റെ ഘടകവുമാണല്ലോ സന്താനങ്ങൾ. സന്താന ങ്ങൾക്ക് ശരിയായ ശിക്ഷണം നൽകേണ്ടത് അവളാണ്. അതിലൂടെ ശിക്ഷണ ശീലമുള്ള ഒരു സമൂഹത്തെയാണ് സ്ത്രീകൾ വാർത്തെടുക്കുന്നത്. എന്നാൽ അവളിൽ അർപ്പിതമാക്കപ്പെട്ട ബാധ്യതകളിൽ നിന്നവർ വിമുഖത കാണിക്കുകയും, ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം നിർവ്വ ഹിക്കാതിരിക്കുകയുമാണവൾ ചെയ്യുന്നതെങ്കിൽ അതി ലൂടെ ഒരു സമൂഹത്തെ തന്നെ അവൾ നശിപ്പിക്കുകയും ചെയ്യുന്നു. അതാണ് നബിവചനം സൂചിപ്പിക്കുന്നതും.

അവിടുന്ന് പറഞ്ഞു: 'ഐഹിക ലോകം മാധുര്യമുള്ളതും പച്ചപിടിച്ചതുമാണ്. അല്ലാഹു നിങ്ങളെ അതിൽ വസിപ്പിച്ചിരിക്കുന്നു. നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നാണവൻ നോക്കുന്നത്. ഭൗതിക ജീവിതത്തെയും സ്ത്രീകളെയും നിങ്ങൾ സൂക്ഷിക്കണം. ഇസ്രാഈൽ സന്തതികളിൽ ആദ്യമായുണ്ടായ നാശം സ്ത്രീകളിലായിരുന്നു' (മുസ്‌ലിം)

വീണ്ടും അവിടുന്നു പറഞ്ഞു: 'എന്റെ ശേഷം പുരുഷൻമാർക്ക് ഉണ്ടായേക്കാവുന്ന മഹാവിപത്ത് സ്ത്രീകളിൽ നിന്നായിരിക്കും'

06 യഥാർത്ഥത്തിൽ സ്ത്രീ എന്നു പറഞ്ഞാൽ ഒരു സമൂഹത്തിന്റെ ആണിക്കല്ലും, അടിത്തറയുമാണ്. അതിന്റെ പകുതിയും, രണ്ടാം പകുതിയായ പുരുഷനു ജന്മം നൽകുന്നതും അവളാണല്ലോ.

# സ്ത്രീക്കും പുരുഷനും നാശം

എണ്ണി ക്ലിപ്തപ്പെടുത്താൻ സാധ്യമല്ലാത്തത്ര, വ്യത്യസ്ഥ മാർഗ്ഗങ്ങളിൽകൂടി ഇസ്‌ലാമിന്റെ ശത്രുക്കൾ മുസ്‌ലിം സ്ത്രീയെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിവിധ വശങ്ങളെക്കുറിച്ചു പഠന വിധേയമാക്കിയും പ്ലാൻ ആവിഷ്കരിച്ചും സ്ത്രീകളെ മതത്തിൽ നിന്നകറ്റുവാനും അവളുടെ മഹനീയ സ്വഭാവത്തെ നശിപ്പിക്കുവാനും, അവളുടെ ചാരിത്ര്യം ഉന്മൂലനം ചെയ്യാനുമാണ് അവർ ഉദ്ദേശിക്കുന്നത്. അതിന്നായ് പ്രത്യേകം തയ്യാർ ചെയ്ത വേഷഭൂഷാതികളും ഫേഷനുകളും വാർത്താമീഡിയകൾ ഉയോഗിച്ചുകൊണ്ടവർ പ്രചരിപ്പിക്കുന്നു. ഇപ്രകാരം പ്രത്യക്ഷപ്പെടാറുള്ള അർദ്ധനഗ്നവേഷ ധാരികളായ യുവതികളിലൂടെ വൈവിധ്യമായ അലങ്കാര വസ്തുക്കളിലും സ്ത്രീകൾ ആകൃഷ്ടരാവുമെന്നവർക്കറിയാം. അപ്രകാരം തന്നെ പുരോഗതിയുടെയും നാഗരികതയുടെയും പേരിൽ ഓഫീസുകളിലും കമ്പനികളിലും മറ്റു കമ്പോളങ്ങളിലും സ്ത്രീകൾക്ക് രംഗ പ്രവേശനത്തിനുള്ള മാർഗ്ഗം ഒരുക്കിക്കൊടുക്കുന്നതിലൂടെ പുരുഷന്മാരെ നശിപ്പിക്കാമെന്നും അവർ കണക്കാക്കുന്നു.

ഉദ്യോഗസ്ഥയായ ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും അവൾക്ക് ധാരാളം വ്യത്യസ്ത

രീതിയിലുള്ളതും ആകർഷണീയവുമായ വേഷങ്ങൾ ഇല്ലാതിരിക്കില്ല. അവയെല്ലാം അവൾ മാറ്റിമാറ്റി ധരിച്ചു കൊണ്ടിരിക്കും. ലഭിക്കുന്ന ശമ്പളം അലങ്കാര വസ്തുക്ക ൾക്കും വസ്ത്രങ്ങൾ വാങ്ങിക്കൂട്ടുവാനുമായി അവൾ ചെലവഴിക്കും. അവയൊക്കെ മുസ്ലിംകളുടെ പണം കണ്ടു കൊണ്ടും അവരെ നശിപ്പിക്കുവാനുമായി വിദേശ രാജ്യങ്ങൾ അവരിൽ എത്തിച്ചു കൊണ്ടിരിക്കും. അങ്ങനെ മുസ്ലിംകൾ സാമ്പത്തികമായും സാംസ്കാരികമായും തീരാനഷ്ടക്കാരായി മാറും. സർവ്വ രംഗങ്ങളിലും സത്യനിഷേധികളോടവർ താരതമ്യം കാണിക്കുകയും ചെയ്യും. ഇവിടെ നബിﷺയുടെ വചനം നാം കാണുക: 'അവിടുന്നു പറഞ്ഞു 'നിങ്ങളുടെ പൂർവ്വികരായ സമൂഹത്തെ നിങ്ങൾ ചാണിന് ചാണായും, മുഴത്തിന് മുഴമായും അനുകരിക്കുക തന്നെ ചെയ്യും. അവരിൽ ഒരാൾ ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിക്കുന്നതായി നിങ്ങൾ കണ്ടാൽ നിങ്ങളും അതിൽ പ്രവേശിക്കും. അവരിൽ ഒരാൾ ഏതെങ്കിലും ഒരു സ്ത്രീയെ വഴിയോരത്ത് വെച്ച് ബലാൽസംഗം ചെയ്യുന്നത് നിങ്ങൾ കണ്ടാൽ നിങ്ങളും അപ്രകാരം ചെയ്യും' (നാസിറുദ്ദീൻ അൽബാനിയു ടെ സ്വഹീഹുൽ ജാമിഅ്)

അവിടുന്നു പറഞ്ഞു; 'എന്റെ ശേഷം പുരുഷന്മാർക്ക് ഉണ്ടായേക്കാവുന്ന ഏറ്റവും മഹാവിപത്ത് സ്ത്രീകളിൽ നിന്നായിരിക്കും' (ബുഖാരി, മുസ്ലിം)

# മുസ്‌ലിം സ്ത്രീയുടെ ബാധ്യതകൾ

01 ഇസ്‌ലാം സ്ത്രീകളെ വളരെയധികം ആദരിച്ചിരിക്കുന്നു. അവളുടെ വീട്ടിൽ മഹത്തായ ഉത്തരവാദിത്വം നിർവ്വഹിക്കണമെന്ന് അവളോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. സന്താനങ്ങളുടെ ശരിയായ രൂപത്തിലുള്ള ശിക്ഷണം നൽകേണ്ട ബാധ്യത അവളിലാണ് ഏൽപ്പിച്ചിരിക്കുന്നത്. അവളുടെ കൈക്കുഞ്ഞായി, അവൾ ശിക്ഷണം നൽകിയ കുട്ടിയായിരിക്കും ഒരുപക്ഷേ സമൂഹത്തിന്റെ സർവ്വോന്മുഖ നന്മയുടേയും കൈകാര്യ കർത്താവായ രാഷ്ട്രനായകനായി മാറുന്നത്. ചിലപ്പോൾ സൈന്യാധിപനോ, മറ്റെന്തെങ്കിലും മഹത്തായ സ്ഥാനം അലങ്കരിക്കുന്നതും ആ കുട്ടി ആയേക്കാം. അതു കൊണ്ടാണ് ചില തത്വജ്ഞർ ഇപ്രകാരം പറഞ്ഞിട്ടുള്ളത്: "മാതാവ് കുഞ്ഞിന്റെ തൊട്ടിൽ പിടിച്ച് ആട്ടി കൊണ്ടിരിക്കുമ്പോൾ യഥാർത്ഥത്തിൽ ലോകത്തെ തന്നെയാണവൾ ആട്ടി കൊണ്ടിരിക്കുന്നത്".

സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ നൈസർഗ്ഗിക പ്രകൃതിയുടെ താൽപര്യവും അവർ ആഗ്രഹിക്കുന്നതും സന്താനങ്ങളുടെ പരിരക്ഷയും, സംസ്കരണവുമാണ്, തങ്ങളുടെ സന്താനങ്ങളെ ഏറ്റവും നല്ല നിലയിൽ

വീടുകളിൽ വെച്ചു വളർത്തുക എന്ന മഹത്തായ കൃത്യ നിർവ്വഹണം നടത്തേണ്ടത് സ്ത്രീകളാണ് എന്നതാണു സത്യം.

02 വീട്ടിലെ കൈകാര്യകർത്താവും സ്ത്രീ തന്നെ യാണ്:

വീട്ടിലെ ഉത്തരവാദിത്വവും, ബാധ്യതയും സ്ത്രീകളി ലാണ് ഇസ്‌ലാം ഏൽപിച്ചിരിക്കുന്നത്. അതിനെ നിശ്ചയം അവർ ചോദിക്കപ്പെടും എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള ഉപ ജീവനം തേടിപ്പിടിച്ചുകണ്ടെത്തുക എന്നത് അവൾക്ക് പ്രയാസമുണ്ടാക്കും. എന്നാൽ പുരുഷൻ അർപ്പണ ബോധ ത്തോടെ, ത്യാഗം സഹിച്ചുകൊണ്ട് ഭാര്യക്കും കുട്ടികൾക്കും ആവശ്യമുള്ള വസ്തുക്കൾ കൊണ്ട് വരുന്നു. അങ്ങനെ ക്ഷീണത്തോടെ തന്റെ വീട്ടിലേക്കു വരുമ്പോൾ, അവന്ന് അഭയവും ആശ്വാസവും നൽകി സമാധാനത്തോടെ കഴി യാനുള്ള അവസരം വീട്ടിൽ ഉണ്ടാക്കേണ്ടതും ഭാര്യയാണ്.

അപ്പോൾ പുരുഷനും സ്ത്രീക്കും അവരുടേതായ കടമകളും കടപ്പാടുകളും, ഉത്തരവാദിത്വങ്ങളുമുണ്ട്. അതാണ് നബി ﷺ യുടെ മൊഴി സൂചിപ്പിക്കുന്നത്: "നിങ്ങ ളെല്ലാവരും ഭരണാധികാരികളാണ്, നിങ്ങളുടെ ഭരണീ യരെ കുറിച്ച് നിങ്ങളോട് ചോദിക്കുക തന്നെ ചെയ്യും. ഒരു നേതാവ് ഭരണാധികാരിയാണ്, അവന്റെ ഭരണീയരെ കുറിച്ച് നിശ്ചയം അവരോട് ചോദിക്കുന്നതാണ്. ഓരോ പുരുഷനും ഭരണാധികാരിയാണ്, തന്റെ കുടുംബത്തെ കുറിച്ച് അവനോട് ചോദിക്കുന്നതാണ്. ഓരോ സ്ത്രീയും

ഭർത്താവിന്റെ വീട്ടിലെ ഭരണാധിപയാണ്, അവളുടെ ഭരണീയരെക്കുറിച്ച് അവളോട് ചോദി ക്കുക തന്നെ ചെയ്യും'' (ബുഖാരി, മുസ്‌ലിം)



# സ്ത്രീ വീട്ടിനു പുറത്ത് ജോലി ചെയ്യുമ്പോൾ

സ്ത്രീകൾ വീടിനു പുറത്തു ജോലി ചെയ്യുമ്പോൾ അത്കൊണ്ട് അവർക്കും കുടുംബത്തിനും, സമൂഹത്തിനും പ്രയാസമുണ്ടാക്കാറുണ്ട്.

01 ജോലിക്കിടയിലും, യാത്രാവേളകളിലും പുരുഷന്മാർക്കിടയിൽ തിക്കിത്തിരക്കേണ്ടിവരുന്നു. അതിന്റെ ഫലമായി ചിലപ്പോൾ അവൾക്ക് വിരൂപതയും, ക്ഷീണവും രക്തച്ചൊരിച്ചിലും ഏൽക്കേണ്ടി വരുന്നു.

02 സന്താനങ്ങളുടെ സംരക്ഷണം, പരിപാലനം, വീട്ടുജോലി എന്നിവ കൃത്യമായി നിർവ്വഹിക്കുന്നതിന് അവർക്ക് സാധിക്കാതെ വരുന്നു. ഇതു ചിലപ്പോൾ പുരുഷന്മാർക്ക് അവരോട് നീരസം ജനിപ്പിക്കുന്നു. അതിലൂടെ വിവാഹമോചനം, വേർപിരിയൽ മറ്റുവിവാഹം എന്നിവയിലേക്ക് എത്തുവാൻ കാരണമാവുകയും ചെയ്യുന്നു

03 പിശാച് മനുഷ്യന്റെ സർവ്വ രക്തസിരകളിലും സഞ്ചരിക്കുമെന്ന് നബി ﷺ പറഞ്ഞിരിക്കുന്നു. അതിനാൽ തന്നെ അവളുടെ ജോലി സ്ഥലങ്ങളിലുള്ള അന്യ പുരുഷനുമായുള്ള ബന്ധങ്ങൾ ചിലപ്പോൾ സന്താനങ്ങൾ വഴിയാധാരമാകുവാനും, കുടുംബം ശിഥിലമാകാനും വിവാഹ

മോചനത്തിനു വരെ അവളുടെ തൊഴിൽ കാരണമായേക്കാം.

04 സന്താനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് മാതാവിന്റെ പരിലാളനയും നിർമ്മല സ്നേഹ വായ്പുകളും ആഗ്രഹിക്കുന്നവരാണ്. ആ മാതാവിന്റെ സംരക്ഷണത്തിനു കീഴിലാണ് അവർ വളരേണ്ടതും. എന്നാൽ സ്ത്രീ പുറം ജോലിക്കു പോകുന്നതോടെ അവർക്കത് ലഭിക്കാതാവുന്നു. അക്കാരണത്താൽ തന്നെ സന്താനങ്ങൾക്ക് മാർഗ്ഗഭ്രംശം സംഭവിക്കാനും, കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള തൽപരതയും വർദ്ധിക്കുന്നു. ഇന്ന് പാശ്ചാത്യരിൽ കണ്ടുകൊണ്ടിരിക്കുന്നതും ഇത് തന്നെയാണ്.

05 സന്താനങ്ങളുടെ മരണത്തിനു പോലും ഒരു പക്ഷേ അത് കാരണമാവുന്നു. ഉദ്യോഗസ്ഥയായ ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം, അവളുടെ ജോലിക്കുള്ള സമയമായി എന്നു സങ്കൽപ്പിക്കുക, രോഗിയായ തന്റെ അരുമസന്തതി ഉമ്മയെ വിളിച്ചുകൊണ്ടു ചോദിക്കുന്നു: 'ഉമ്മാ, എന്നെ ഈ വീട്ടിൽ തനിച്ചാക്കി നിങ്ങൾ എങ്ങോട്ടാണ്? എങ്കിലും മാതാവിന് തന്റെ ജോലിക്ക് പ്രാമുഖ്യം നൽകി അതിന് പുറപ്പെടേണ്ടി വരും, ആ കുഞ്ഞിന്റെ വിളികേട്ട് അവനെ പരിചരിക്കുവാൻ അവൾക്ക് സാധിക്കുന്നില്ല.

ജോലി സമയം കഴിഞ്ഞു, മാതാവ് വീട്ടിൽ തിരിച്ചെത്തുന്നു. പക്ഷേ അപ്പോഴേക്കും ആ കുഞ്ഞ് നിശ്ചലമായി, മരണപ്പെട്ടിരിക്കുന്നു. മരവിച്ച ജഡം കണ്ട് കൊണ്ട് ആ

കുഞ്ഞിന് വേണ്ടി അവൾ നിലവിളിച്ച് കരയും. ഖേദം പ്രകടിപ്പിക്കും. പക്ഷേ എല്ലാം നിഷ്ഫലം! എല്ലാം കടിച്ചിറക്കി അവൾ പറയും 'ഒരു മനുഷ്യന്റെ സമ്പാദ്യത്തിൽ ഏറ്റവും നല്ല സമ്പാദ്യം മക്കളാണ്, ആ കുഞ്ഞ് നഷ്ടപ്പെട്ടു, താൻ ജോലി ചെയ്ത് പണം സ്വരൂപിച്ചത് കൊണ്ട് എനിക്ക് എന്ത് നേടാനായി?



# സ്ത്രീ– തൊഴിലില്ലായ്മയുടെ കാരണം

01 പാശ്ചാത്യൻ സമൂഹത്തിന് ഏറ്റവും പ്രശ്നം സൃഷ്ടിക്കുന്ന ഒരു കാര്യമാണ് അവരിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ. സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവിടെ ജോലി ചെയ്യുന്നത് സ്ത്രീകളാണ്. അതിനാൽ തന്നെ തൊഴിലില്ലായ്മ ഭീകരമായ രൂപത്തിൽ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്കും വിരുദ്ധരായ മറ്റുള്ളവർക്കും അതിന് പരിഹാരം നിർദ്ദേശിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, തൊഴിലില്ലായ്മ നാൾക്കുനാൾ വർദ്ധിക്കുന്നത് തടയാൻ പോലും അവർക്കു സാധിക്കുന്നില്ല. സമൂഹത്തിൽ സർവ്വ മണ്ഡലങ്ങളിലും സ്ത്രീകൾ ജോലി ചെയ്യാൻ തുടങ്ങിയതു കൊണ്ടാണ് പുരുഷന്മാർക്കിടയിൽ തൊഴിലില്ലായ്മ ഇത്രയധികം വർദ്ധിച്ചതെന്ന സത്യം നമുക്ക് കണ്ടെത്താവുന്നതാണ്. ഗവൺമെന്റ് ഓഫീസുകളിലും, കമ്പനികൾ, ഫാക്ടറികൾ പോലുള്ള സ്ഥലങ്ങളിലും പുരുഷൻമാരുടെ തിക്കിത്തിരക്ക് അനുഭവപ്പെടുന്നു എന്നത് മാത്രമാണ് ഇന്ന് നാം കാണുന്നത്.

02 പാശ്ചാത്യൻ സമൂഹത്തിൽ ഇന്നനുഭവപ്പെടുന്ന സാമ്പത്തിക പരാധീനത കാരണം പലരുടെയും ജോലി

സാധ്യത നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയുമാണ്. ധാരാളം ഉദ്യോഗസ്ഥരെയും ജോലിക്കാരെയും പിരിച്ചുവിട്ടു കൊണ്ടിരിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആദ്യമായി പിരിച്ചുവിടപ്പെടുന്നതും പുരുഷന്മാരാണ്. എന്തുകൊണ്ടെന്നാൽ കമ്പനികളും കച്ചവട സ്ഥാപനങ്ങളും ഉൽപന്നങ്ങൾക്ക് വിപണിയിൽ ഉപഭോക്താക്കളെ ആകർഷിക്കാൻ ഏറ്റവും കഴിവും ആകർഷണീയതയും കാണുന്നത് സ്ത്രീകളിലൂടെയാണ്.

03 ഏറ്റവും വേദനാജനകമായ കാര്യം പല മുസ്‌ലിം നാടുകളും ഇന്ന് പാശ്ചാത്യരെ അനുഗമിക്കുവാൻ ശ്രമിക്കുന്നു എന്നതാണ്. അങ്ങനെ ഗവൺമെന്റ് ഓഫീസുകൾ, വക്കീലുമാർ, കമ്പനികൾ, മറ്റു ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം സ്ത്രീകളെ ജോലിക്ക് സ്വീകരിച്ച് കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ പുരുഷന്മാരാണ് സ്ത്രീയുടെ സംരക്ഷണ ചുമതല വഹിക്കേണ്ടവർ. എന്നാൽ അവരിന്ന് ജോലിയില്ലാത്തവരായി മാറിയിരിക്കുകയാണ്. മാത്രമല്ല, സാംസ്കാരിക രംഗവും ഇന്ന് തല കീഴായി മിറഞ്ഞിരിക്കുന്നു. ദു:സ്വഭാവം സർവ്വത്ര വ്യാപകമായി, വൃത്തികേടുകൾ വർദ്ധിച്ചിരിക്കുന്നു. ഭാര്യാഭർത്താക്കൻമാർക്കിടയിൽ ബന്ധം തകർന്നു കൊണ്ടിരിക്കുന്നു. ഇതാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്.

# സമ്മിശ്ര വിദ്യാഭ്യാസം അപകടം

പാഠശാലകളിൽ സ്ത്രീയും പുരുഷനും കൂടികലർന്നു കൊണ്ടുള്ള പഠനരീതി വിദ്യാർത്ഥികളിലെന്ന പോലെ സ്ത്രീ പുരുഷൻമാരിലും വലിയ വിപത്തിനു കാരണമാകുമെന്നതിൽ സംശയമില്ല.

01 ഇസ്‌ലാമികവും, അറബിരാജ്യവുമായ ഒരു പ്രദേശത്തെ കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ കൃഷി സംബന്ധമായ പരീക്ഷണങ്ങൾക്കായ് ഫീൽഡിൽ ജോലിചെയ്യുന്നു. പിരിശീലനത്തിനു ശേഷം ഒരു വിദ്യാർത്ഥിനിയോടൊപ്പം ബാത്ത് റൂമിലേക്ക് കൂട്ടി കൊണ്ട് പോവുന്ന വിദ്യാർത്ഥിയെ കാണാനിടയായ വാർഡനിലൂടെ ഈ വാർത്ത പുറത്താവുന്നു. സർവ്വകലാശാലക്കെന്നപോലെ വിദ്യാർത്ഥികൾക്കും, പ്രത്യേഗിച്ച് വിദ്യാർത്ഥിനികൾക്കും ഇത് വലിയ തോതിൽ അപമാനം ഉണ്ടാക്കുകയുണ്ടായി.

02 സ്റ്റാഫ് റൂമുകളിൽ അദ്ധ്യാപികാ- അധ്യാപകൻമാർ ഒരുമിച്ചിരുന്ന് തമാശ പറഞ്ഞും, ചിരിച്ചും കുഴപ്പമുണ്ടാക്കുന്ന അവസ്ഥ വ്യാപകമാണ്. ഇത് സ്വാഭാവികമായും ഭാര്യയോടുണ്ടായിരുന്ന മതിപ്പില്ലാതാക്കാനും ഭർത്താവിന്റെ മന:സ്ഥിതിക്ക് മാറ്റമുണ്ടാക്കുമെന്നതിലും സംശയമില്ല. കാരണം തന്റെ ഭാര്യയെക്കാൾ സുന്ദരിയായവളായിരിക്കാം

അവന്റെ കൺമുമ്പിൽ സ്റ്റാഫ് റൂമുകളിലിരിക്കുന്നതും അവനോടു സംസാരിക്കുന്നതും. അതിനാൽ തന്നെ ഭാര്യാഭർത്താക്കന്മാർക്കിടയിൽ വിള്ളലുണ്ടാവുകയും അവസാനം വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്യുന്നു. ഇതിനുള്ള കാരണമന്വേഷിച്ചാൽ അദ്ധ്യാപിക യായി വീട്ടിൽ നിന്നു പുറപ്പെട്ടവൾ, അന്യരായ അധ്യാപകൻമാരോടൊത്തിരുന്നതും അവരെ തെറ്റിലേക്ക് ആനയിച്ചതും പെണ്ണാണെന്ന് കാണാൻ പ്രയാസമില്ല.

03 പ്രൈമറി തലങ്ങളിൽ കൊച്ചു കുട്ടികളായിരിക്കെ അധ്യാപികമാരുടെ ശിക്ഷണത്തിൽ പഠനം നടത്തിയ കുട്ടികൾ, മുതിർന്ന ക്ലാസുകളിൽ തങ്ങളുടെ അധ്യാപകരോട് ഒരിക്കൽ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചപ്പോൾ പറഞ്ഞത് നമ്മേ ഉണർത്തേണ്ടതല്ലേ? 'പഠിപ്പിച്ചിരുന്ന അധ്യാപിക എന്തോ ആവശ്യത്തിന്നായി കുനിഞ്ഞ സന്ദർഭത്തിൽ ക്ലാസിലെ ഒരു വിദ്യാർത്ഥി അദ്ധ്യാപികയുടെ തുടയിലേക്ക് ശ്രദ്ധിക്കുകയുണ്ടായി'

04 എന്നാൽ സൗദി അറേബ്യയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ സ്ത്രീ പുരുഷൻമാർ പരസ്പരം കൂടി കലർന്നുകൊണ്ടുള്ള പഠന രീതിയിൽ നിന്നു രക്ഷപ്പെട്ടിരിക്കുന്നു. എല്ലാ തലങ്ങളിലും ഇത് സാധാരണമാണ്. മാത്രമല്ല, ഹിജാബിന്റെയും, സ്വഭാവത്തിന്റെയും കാര്യത്തിൽ അവർ വളരെയധികം ശ്രദ്ധപുലർത്തുകയും ചെയ്യുന്നു.

# മുസ്‌ലിം സ്ത്രീകൾ ജോലി ചെയ്യുമ്പോൾ

ഇസ്‌ലാം സ്ത്രീകളെ ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ ആദരിക്കുകയും അവളെ ബഹുമാനിക്കുകയും ചെയ്തിരിക്കുന്നു. ഒരു ഇസ്‌ലാമിക കുടുംബത്തിനും, മുസ്‌ലിം സമൂഹത്തിനും, ഇസ്‌ലാമിക രാജ്യത്തിനും ആണിക്കല്ലായി വർത്തിക്കുവാൻ പര്യാപ്തമായ ജോലി ചെയ്യുന്നതിന് അവളെ അനുവദിക്കുകയും ചെയ്തിരിക്കുന്നു. മുസ്‌ലിം സ്ത്രീകൾ ഒരിക്കലും ജോലി ചെയ്തുകൂടാ എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. സ്ത്രീകൾക്ക് അല്ലാഹു നൽകിയ നൈസർഗ്ഗിക പ്രകൃതിക്ക് അനുയോജ്യമായ ജോലികൾ അവരുടെ മാന്യതക്ക് ഇണങ്ങുന്ന രീതിയിൽ ചെയ്യുന്നതിനെ ഇസ്‌ലാം തടയുന്നുമില്ല.

01 സ്ത്രീക്കും പുരുഷനും സമാനമായ രൂപത്തിൽ ഉപദ്രവമായേക്കാവുന്നതും പരസ്പരം കൂടിക്കലർന്ന് ചെയ്യുന്നതുമായ ജോലിയിൽ ഏർപ്പെട്ടുകൂടാ.

02 സ്ത്രീകളുടെ കൈകാര്യകർത്താക്കളായ ഭർത്താവ്, പിതാവ്, സഹോദരന്മാർ പോലുള്ളവരുടെ സമ്മതത്തോടുകൂടിയായിരിക്കണം അവൾ ജോലി ചെയ്യുന്നത്.

03 അമിതമായ രൂപത്തിൽ പ്രയാസമുണ്ടാക്കുകയും, ക്ഷീണിപ്പിക്കുകയും, രക്തം ചിന്തുകയും ചെയ്യുന്ന

ജോലികളായിരിക്കരുത്. മറിച്ചു സ്ത്രീത്വത്തോടും അവരുടെ പ്രകൃതിയോടും ഇണങ്ങിയതായിരിക്കണം.

04 സമൂഹത്തിന് പൊതുവെ നേട്ടമുണ്ടായേക്കാവുന്ന മണ്ഡലങ്ങളിലായിരിക്കണം അവൾ ജോലി ചെയ്യുന്നത്.

**(എ) വിദ്യാഭ്യാസ രംഗം–** പെൺകുട്ടികളെ പുരുഷൻമാർക്ക് പഠിപ്പിക്കാൻ ഏൽപിക്കാതിരിക്കുക എന്ന ലക്ഷ്യത്തിനായി അവരുടെ വിദ്യാഭ്യാസ കാര്യത്തിനായി ജോലി ചെയ്യുക.

**(ബി) ചികിത്സാ രംഗം–** പുരുഷൻമാർ സ്ത്രീകളെ ചികിത്സിക്കാതിരിക്കുവാനും, ആരംഗത്ത് സ്ത്രീകളെ സഹായിക്കാനുമായി അവർക്ക് ചികിത്സ സംബന്ധമായ ജോലിയിൽ ഏർപ്പെടാവുന്നതാണ്.

**(സി) ടൈലറിംഗ്–** പുരുഷൻമാരായ തയ്യൽക്കാരെ സ്ത്രീകൾ സമീപിക്കാതിരിക്കുക എന്ന മഹനീയമായ ലക്ഷ്യത്തിനായി സ്ത്രീകളുടെ വസ്ത്രം തുന്നുന്നതിനായി ജോലി ചെയ്യാവുന്നതാണ്.

**(ഡി) പൂർണ്ണ സമയവും ജോലിക്കായ് നീക്കിവെക്കാതിരിക്കുക–**വീട്ടു ജോലിക്കും സന്താനങ്ങളുടെ സംരക്ഷണത്തിനും ഭർത്താവിന്റെ താൽപര്യത്തിനും സമയം ലഭിക്കാവുന്ന രൂപത്തിലുള്ള ജോലിയിലായിരിക്കണം അവൾ വ്യാപൃതയാവേണ്ടത്.

**(ഇ) അലങ്കാരങ്ങൾ വെളിവാക്കിക്കൊണ്ട് പുറത്ത് പോവാതിരിക്കുക–** ജോലിക്ക് വേണ്ടി പുറ പ്പെടുമ്പോൾ ദേഹാലങ്കാരം വെളിവാക്കിക്കൂടാ. സുഗന്ധം ഉപയോഗിച്ച് കൂടാ. പുരുഷൻമാർ കാണാൻ ഇടവരുമ്പോൾ മുഖം മറച്ചും പൂർണ്ണമായും ശരീരത്തെ മറക്കുവാൻ, പർദ്ദ യണിഞ്ഞു മായിരിക്കണം അവൾ പുറത്തിറങ്ങേണ്ടത്.



# സ്ത്രീപുരുഷൻമാർ ഇണയെ തെരഞ്ഞെടുക്കുമ്പോൾ

01 സൗന്ദര്യത്തിനോ, സമ്പത്തിനോ, ദുരഭിമാനത്തിനോ അമിതമായ പ്രാധാന്യം നോക്കി വിവാഹം ചെയ്യരുത്. അതിനേക്കാൾ പ്രാധാന്യം നൽകേണ്ടത് ധാർമ്മികവും, സ്വഭാവ സംസ്കൃതിക്കുമായിരിക്കണം. നബി ﷺ യുടെ കൽപന കാണുക: 'മതപരമായും സ്വഭാവപരവുമായ നടപടി ക്രമങ്ങളിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരാൾ വിവാഹം അന്വേഷിച്ചു വന്നാൽ അവർക്കായിരിക്കണം നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുന്നത്. അപ്രകാരം ചെയ്യാതിരുന്നാൽ ഭൂമിയിൽ മഹാകുഴപ്പത്തിനിടയാക്കും' (തിർമിദി)

02 മതമുള്ള ഒരാളെയാണ് നീ ഭർത്താവായി ഇഷ്ടപ്പെടുന്നതെങ്കിൽ അതിലൂടെ നിന്റെ മതപരവും ഭൗതികപരവുമായ ഒരു സഹായിയായി അയാളെ നിനക്ക് കണ്ടെത്താം.

03 അവൻ ഇഷ്ടപ്പെടുന്നുവെങ്കിൽ അവനിൽ നിന്ന് നിനക്ക് യാതൊരു ഉപദ്രവവും ഏൽക്കേണ്ടിവരില്ല, നിന്നെ വെറുക്കുകയോ നിന്ദിക്കുകയോ ചെയ്യില്ല. കാരണം പ്രവാചകൻ ﷺ പറഞ്ഞിരിക്കുന്നു: 'ഒരു വിശ്വാസിയും ഒരു വിശ്വാസിനിയെ ഒഴിവാക്കാവതല്ല, അവളിലുള്ള ഒരു

സ്വഭാവം നിനക്കിഷ്ടമില്ലെങ്കിലും മറ്റു സ്വഭാവം നിന്നെ തൃപ്തിപ്പെടുത്തിയേക്കാമല്ലോ'

04 മതചിട്ടയുള്ള ഭർത്താവ് മക്കളെ ശരിയായ ഇസ്‌ലാമിക ശിക്ഷണത്തോടെ വളർത്തുവാൻ നിന്നെ സഹായിച്ചേക്കാം.

05 പാരത്രികവും ഭൗതികവുമായ ജീവിതത്തിൽ സൗഭാഗ്യം നേടാൻ പര്യാപ്തമായ അടിസ്ഥാനപരമായ മതസാഹചര്യത്തോടു പൊരുത്തപ്പെടാനും, അതിൽ സംതൃപ്തിയടയാനും നിനക്കവസരമുണ്ടായിരിക്കും.

06 നിനക്കുണ്ടായേക്കാവുന്ന പിഴവുകൾ മതബോധമുള്ള ഭർത്താവ് നിന്നെ ഉപദേശിക്കും, ശരിയേതാണെന്ന് ഉണർത്തുകയും ചെയ്തേക്കാം.

07 അപ്രകാരം തന്നെ ധാർമ്മിക ബോധമുള്ള സുശീലകളായ സ്ത്രീകളെ ഇണയായി തെരഞ്ഞെടുക്കാൻ പുരുഷൻമാരും ശ്രദ്ധിക്കേണ്ടതാണ്. അവൾ നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുകയും കുടുംബത്തേയും വീടിനേയും തിന്മകളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യും. ഭർത്താവിന്റെ കടമകൾ നിർവ്വഹിക്കുവാൻ അവൾ സന്നദ്ധതയുള്ളവളായിരിക്കുകയും ചെയ്യും. അതാണ് നബി ﷺ യുടെ വചനം സൂചിപ്പിക്കുന്നത്. 'അവിടുന്ന് പറഞ്ഞു: 'നാലുകാര്യങ്ങൾക്കു വേണ്ടിയാണ് പൊതുവിൽ വിവാഹം നടത്തപ്പെടുന്നത്. സൗന്ദര്യം, തറവാട്, സമ്പത്ത്, മതബോധം എന്നിവയത്രെ അത്. എന്നാൽ നീ മതബോധമുള്ളവളെ വിവാഹം ചെയ്ത് വിജയം വരിക്കുക, നിന്റെ കൈ മണ്ണുപുരണ്ടാലും ശരി' (ബുഖാരി, മുസ്‌ലിം)

യഥാർത്ഥത്തിൽ പ്രവാചകൻ ﷺ ദാമ്പാദർത്യ ജീവിതത്തിന്റെ പുറംപൂച്ചുകളിലല്ല, മറിച്ച് അവയുടെ ഐശ്വര്യത്തിലാണ് സൗഭാഗ്യമെണെന്നാണ് പഠിപ്പിക്കുന്നത്. അവിടുന്ന് പറഞ്ഞു: 'നിങ്ങളുടെ രൂപങ്ങളിലേക്കോ, ശരീരത്തിലേക്കോ അല്ല അല്ലാഹു നോക്കുന്നത്, മറിച്ച് പ്രവർത്തനങ്ങളിലേക്കും, ഹൃദയങ്ങളിലേക്കുമത്രെ' (മുസ്‌ലിം)



# ഭർത്താവിനെ തെരഞ്ഞടുക്കുവാനുള്ള സ്വാതന്ത്ര്യം

സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ ഒരു നാഴികക്കല്ലാണ് വിവാഹം. ഭാവിജീവിതത്തിനുള്ള വിവാഹത്തിന് തനിക്കനുയോജ്യമായൊരു ഭർത്താവിനെ തെരഞ്ഞെടുക്കുവാനുള്ള സ്വതന്ത്ര്യവും, അവളുടെ അഭിപ്രായത്തെ അംഗീകരിക്കാനും ഇസ്‌ലാം നിർദ്ദേശിക്കുന്നു. മുസ്‌ലിം സ്ത്രീകൾക്ക് ഇസ്‌ലാം നൽകിയ ഏറ്റവും സുപ്രധാനമായ ഒരു പദവിയത്രെ ഇത്.

## 01 പെൺ കുട്ടിയുടെ സമ്മതം ഉണ്ടായിരിക്കണം:

വിവാഹത്തിന് കന്യകയായ പെൺകുട്ടിയുടെ സമ്മതം അനിവാര്യമാണെന്ന് നബി ﷺ പഠിപ്പിക്കുന്നുണ്ട്. ആയിശ رضي الله عنها യിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ അവർ പറഞ്ഞു: 'കന്യകയായ പെണ്ണിനെ വിവാഹാന്വേഷണം ചെയ്യുമ്പോൾ അവളോടു ആലോചിക്കേണ്ട ആവശ്യമുണ്ടോ എന്ന് ഞാൻ നബി ﷺ യോട് ചോദിക്കുകയുണ്ടായി. അപ്പോൾ അവിടുന്നു പറഞ്ഞു: 'തീർച്ചയായും ആലോചിക്കണം. അപ്പോൾ ഞാൻ പറഞ്ഞു, നബിയെ, അവൾ ലജ്ജകാണിക്കില്ലേ? അപ്പോൾ അവിടുന്നു പറഞ്ഞു: 'കന്യകയായ പെണ്ണിന്റെ സമ്മതം അവളുടെ മൗനമാണ്' (ബുഖാരി, ബാബുന്നികാഹ്)

**കന്യകയായ ചെറിയ പെൺകുട്ടി:**

എന്നാൽ ചെറിയ പെൺകുട്ടിയെ അവളുടെ സമ്മതം ചോദിക്കാതെ തന്നെ പിതാവിന് വിവാഹം ചെയ്തയക്കാവുന്നതാണ്. ഇബ്നു ഹജർ ഈ വിഷയത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നത് കാണുക. അനുവാദം കൊടുക്കുക, വെറുപ്പു പ്രകടിപ്പിക്കുക എന്നിവയുടെ പൊരുൾ അറിയാത്തവരോട് അനുവാദം ചോദിക്കേണ്ട ആവശ്യമില്ല' വിശുദ്ധ ഖുർആൻ പറയുന്നു:

'നിങ്ങളിലുള്ള അവിവാഹിതകളുമായി നിങ്ങൾ വിവാഹബന്ധത്തിൽ ഏർപ്പെടുക' (നൂർ- 32)

അയ്മൻ എന്നാൽ ഭർത്താവില്ലാത്ത ചെറുതോ വലുതോ ആയ സ്ത്രീ എന്നാണ് ഉദ്ദേശ്യം. അബൂബക്കർ ﵁ നബി ﷺ ക്ക് തന്റെ പുത്രി ആയിശയെ വിവാഹം ചെയ്തു കൊടുത്തത് ആറുവയസുള്ളപ്പോഴാണെന്നും, ഒമ്പതു വയസു പ്രായമായിരിക്കെ അവരോടൊരുമിച്ച് വീടുകൂടിയതും സുപരിചിതമാണല്ലോ. (ബുഖാരി, മുസ്‌ലിം)

## 02 പ്രായപൂർത്തിയെത്തിയ വിധവ:

വിവാഹശേഷം ബന്ധം വേർപിരിക്കപ്പെട്ടവരാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. അവരുടെ പുനർവിവാഹത്തിന് വ്യക്തമായ രൂപത്തിൽ അവൾ സമ്മതം നൽകേണ്ടതാണ്. നബി ﷺ പറഞ്ഞിരിക്കുന്നു 'സമ്മതം അന്വേഷിക്കാതെ, സ്ത്രീകളെ വിവാഹം ചെയ്തയക്കാൻ പാടില്ല' (ബുഖാരി)

വിവാഹ മോചനത്തിലൂടെയോ, ഭർത്താവിന്റെ മരണം കാരണമോ ഭർത്താവില്ലാത്ത സ്ത്രീകളേയോ ആണ്

വിധവ എന്നു പ്രയോഗിക്കുക എന്നാണ് ഇബ്നുഹജർ പറയുന്നത്. അവരെ പുനർ വിവാഹം ചെയ്യണമെങ്കിൽ അവരുടെ വ്യക്തമായ സമ്മതം ആവശ്യമാകുന്നു. (ഫത്ഹുൽ ബാരി 9/192)

ഇമാം ബഗവിയുടെ അഭിപ്രായത്തിൽ അവരുടെ സമ്മതമില്ലാതെയാണ് രക്ഷാകർത്താവ് വിവാഹം ചെയ്യുന്നതെങ്കിൽ ആ വിവാഹം അസാധുവാകുന്നു എന്നാണ്.

പ്രസിദ്ധ സഹാബി വനിത ഖൻസ ബിൻത് ഖദ്ദാമി ﵂ ൽ നിന്ന് ഉദ്ദരിക്കുന്നു. അവരുടെ സമ്മതമില്ലാതെ പിതാവ് അവരെ പുനർവിവാഹം ചെയ്തു കൊടുത്തു. അവർക്കതിൽ താൽപര്യമുണ്ടായിരുന്നില്ല. അവർ നബി ﷺ യോട് പ്രശ്നം അവതരിപ്പിച്ചു. അപ്പോൾ ആ വിവാഹം അസാധുവാക്കുവാൻ അവിടുന്നു കൽപ്പിച്ചു. (ബുഖാരി)

## 03 പ്രായ പൂർത്തിയായ കന്യക:

അവളുടെ അഭിപ്രായം ആരായുന്നതിന്നു മുമ്പ് അവളെ വിവാഹം ചെയ്തു കൊടുക്കുവാൻ പിതാവിന് (രക്ഷാധികാരിക്ക്)പാടില്ല. കാരണം നബി ﷺ പറഞ്ഞിരിക്കുന്നു: 'അനുവാദം ചോദിക്കാതെ കന്യകളെ വിവാഹം ചെയ്തു കൊടുക്കരുത്. വിധവയാണെങ്കിലും കൂടിയാലോചന നടത്തണം. അപ്പോൾ ചോദിക്കപ്പെട്ടു: നബിയെ കന്യകയായ സ്ത്രീ ലജ്ജകാണിക്കുകയും മിണ്ടാതിരിക്കുകയും ചെയ്യുമല്ലോ? അപ്പോൾ നബി ﷺ പറഞ്ഞു: കന്യകയുടെ സമ്മതം അവൾ മൗനം പാലിക്കലാകുന്നു' (ബുഖാരി)

ഇപ്രകാരം അനുവാദം ചോദിക്കുക എന്നത് രക്ഷാധി

കാരികൾ പിതാവാണെങ്കിലും അല്ലെങ്കിലും അനിവാര്യ മത്രെ. കാരണം പ്രായപൂർത്തി എത്തിയ പെൺകുട്ടി യുടെ ധനം സ്വമേധയാ ക്രയവിക്രയം ചെയ്യാൻ പിതാവിന് അധികാരമില്ലാത്തതു പോലെതന്നെയാണിത്.

ഇബ്നുൽ ഖയ്യിം പറയുന്നതു കാണുക, പെൺകുട്ടി യുടെ സമ്പത്ത് അവളുടെ സമ്മതമില്ലാതെ വിനിയോഗി ക്കുക എന്നത് പിതാവിനെ സംബന്ധിച്ചിടത്തോളം വലിയ ഗുരുതരമായ കാര്യമല്ലെങ്കിലും, അവളുടെ അഭിപ്രായം അന്വേഷിക്കാതെ വിവാഹം നടത്തുക എന്നത് പാടില്ലാ ത്ത കാര്യമാകുന്നു. (സാദുൽ മആദ്- 599) (സ്ത്രീ ഇസ് ലാമിനും ജാഹിലിയ്യത്തിനും മധ്യേ എന്ന ഗ്രന്ഥം കാണുക)

# പെൺകുട്ടികളോടുള്ള സമീപനം പ്രവാചക ചര്യയിൽ

പെൺകുട്ടികളോട് ഏറ്റവും മാന്യവും ഉൽകൃഷ്ടവുമായ രൂപത്തിൽ പെരുമാറണമെന്നാണ് നബി ﷺ കൽപിക്കുന്നത്. അവർക്ക് ഏറ്റവും നല്ല ശിക്ഷണം നൽകണമന്ന് അനുശാസിക്കുകയും ചെയ്യുന്നു. കാരുണ്യത്തോടും വാൽസല്യത്തോടും അവർക്ക് നന്മ ചൊരിയാൻ നബി ﷺ ആവശ്യപ്പെടുകയും ചെയ്യുന്നു,

01 നബി ﷺ പറയുകയുണ്ടായി: 'ആരെങ്കിലും രണ്ടു പെൺകുട്ടികളെ പ്രായപൂർത്തി എത്തുന്നതുവരെയും (വിവാഹം ചെയ്തയക്കുന്നതുവരെയും സ്വയം പര്യാപ്തത നേടുന്നതുവരെയും) ശിക്ഷണവും, ഭക്ഷണവും നൽകി വളർത്തുന്നുവെങ്കിൽ അയാളും ഞാനും അന്ത്യനാളിൽ ഒരുമിച്ചായിരിക്കും വരിക (ഇതു പറഞ്ഞപ്പോൾ നബി ﷺ തന്റെ വിരലുകൾ പരസ്പരം കൂട്ടിപ്പിടിക്കുകയുണ്ടായി) (മുസ്‌ലിം)

02 മറ്റൊരിക്കൽ അവിടുന്നു പറഞ്ഞു: 'രണ്ടു പെൺകുട്ടികളെ സ്വയം പര്യാപ്തരാകുന്നതുവരെയും പരിപാലിക്കുന്ന പിതാവും ഞാനും സ്വർഗ്ഗത്തിൽ ഒരുമിച്ചായിരിക്കും' (മുസ്‌ലിം)

03 വീണ്ടും മറ്റൊരിക്കൽ അവിടുന്നു പറഞ്ഞു: (നിങ്ങൾ ആരെങ്കിലും മൂന്നു പെൺകുട്ടികളെ പോറ്റി വളർത്തുകയും അവർക്ക് ഭക്ഷണവും, വസ്ത്രവും നൽകുകയും ചെയ്യുന്നുവെങ്കിൽ അവർ (പെൺ കുട്ടികൾ) അവനെ (പിതാവിനെ) നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുന്ന മറയായി മാറുന്നതാണ്. (സ്വഹീഹുൽ ജാമിഅ്- അൽബാനി)

04 'ആർക്കെങ്കിലും മൂന്ന് പെൺ കുട്ടികളുണ്ടാവുകയും അവരോട് നന്നായ രൂപത്തിൽ പെരുമാറുകയും ചെയ്യുന്നുവെങ്കിൽ അയാൾക്ക് (പിതാവിന്) അവർ നരകത്തിൽ നിന്നുള്ള ഒരു മറയായിരിക്കും' (ബുഖാരി, മുസ്‌ലിം)

05 ആയിശ ﵂ യിൽ നിന്നും നിവേദനം ചെയ്യുന്നു: അവർ പറഞ്ഞു: 'ഒരിക്കൽ സാധുവായൊരു മാതാവ് രണ്ടു പെൺ കുട്ടികളേയും എടുത്ത് വരികയുണ്ടായി. അവരുടെ കൈയ്യിൽ മൂന്ന് കാരക്കയുണ്ടായിരുന്നു. അവയിൽ നിന്നും ഓരോന്ന് തന്റെ രണ്ട് കുട്ടികൾക്കും അവർ നൽകുകയുണ്ടായി. മൂന്നാമത്തേത് അവൾ (ഉമ്മ) തന്റെ വായിലേക്ക് കൊണ്ടു പോകുന്നതിനിടയിൽ ആ കുട്ടികൾ തന്നെ അത് ചോദിച്ചു കൊണ്ടിരുന്നു. അപ്പോൾ ആ കാരക്ക രണ്ടു പകുതിയാക്കി ഓരോ കുട്ടികൾക്കും തന്നെ നൽകി. അത്ഭുതത്തോടെ ഞാൻ നബി ﷺ യോട് ഇതിനെ കുറിച്ചു പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'അവർക്ക് അല്ലാഹു സ്വർഗ്ഗം നിർബന്ധമാക്കിയിരിക്കുന്നു, നരകത്തിൽ നിന്നും അവരെ അല്ലാഹു മോചിപ്പിക്കുകയും ചെയ്തിരിക്കുന്നു' (ബുഖാരി, മുസ്‌ലിം)

06 മുഹമ്മദ്ബ്നു സുലൈമാൻ ﷺ പറയുകയുണ്ടായി: ആൺകുട്ടികൾ ഉണ്ടാവുകയെന്നാൽ അത് അനുഗ്രഹ മത്രെ. പെൺകുട്ടികൾ ജനിക്കുക എന്നാൽ അത് പുണ്യ കർമ്മമാണ്. അനുഗ്രഹങ്ങളെ കുറിച്ച് അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് വിധേയമാകേണ്ടിവരും. പുണ്യക ർമ്മങ്ങളാണെങ്കിൽ അവ പ്രതിഫലാർഹവുമത്രെ.



# സ്ത്രീ– വിശുദ്ധ ഖുർആനിന്റെ വീക്ഷണത്തിൽ

ഇസ്‌ലാമിനു മുമ്പ് (അജ്ഞാനകാലഘട്ടത്തിൽ) പെൺ കുഞ്ഞ് ജനിക്കുന്നത് തന്നെ അപലക്ഷണീയമായി കണ്ടിരുന്ന ജനത! അവർ ജനിച്ച വാർത്ത കേട്ടാൽ ദുഃഖത്താലും അപമാന ഭാരത്താലും അവരോടു വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഇസ്‌ലാം സ്ത്രീകളോടു വെറുപ്പ് പ്രകടിപ്പിക്കാൻ പാടില്ലെന്നു വിലക്കുകയും അവരെ ആദരിക്കണമെന്ന് അനുശാസിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

﴿ وَإِذَا بُشِّرَ أَحَدُهُم بِٱلۡأُنثَىٰ ظَلَّ وَجۡهُهُۥ مُسۡوَدّٗا وَهُوَ كَظِيمٞ ﴿٥٨﴾ يَتَوَٰرَىٰ مِنَ ٱلۡقَوۡمِ
مِن سُوٓءِ مَا بُشِّرَ بِهِۦٓۚ أَيُمۡسِكُهُۥ عَلَىٰ هُونٍ أَمۡ يَدُسُّهُۥ فِي ٱلتُّرَابِۗ أَلَا سَآءَ مَا يَحۡكُمُونَ ﴾

[النحل: ٥٨-٥٩]

'അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷ വാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു, അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്നവൻ ഒളിച്ചു കളയുന്നു. അപമാനത്തോടെ അതിനെ വെച്ചു കൊണ്ടിരിക്കണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ എന്നതായി

രിക്കും അവന്റെ ചിന്ത. ശ്രദ്ധിക്കുക, അവർ എടുക്കുന്ന തീരുമാനം എത്ര മോശം' (നഹ്ൽ: 58, 59)

ഈ പ്രവർത്തനങ്ങൾ വിശ്വാസ ദൗർബല്യത്തിന്റെയും, അസ്വസ്ഥതയുടെയും ഫലമായാണ് ഉണ്ടാവുന്നത്. അല്ലാഹുവിന്റെ തീരുമാനത്തിൽ സംതൃപ്തിയടയാത്ത തിന്റെ ഫലവുമാണിത്.

ഇതിനെക്കാൾ വിചിത്രമാണ് ഇന്ന് ചില മുസ്‌ലിം സ്ത്രീകളിലും പുരുഷൻമാരിലും അവർക്ക് പെൺകുഞ്ഞ് ജനിക്കുമ്പോഴുള്ള നീരസവും, ആൺകുഞ്ഞിനോടുള്ള പ്രത്യേക സ്നേഹ പ്രകടനവും കാണുമ്പോൾ തോന്നുന്നത് അവർ അല്ലാഹുവിന്റെ വചനം കേൾക്കാത്തതു പോലെ പ്രവർത്തി ക്കുകയാണ്.

﴿لِّلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَخْلُقُ مَا يَشَآءُ ۚ يَهَبُ لِمَن يَشَآءُ إِنَٰثًا وَيَهَبُ لِمَن يَشَآءُ ٱلذُّكُورَ ﴿٤٩﴾ أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا ۖ وَيَجْعَلُ مَن يَشَآءُ عَقِيمًا ۚ إِنَّهُۥ عَلِيمٌ قَدِيرٌ﴾ [الشورى: ٤٩-٥٠]

'അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺകുട്ടികളെ പ്രദാനം ചെയ്യുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺകുട്ടികളെ പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തി കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു' (ശൂറാ - 49,50)

അല്ലാഹു ദാനമായി നൽകുന്ന കാര്യങ്ങൾക്ക് നന്ദി പ്രകടിപ്പിക്കൽ ഏറ്റവും കൂടുതൽ അനിവാര്യമാകുന്നു. മാത്രമല്ല ഈ വചനത്തിൽ പ്രഥമസ്ഥാനമായി പരാമർശിച്ചത് സ്ത്രീകളെയാണ് എന്നു കൂടി നാം ഓർക്കേണ്ടതാണ്. (അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺകുട്ടികളെ പ്രദാനം ചെയ്യുന്നു, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺകുട്ടികളെ പ്രദാനം ചെയ്യുന്നു) (ജാമിഉൽ അഹ്കാം എന്ന ഗ്രന്ഥം കാണുക)

വീട്ടു കാര്യങ്ങളിൽ ഒരു ആൺകുട്ടിയേക്കാൾ മാതാവിന് ഏറ്റവും സഹായിയായി വർത്തിക്കുന്നത് പെൺകുട്ടികളാണെന്നതിൽ സംശയമില്ല.

ഇബ്നു ഉമർ ﵁ ൽ നിന്നു നിവേദനം: 'ധാരാളം പെൺകുട്ടികളുണ്ടായിരുന്ന ഒരാൾ അവരൊക്കെ മരിച്ചു പോയെങ്കിൽ എന്ന് ആഗ്രഹം പ്രകടിപ്പിച്ചതായി അദ്ദേഹം അറിഞ്ഞപ്പോൾ കോപാകുലനായി കൊണ്ട് ഇബ്നു ഉമർ ﵁ അദ്ദേഹത്തോട് ചോദിച്ചു: 'അവർക്കുള്ള ഉപജീവനം നൽകുന്നത് (യഥാർത്ഥത്തിൽ) താങ്കളാണോ?' (ബുഖാരി)

ഇബ്നുൽഖയ്യിം ജൗസിയ്യ ﵀ പറഞ്ഞു: ഇണകളെ അല്ലാഹു നാലായി തരംതിരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണ് അവർക്ക് സന്താനങ്ങൾ ഉണ്ടാവുന്നത് എന്ന് ഉണർത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ തന്നെ അവൻ ദാനമായി നൽകുന്നവയെ വെറുപ്പോടുകൂടി ആരെങ്കിലും കാണുന്നുവെങ്കിൽ അല്ലാഹുവിന്റെ കോപത്തിന് വിധേയമാവുകയും ചെയ്യും. പെൺകുഞ്ഞ് ലഭിക്കുന്നത് ഭാരമായി തോന്നുകയും വെറുപ്പ്

പ്രകടിപ്പിക്കുകയും ചെയ്യുന്ന മാതാക്കളുടെ നീരസത്തിന് വിരുദ്ധമായി, സ്ത്രീകളെ (പെൺ കുഞ്ഞിനെ) ആദ്യം പരാമർശിച്ചത് അവരുടെ ആദരവിനെ സൂചിപ്പിക്കുകയും ചെയ്യുന്നു. മാതാപിതാക്കളുടെ താൽപര്യ മനുസരിച്ചല്ല, മറിച്ചു അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണ് സന്താന മുണ്ടാവുന്നതെന്ന് ഉണർത്തുകയും ചെയ്യുന്നു. പൊതു വെ ആൺകുഞ്ഞുണ്ടാവണമെന്നാണ് മാതാപിതാക്കളുടെ ഉദ്ദേശമെങ്കിലും അതും അല്ലാഹുവിന്റെ തീരുമാനവും ഉദ്ദേശവും അനുസരിച്ചാണ് നടക്കുന്നത് എന്നും സൂചിപ്പിക്കുന്നു.

ഗ്രന്ഥകാരൻ പറയുന്നു: 'എന്നാൽ എന്റെ അഭിപ്രായ ത്തിൽ, അജ്ഞാന കാലഘട്ടത്തിൽ പിന്നോക്കമെന്ന് വിശ്വസിക്കുകയും, അപമാനമായി കരുതുകയും ജീവ നോടെ കുഴിച്ചു മൂടുകയും ചെയ്തിരുന്ന സ്വഭാവ ത്തിന് വിരുദ്ധമായി, ആ സ്ത്രീകളെ മുന്തിപ്പിക്കുകയാണ് ഈ വചനത്തിൽ അല്ലാഹു ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും എപ്രകാരമാണ് സ്ത്രീത്വത്തെ ഈ വചനത്തിൽ ബഹുമാനിച്ചതെന്ന് വ്യക്തമാവുന്നു. (തുഹ്ഫത്തുൽ മൗദൂദ് ബി അഹ്കാമിൽ മൗലൂദ്' എന്ന ഗ്രന്ഥം കാണുക).

ഇബ്നുൽ ഖയ്യിം ﵀ പറയുന്നു: 'നിങ്ങളൊരു കാര്യം വെറുക്കുകയും, അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ ചെയ്തെന്നു വരാം' (നിസാഅ്: 19) ഈവചനത്തിൽ സ്ത്രീകളിൽ ഐഹികവും പാരത്രികവുമായ ധാരാളം നന്മകൾ ഉണ്ടെന്ന് അല്ലാഹു സൂചിപ്പിക്കുന്നു. സ്ത്രീ കളിൽ പുരുഷൻമാർക്ക് അനിഷ്ടമായി തോന്നുന്ന കാര്യ

ങ്ങൾ ക്ഷമിക്കുക എന്നത് തന്നെ അല്ലാഹുവിന്റെ പ്രീതി നേടിത്തരുന്ന കാര്യമാണെന്ന് ഇതിൽ വ്യക്തമാക്കുന്നു.

ഇക്കാരണത്താലായിരിക്കാം വിവാഹ സമയത്ത് വരന് മാത്രം ആശംസ അർപ്പിക്കുന്ന പതിവ് പാടില്ല എന്ന് ഇസ്ലാം വിലക്കിയത്. അബൂത്വാലിബിന്റെ പുത്രൻ അഖീൽ, ജുഷ്ഠം ഗോത്രത്തിലെ ഒരു സ്ത്രീയുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടപ്പോൾ ജനങ്ങൾ വന്നു കൊണ്ട് അദ്ദേഹത്തെ മാത്രം ആശീർവ്വദിച്ചു. പ്രസ്തുത പദത്തിൽ സ്ത്രീകളെ കുറിക്കുന്നതൊന്നും ഉണ്ടായിരുന്നില്ല. അത് അവിടുന്ന് തിരുത്തിക്കൊണ്ട് 'നിങ്ങൾക്ക് രണ്ട് പേർക്കും അവന്റെ അനുഗ്രഹമുണ്ടാവട്ടെ' എന്നു പ്രാർത്ഥിക്കുവാൻ കൽപിച്ചു. (അഹ്മദ് )

# മുസ്ലിം സ്ത്രീയുടെ മഹത്വം

മുസ്ലിം സ്ത്രീയുടെ മഹത്വം കാരണം, അവർക്ക് ബന്ധിതനെ മോചിപ്പിക്കുവാനും, ഭയവിഹ്വലതയിൽ കഴിയുന്നവർക്ക് നിർഭയത്വം നൽകുവാനുള്ള അനുവാദം കൊടുക്കുന്നു എന്നു കാണാവുന്നതാണ്.

01 അബൂത്വാലിബിന്റെ പുത്രിയായ ഉമ്മുഹാനിയുടെ ഭർത്താവിന്റെ രണ്ടു ബന്ധുക്കൾ വധശിക്ഷക്ക് വിധിക്ക പ്പെട്ടിരുന്നു. ഉമ്മുഹാനി തന്നെ പറയുന്നത് കാണുക: 'മക്കാവിജയ ദിവസം ഞാൻ നബി ﷺ യുടെ അടുത്തേക്ക് പുറപ്പെട്ടു. അപ്പോൾ മകൾ ഫാതിമ ﵂ മറപിടിച്ചു കൊടു ക്കുകയും നബി ﷺ കുളിക്കുകയു മായിരുന്നു. നബി ﷺ എന്റെ ആഗമനം അറിഞ്ഞു ആരാണെന്ന് അന്വേഷിച്ചു. അബൂത്വാലിബിന്റെ മകൾ ഉമ്മുഹാനി യാണെന്ന് ഞാൻ പറഞ്ഞു. അവർ എന്നെ സ്വീകരിച്ചു. കുളികഴിഞ്ഞ ശേഷം അവിടുന്ന് എട്ട് റക്അത്ത് നമസ്കരിച്ചു ശേഷം അദ്ദേഹത്തോടു ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞാൻ അഭയം നൽകിയ ഹുബൈറയുടെ പുത്രനായ ഇന്ന വ്യക്തിയെ എന്റെ സഹോദരൻ അലി വധിക്കുമെന്ന് പറയുന്നു. (എന്തുചെയ്യണം?) അപ്പോൾ നബി ﷺ പറഞ്ഞു: 'ഉമ്മുഹാനി അഭയം നൽകിയ വ്യക്തിക്ക് ഞാൻ അഭയം

നൽകിയിരിക്കുന്നു'. ഉമ്മുഹാനി പറയുന്നു: 'അത് ദുഹാ സമയത്തായിരുന്നു' (ബുഖാരി).

02 ഒരിക്കൽ അബുൽ ആസ്ബ്നു റബീഇനെ മുസ്ലിംകൾ ബന്ധിയാക്കുകയും സ്വത്ത് പിടിച്ചെടുക്കുകയും ചെയ്ത സന്ദർഭത്തിൽ നബി ﷺ യുടെ പുത്രിയായ സൈനബ് ؓ യായിരുന്നു അവരുടെ ഭർത്താവ്. അയാൾ ഇസ്ലാം സ്വീകരിക്കാത്ത കാരണത്താൽ തന്നെ കുടുംബ ജീവിതത്തിൽ നിന്നും പരസ്പരം അകന്നു കഴിയുകയായിരുന്നു അവർ. എന്നാൽ തന്നെയും അബുൽആസ് ബന്ദിയാക്കപ്പെട്ടപ്പോൾ ആ കാര്യത്തിൽ നബി ﷺ യോടു ശുപാർശ നടത്താനായി സൈനബ ؓ യോട് ആവശ്യപ്പെട്ടു. അതനുസരിച്ച് നബി ﷺ യുടെ സുബ്ഹ് നമസ്കാരം കഴിഞ്ഞ ശേഷം അവർ നബിയെ കാണുകയും മറ്റുള്ളവർ കേൾക്കുന്ന രൂപത്തിൽ നബി ﷺ യോടായി ഇപ്രകാരം പറയുകയും ചെയ്തു: 'നബിയേ, അബുൽആസിന് ഞാൻ അഭയം നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. താങ്കൾ സമ്മതിക്കുമോ എന്ന് ചോദിക്കുന്നു' അതു കേട്ടപ്പോൾ നബി ﷺ പറഞ്ഞു: 'അല്ലയോ ജനങ്ങളേ, ഞാൻ ഇപ്പോൾ കേട്ടകാര്യം നിങ്ങളെല്ലാവരും കേട്ടില്ലേയോ? അവർ പറഞ്ഞു: അതെ. ഇതിന്ന് മുമ്പ് ഈ പ്രശ്നത്തിൽ ഞാൻ ഒന്നും അറിഞ്ഞിട്ടില്ല, മുസ്ലിംകൾ അവരുടെ കീഴിലുള്ളവരേക്കാൾ ഇപ്പോൾ സ്വാധീനമുള്ളവരാണ്. കീഴിലുള്ളവർക്ക് അഭയം നൽകേണ്ടവരും അവർ തന്നെ. അതിനാൽ തന്നെ അവൾ (സൈനബ്) അഭയം കൊടുക്കാം എന്ന് പറഞ്ഞവർക്ക് ഞാനിതാ അഭയം നൽകി യതായി

പ്രഖ്യാപിക്കുന്നു എന്നു പറഞ്ഞു. പിന്നീട് നബി ﷺ വീട്ടിലെത്തിയ ശേഷം സൈനബ് رضي الله عنها അദ്ദേഹത്തോടായി പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അബുൽ ആസ്വിൽ നിന്നും പിടിച്ചെടുത്ത വസ്തുക്കളും തിരിച്ചു കൊടുക്കാൻ താങ്കൾ അനുവദിച്ചാലും' അതുകേട്ടപ്പോൾ നബി ﷺ അപ്രകാരം ചെയ്തു. പിന്നീട് അദ്ദേഹം മക്കയിലേക്ക് പോവുകയും അർഹതപ്പെട്ട അവകാശങ്ങൾ നൽകുകയും ചെയ്തു. ശേഷം ഇസ്‌ലാം സ്വീകരിക്കുകയും മദീനയിലേക്ക് മടങ്ങുകയും ചെയ്തു. അപ്പോൾ പുത്രി സൈനബ് رضي الله عنها യെ അദ്ദേഹത്തോടൊരുമിച്ച് കഴിയുവാൻ അനുവദിക്കുകയുണ്ടായി. (സിയറു അഅ്‌ലാമിന്നുബലാ- 1332, ഇസ്വാബ- 748)



# യുദ്ധവേളയിൽ സ്ത്രീകൾ വധിക്കപ്പെട്ടു കൂടാ

സ്ത്രീത്വത്തിന്റെ പവിത്രതക്ക് ഇസ്‌ലാം നൽകുന്ന മഹത്വം കൊണ്ടാണ് യുദ്ധത്തിൽ പോലും അവരെ വധിക്കാൻ പാടില്ല എന്നു നിർദ്ദേശിച്ചത്. അടർക്കളത്തിൽ വെച്ച് കുട്ടികളേയും പ്രായം ചെന്നവരെയും, സ്ത്രീകളെയും കൊല്ലാൻ പാടില്ലെന്നു ഇസ്‌ലാം നിർദ്ദേശിക്കുന്നത്. (അവർ ഇങ്ങോട്ടു യുദ്ധം ചെയ്യാൻ വരുന്നുവെങ്കിൽ പ്രതിരോധിക്കുന്നതിനു വിരോധമില്ല)

01 അനസ്ബ്നു മാലിക് ﵁ വിൽ നിന്നു നിവേദനം: സൈന്യത്തെ യാത്ര അയക്കുന്ന സന്ദർഭത്തിൽ നബി ﷺ നൽകാറുണ്ടായിരുന്ന ഉപദേശം ഇപ്രകാരമായിരുന്നു: 'അല്ലാഹുവിന്റെ നാമത്തിൽ നിങ്ങൾ പുറപ്പെട്ടുകൊള്ളുക, പ്രായംചെന്ന വൃദ്ധന്മാരേയും, ചെറിയ കുട്ടികളേയും സ്ത്രീകളെയും വധിക്കാൻ പാടില്ല, അതിക്രമം കാണിക്കരുത്. യുദ്ധാനന്തര മുതലുകൾ നിങ്ങൾ ശേഖരിക്കണം. നല്ല നിലയിൽ വർത്തിക്കുകയും നന്മകാണിക്കുകയും ചെയ്യണം'

02 അബ്ദുല്ലാഹിബ്നു ഉമർ ﵁ ൽ നിന്നു നിവേദനം: ചില യുദ്ധങ്ങളിൽ സ്ത്രീകൾ മരണപ്പെട്ടതായി നബി ﷺ ക്ക് വിവരം കിട്ടുകയുണ്ടായി. അപ്പോൾ അദ്ദേഹം അതിനെ പ്രതിഷേധിക്കുകയും, സ്ത്രീകളെയും കുട്ടികളെയും

കൊല്ലുന്നത് വിരോധിക്കുകയും ചെയ്തു. (ബുഖാരി, മുസ്ലിം)

03 റബാഹ്ബ്നു റബീഅ് ﷛ ൽ നിന്നു നിവേദനം: അദ്ദേഹം പറഞ്ഞു, 'നബി ﷺ യുടെ കൂടെ ഒരു യുദ്ധത്തിലായിരിക്കെ, ജനങ്ങളെല്ലാവരും ഒരിടത്ത് കൂടിയിരുന്നതായി കാണുകയുണ്ടായി. അപ്പോൾ അതെന്താണെന്ന് അന്വേഷിക്കാൻ ഒരാളെ നിയോഗിച്ചു. അയാൾ തിരിച്ചുവന്നുകൊണ്ട് പറഞ്ഞു: 'അവിടെ ഒരു സ്ത്രീ വധിക്കപ്പെട്ടിരിക്കുന്നു, അവൾ യുദ്ധം ചെയ്തവരുടെ കൂട്ടത്തിലില്ലായിരുന്നു എന്നും പറഞ്ഞു. മാത്രമല്ല യുദ്ധമുന്നണിയിൽ ഖാലിദ്ബ്നു വലീദാ ﷛ യിരുന്നു എന്നും പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ അടുത്തേക്ക് ഒരാളെ പറഞ്ഞയക്കുവാനും ഖാലിദ്ബ്നു വലീദി ﷛ നോടായി സ്ത്രീകളേയും പണ്ഡിതരേയും വധിക്കരുത് എന്ന് പറയുവാനും കൽപിച്ചു'. (ഇത് സ്വഹീഹാണെന്ന് അൽ ഇർവ്വാഹ് എന്ന ഗ്രന്ഥത്തിൽ അൽബാനി പറയുന്നു: 535)

04 ഫ്രഞ്ചുകാരനായ ഒരു പൗരസ്ത്യൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട് 'അറബികളേക്കാൾ വിജയം കൊയ്തെടുത്ത ഒരു ജനതയെ ചരിത്രത്തിൽ നമുക്ക് കാണാൻ സാധ്യമല്ല'

# സ്ത്രീകൾക്കെതിരെ അപവാദം പ്രചരിപ്പിക്കൽ

01 മുസ്‌ലിം സ്ത്രീകൾക്കെതിരെ അപവാദ പ്രചരണം നട ത്തുന്നത് വളരെയധികം കുറ്റകരമായി കാണുകയും അതിൽ നിന്നകന്നു നിൽക്കാൻ ഇസ്‌ലാം ആവശ്യപ്പെടുകയും ചെയ്യുന്നു. അന്ത്യനാൾ വരെയുള്ളവർ പ്രസ്തുത വചനം പാരായണം ചെയ്യണമെന്ന ഉദ്ദേശത്തോടെ വിശുദ്ധ ഖുർആനിൽ ആ വചനം നിലനിൽക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

'ചാരിത്ര്യവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും, എന്നിട്ടു നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടി ക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമ്മകാരികൾ' (നൂർ:4)

ഈ വചനത്തിലൂടെ അല്ലാഹു ഉണർത്തുന്ന കാര്യം, ആരെങ്കിലും ഒരു മുസ്‌ലിം സ്ത്രീക്കെതിരെ വ്യഭിചാരാരോപണം നടത്തുകയും അതിന് നാലു സാക്ഷികളെ ഹാജറാക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം അയാളെ ചാട്ടവാർ കൊണ്ട് എൺപത് അടി അടിക്കണമെന്നാകുന്നു. മാത്രമല്ല പിന്നീടു അയാളുടെ സാക്ഷിത്വം സ്വീകാര്യമ

ല്ലെന്നും അയാൾ ദുർന്നടപ്പുകാരനാണെന്നും ഉണർത്തുക കൂടി ചെയ്യുന്നു.

02 അപവാദ പ്രചരണം നടത്തുന്നവർക്ക് മരണാനന്തരം കഠിന ശിക്ഷയുണ്ടെന്ന് താക്കീതു നൽകുന്നതായി മറ്റൊരു സൂക്തത്തിലൂടെ അല്ലാഹു പറയുന്നതു കൂടി കാണുക.

﴿إِنَّ ٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ٱلْغَٰفِلَٰتِ ٱلْمُؤْمِنَٰتِ لُعِنُوا۟ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ وَلَهُمْ عَذَابٌ عَظِيمٌ ﴿٢٣﴾ يَوْمَ تَشْهَدُ عَلَيْهِمْ أَلْسِنَتُهُمْ وَأَيْدِيهِمْ وَأَرْجُلُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٤﴾ يَوْمَئِذٍ يُوَفِّيهِمُ ٱللَّهُ دِينَهُمُ ٱلْحَقَّ وَيَعْلَمُونَ أَنَّ ٱللَّهَ هُوَ ٱلْحَقُّ ٱلْمُبِينُ﴾ [النور: ٢٣-٢٥]

'പതിവ്രതകളും (ദുർവൃത്തിയെ പറ്റി) ഓർക്കുക പോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെ പറ്റി ദുരാരോപണം നടത്തുന്നവരാരോ അവർ ഇഹത്തിലും, പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു തീർച്ച. അവർക്ക് ഭയങ്കരമായ ശിക്ഷയുണ്ട്. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെ പറ്റി അവരുടെ നാവുകളും അവരുടെ കൈകളും അവരുടെ കാലുകളും അവർക്കെതിരായി സാക്ഷി പറയുന്ന ദിവസത്തിലത്രെ അത് (ശിക്ഷ). അന്ന് അല്ലാഹു അവർക്ക് അവരുടെ യഥാർത്ഥ പ്രതിഫലം നിറവേറ്റി കൊടുക്കുന്നതാണ്. അല്ലാഹു തന്നെയാണ് പ്രത്യക്ഷമായ സത്യമെന്ന് അവർ അറിയുകയും ചെയ്യും' (നൂർ: 23 -25)

03 ആയിശ رضي الله عنها യുമായി ബന്ധപ്പെട്ടു പ്രചരിപ്പിക്കപ്പെട്ട ദുരാരോപണത്തെ കുറിച്ചു ഖുർആൻ പറയുന്നത് കാണുക.

﴿إِنَّ ٱلَّذِينَ جَآءُو بِٱلْإِفْكِ عُصْبَةٌ مِّنكُمْ ۚ لَا تَحْسَبُوهُ شَرًّا لَّكُم ۖ بَلْ هُوَ خَيْرٌ لَّكُمْ ۚ لِكُلِّ ٱمْرِئٍ مِّنْهُم مَّا ٱكْتَسَبَ مِنَ ٱلْإِثْمِ ۚ وَٱلَّذِى تَوَلَّىٰ كِبْرَهُۥ مِنْهُمْ لَهُۥ عَذَابٌ عَظِيمٌ﴾ [النور: ١١]

'തീർച്ചയായും ആ കള്ളവാർത്തയും കൊണ്ടുവന്നവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കണക്കാക്കേണ്ട. അത് നിങ്ങൾക്ക് ഗുണകരം തന്നെയാകുന്നു. അവരിൽ ഓരോ ആൾക്കും താൻ സമ്പാദിച്ച പാപം ഉണ്ടായിരിക്കുന്നതാണ്. അവരിൽ അതിന്റെ നേതൃത്വം ഏറ്റെടുത്തവനാരോ അവന്നാണ് ഭയങ്കര ശിക്ഷയുള്ളത്' (നൂർ: 11)



# പ്രശ്ന പരിഹാരം ദിവ്യസന്ദേശത്തിലൂടെ

സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ ലഭ്യമാക്കാനും, അവരോടു നീതി പുലർത്താനും വേണ്ടി വിശുദ്ധ ഖുർആനിൽ ഒരു അദ്ധ്യായം തന്നെ പ്രത്യേകമായി അവതരിച്ചു. അതിന്ന് മുജാദില (തർക്കിക്കുന്നവൾ) എന്ന് പേര് വിളിക്കുകയും ചെയ്തു.

ആയിശ ﵂ യിൽ നിന്നു നിവേദനം: അവർ പറഞ്ഞു 'സർവ്വ കാര്യങ്ങളും ശ്രദ്ധാപൂർവ്വം കേൾക്കുന്ന രക്ഷിതാവ് മഹത്വമുള്ളവനായിരിക്കുന്നു. ഒരിക്കൽ ഥഅ്ലബയുടെ പുത്രി ഖൗല പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവർ തിരുനബി ﷺ യുടെ അടുക്കലെത്തി. പിന്നീടു പരാതിയായി പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, (ഭർത്താവിനെ ക്കുറിച്ച്) അദ്ദേഹം എന്റെ സ്വത്തിൽ നിന്നു ഭക്ഷിക്കുകയും, എന്റെ യുവത്വം നശിപ്പിക്കുകയും ചെയ്തു. എന്റെ ഉദരത്തിൽ നിന്നാണ് അയാൾക്ക് സന്താനങ്ങൾ ഉണ്ടായത്. അങ്ങനെ ഇപ്പോൾ എനിക്ക് പ്രായമായി, ഈ സമയത്ത് അദ്ദേഹം എന്നെ 'ളിഹാർ' (മാതാവിനു തുല്യയാണെന്ന് പ്രഖ്യാപിച്ച് ഭർത്താവ് ഭാര്യയെ അകറ്റിക്കളയുന്ന ജാഹിലിയ്യ സ്വഭാവം) ചെയ്തിരിക്കുന്നു, അതിനാൽ ഞാൻ താങ്കളോട് പരാതി പറയുകയാണ്.

ഖൗല ഈ കാര്യം പറഞ്ഞു നബി ﷺ യുടെ സന്നിധിയിൽ തന്നെ നിലയുറപ്പിച്ചു. അവർ തന്നെ പറയുന്നതനുസരിച്ച്, അപ്പോൾ നബി ﷺ യുടെ അടുക്കൽ ജിബ്‌രീൽ عليه السلام പ്രത്യക്ഷപ്പെട്ടു. ശേഷം

﴿قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِى تُجَٰدِلُكَ فِى زَوْجِهَا وَتَشْتَكِىٓ إِلَى ٱللَّهِ وَٱللَّهُ يَسْمَعُ تَحَاوُرَكُمَآ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ﴾ [المجادلة: ١]

'നബിയേ തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോടു തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടുപേരുടേയും സംഭാഷണം കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്' (മുജാദില:1) (ബുഖാരിയുടെ ഹദീസ്)

തന്റെ ഭർത്താവിനെ കുറിച്ച് അല്ലാഹുവിനോട് ആവലാതിപ്പെടുകയും പ്രവാചകനോട് തർക്കിക്കുയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ തന്നെ പ്രസ്തുത സ്ത്രീയുടെ പക്ഷം ശരിയാണെന്നു പറഞ്ഞുകൊണ്ട്, അതിന്റെ പരിഹാരത്തിനായി വഹ്‌യ് അവതരിക്കപ്പെട്ടു.

ഈ സംഭവത്തിൽ നിന്ന് സമകാലികരായ സ്ത്രീകൾക്ക് പഠിക്കുവാൻ ധാരാളം പാഠങ്ങളുണ്ട്. അവയിൽ മുഖ്യമായൊന്ന്, സ്ത്രീകളെ സംബന്ധിച്ചിടത്തോളം, അവരെ അലട്ടുന്ന പ്രശ്നങ്ങൾ അവർക്കുണ്ടാകുമ്പോൾ അവയെക്കുറിച്ച് സൂക്ഷ്മമായി അറിയുന്ന അല്ലാഹുവിലേക്ക് തിരിയുകയും പരിഹാരത്തിനായി അല്ലാഹുവോട് പ്രാർ

ത്ഥിക്കുകയും ചെയ്യണം എന്ന വസ്തുതയാണ്. ഇതായിരിക്കണം സ്ത്രീകളുടെ സ്വഭാവം. എന്നാൽ ഇന്ന് ഇതുപോലുള്ളതോ, മറ്റോ കാര്യങ്ങൾ ഉണ്ടാകുമ്പോഴേക്ക് ജോത്സ്യൻമാരേയോ, മാരണക്കാരേയോ സമീപിക്കുന്നതായി കാണാൻ സാധിക്കുന്നു. മറ്റു ചില സ്ത്രീകളാവട്ടെ, അവർ മരിച്ചുപോയ മഹാത്മാക്കളെ -ഔലിയാക്കളെ- സമീപിക്കുകയും അവരോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവർ മരണപ്പെട്ടിരിക്കുന്നുവെന്നും, പ്രാർത്ഥന കേൾക്കാൻ അവർക്ക് സാധിക്കില്ല എന്നും അവർ മനസിലാക്കിയാൽ എത്ര നന്നായിരുന്നു. അല്ലാഹു പറയുന്നു.

﴿ وَالَّذِينَ يَدْعُونَ مِن دُونِ اللَّهِ لَا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ ﴿٢٠﴾ أَمْوَاتٌ غَيْرُ أَحْيَاءٍ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴾ [النحل: ٢٠-٢١]

'അല്ലാഹുവിന് പുറമെ അവർ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ, സൃഷ്ടിക്കപ്പെടുന്നവരുമാണ്, അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല, ഏത് സമയത്താണവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക എന്നവർ അറിയുന്നുമില്ല' (നഹ്ൽ: 20,21)

അല്ലാഹുവിനോടല്ലാതെ മരിച്ചവരോടോ, മറഞ്ഞവരോടോ പ്രാർത്ഥിക്കുക എന്നത് മഹാപാപമായ ശിർക്കിൽ (ബഹുദൈവ വിശ്വാസത്തിൽ)പെടുന്നു. അതു കാരണമായി സുകൃതങ്ങളെല്ലാം നഷ്ടപ്പെടുമെന്ന് അല്ലാഹു പറയുന്നു.

﴿ قُلْ إِنَّمَا أَدْعُوا رَبِّي وَلَا أُشْرِكُ بِهِ أَحَدًا ﴾ [الجن: ٢٠]

'നബിയെ പറയുക, ഞാൻ എന്റെ രക്ഷിതാവിനോട് മാത്രമേ പ്രാർത്ഥിക്കുകയുള്ളൂ, അവനോട് യാതോരാളെയും ഞാൻ പങ്ക് ചേർക്കില്ല' (ജിന്ന്: 20) മറ്റൊരു വചനത്തിൽ

﴿لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَـٰسِرِينَ﴾ [الزمر: ٦٥]

'നീ തന്നെ പങ്കു ചേർക്കുകയാണെങ്കിൽ, താങ്കളുടെ സൽ കർമ്മങ്ങളെല്ലാം നിഷ്ഫലമാവുകയും തീർച്ചയായും താങ്കൾ നഷ്ടക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുകയും ചെയ്യും' (സുമർ: 65) എന്നും കാണാം.

ജോത്സ്യരേയും, മാരണം ചെയ്യുന്നവരേയും, സമീപിക്കുന്ന സ്ത്രീകൾ നബി ﷺ യുടെ മുന്നറിയിപ്പു മനസിലാക്കിയെങ്കിൽ എത്ര നന്നായിരുന്നു. അവിടുന്ന് പറഞ്ഞു: 'ജോത്സ്യൻമാരേയും കൈനോട്ടക്കാരെയോ ആരെങ്കിലും സമീപിക്കുകയും അവർ പറയുന്നത് സത്യമാണെന്ന് വിശ്വസിക്കുകയും ചെയ്താൽ മുഹമ്മദിന് അവതരിപ്പിച്ചതിൽ അവർ അവിശ്വസിച്ചിരിക്കുന്നു. (അഹ്മദ്)

മറ്റൊരു വചനം കാണുക:- 'ജോത്സ്യന്മാരെ സമീപിക്കുകയും അവരോട് എന്തെങ്കിലും ചോദിക്കുകയും ചെയ്താൽ നാൽപതു രാത്രികളിലെ നമസ്കാരം അയാളിൽ നിന്നു സ്വീകരിക്കപ്പെടുകയില്ല' (മുസ്‌ലിം)

# സുകൃതകളായ സ്ത്രീകളോടു കൂടിയാലോചിക്കൽ

നബി ﷺ ഹിറാ ഗുഹയിലായിരിക്കെ ജിബ്‌രീൽ عليه السلام വരികയും ആദ്യമായി വഹ്‌യ് നൽകുകയും ചെയ്തു. ശേഷം പേടിച്ചു ഭയാവിഹ്വല മനസുമായി അദ്ദേഹം പത്നിയായ ഖദീജ رضي الله عنها യുടെ അടുക്കലെത്തി. വിവരം ബോധ്യപ്പെടുത്തിക്കൊണ്ടു പറഞ്ഞു: 'എനിക്കെന്തെങ്കിലും സംഭവിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു' ഇതുകേട്ട ഖദീജ رضي الله عنها അദ്ദേഹത്തെ സമാശ്വസിപ്പിക്കുന്നു. സാരമില്ല, അല്ലാഹു താങ്കളെ ഒരിക്കലും കൈയ്യൊഴിക്കുകയില്ല, ദുഃഖിപ്പിക്കുകയില്ല, താങ്കൾ കുടുംബ ബന്ധം ഊട്ടി ഉറപ്പിക്കുകയും, അശരണരായവർക്ക് തണൽ നൽകുകയും ചെയ്യാറില്ലേ? ഇല്ലാത്തവർക്കു താങ്കൾ സമ്പാദിച്ചു കൊടുക്കാറുണ്ട്, ദുർബലരായവരെ സഹായിക്കാറുണ്ട്, വിപത്തുകൾ ബാധിച്ചവർക്ക് സഹായിക്കാറുണ്ട്. ഇപ്രകാരം പുണ്യകർമ്മം ചെയ്യുന്ന താങ്കളെ അല്ലാഹു ഒരിക്കലും പാഴാക്കുകയില്ല എന്നായിരുന്നു ഖദീജ رضي الله عنها യുടെ ആശ്വാസ മൊഴികൾ, മാത്രമല്ല പിന്നീടു അദ്ദേഹത്തെ തന്റെ പിതൃവ്യ പുത്രൻ വറഖത്തുബ്നു നൗഫലിന്റെ അടുക്കൽ എത്തിക്കുകയും വീണ്ടും വീണ്ടും സമാശ്വാസം നൽകുകയും ചെയ്യുന്നു. അവിടെയെത്തിയ ഖദീജ رضي الله عنها പറഞ്ഞു, 'ഇദ്ദേഹം പറയുന്നത് ശ്രദ്ധി

ക്കുകയും അതിന് വിശദീകരണം നൽകുകയും ചെയ്യുക. കാര്യങ്ങളെല്ലാം നബി ﷺ വിശദീകരിച്ചു കൊടുത്തു. എല്ലാം കേട്ട ശേഷം വറഖഃ മറുപടി പറഞ്ഞു: 'ഈ വന്നത് (നാമൂസ്) ജിബ്രീൽ عليه السلام എന്ന മലക്ക് തന്നെയാണ്. അദ്ദേഹം തന്നെയായിരുന്നു മൂസാ عليه السلام യുടെ അടുക്കൽ വന്നിരുന്നതും. ഞാൻ ഇനിയും ജീവിക്കുകയാണെങ്കിൽ അങ്ങയുടെ ജനത താങ്കളെ പുറത്താക്കുമ്പോൾ നിശ്ചയം ഞാൻ താങ്കളെ സഹായിക്കും' എന്നു പറഞ്ഞു. അപ്പോൾ നബി ﷺ അൽഭുതത്തോടെ ചോദിച്ചു: 'അവർ എന്നെ പുറത്താക്കുമോ? അദ്ദേഹം പറഞ്ഞു: 'താങ്കൾ കൊണ്ട് വരുന്ന പോലുള്ള സന്ദേശം ആരു കൊണ്ടു വന്നാലും ജനങ്ങൾ അദ്ദേഹത്തെ പുറത്താക്കുകയും ശത്രുത കാണിക്കുകയും ചെയ്യും. അന്ന് ഞാൻ ഉണ്ടായാൽ താങ്കളെ സഹായിക്കുക തന്നെ ചെയ്യും' (ബുഖാരി, കിതാബുൽ വഹ്‌യ്)

ഇവിടെ നാം കാണുന്നത് പ്രബോധന പ്രവർത്തനങ്ങൾക്ക് പ്രേരണയായി, ധൈര്യം പകരുന്ന ഖദീജ رضي الله عنها യെയാണ്. ഉൽകൃഷ്ട സ്വഭാവ മഹിമയുള്ള അങ്ങയെ അല്ലാഹു സഹായിക്കുമെന്ന് പറഞ്ഞ് ശക്തമായ രൂപത്തിൽ പിന്തുണക്കുക കൂടി ചെയ്യുന്നു.

ഈ സംഭവത്തിൽ നിന്നു മനസിലാക്കാവുന്ന പാഠങ്ങൾ എന്നു പറഞ്ഞ് ഇബ്നു ഹജർ ഉദ്ദരിക്കുന്ന കാര്യങ്ങൾ:

A. മനസിന് അസ്വസ്ഥതയുണ്ടാക്കുന്ന കാര്യങ്ങളുണ്ടാകുമ്പോൾ അതിന് ആശ്വാസം പകരാവുന്ന മറ്റൊരാളോട് അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് ദുഃഖം ലഘൂകരിക്കാൻ കാരണമാവും.

B ബുദ്ധിമുട്ടുകൾ ആർക്കെങ്കിലും ഉണ്ടായാൽ അതിന് ആശ്വാസം നൽകാൻ കഴിവുള്ളവരോട് അതിനെക്കുറിച്ച് ചർച്ച ചെയ്യാം. (ഫത്ഹുൽബാരി- 125)

മറ്റൊരു സംഭവം കാണുക. നബി ﷺ യും അനുചരന്മാരും ഉംറ കർമ്മം നിർവ്വഹിക്കുകയും പ്രസിദ്ധമായ ഹുദൈബിയാ കരാറിൽ ഒപ്പു വെക്കുകയും ചെയ്തു, ശേഷം അവർ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിന്ന് ബലി നിർവ്വഹിക്കാൻ വേണ്ടി കൂടെ കൊണ്ടുപോയിരുന്ന മൃഗത്തെ ബലിയറുക്കുവാൻ തീരുമാനിച്ചു. ഈ കാര്യം സഹാബത്തിനോടു പറഞ്ഞെങ്കിലും അവർ അതിനു കൂട്ടാക്കിയില്ല. അപ്പോൾ പ്രവാചകൻ ﷺ ക്ക് പ്രയാസമായി. ആ സന്ദർഭത്തിൽ എന്താണ് പരിഹാരം എന്ന് നബി ﷺ പത്നിയായ ഉമ്മുസലമ رضي الله عنها യോട് കൂടിയാലോചിക്കുന്നു. ഏറ്റവും ഉചിതമായ തീരുമാനം അവർ നിർദ്ദേശിച്ചു. ഉമ്മുസലമ നബി ﷺ യോടു പറഞ്ഞു 'നബിയേ, താങ്കളുടെ കൽപ്പന അവർ അനുസരിക്കണമെങ്കിൽ താങ്കൾ പുറപ്പെടുകയും ആരോടും ഒന്നും സംസാരിക്കാതെ അങ്ങയുടെ ഒട്ടകത്തെ ബലി അറുക്കുകയും മുണ്ഡനം ചെയ്യുകയും പിന്നീടു തലമുണ്ഡനം നടത്തുന്നവർക്ക് വേണ്ടി താങ്കൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക. പ്രവാചകൻ ﷺ അപ്രകാരം ചെയ്തു. അതോടൊപ്പം സ്വഹാബികളെല്ലാവരും തന്നെ അദ്ദേഹം ചെയ്തപോലെ പ്രവർത്തിച്ചു. അവർ ഓരോരുത്തരും മറ്റുള്ളവരുടെ തലമുണ്ഡനം ചെയ്യുകയുണ്ടായി. മാത്രമല്ല, നബി ﷺ കൽപ്പിച്ചപ്പോൾ ചെയ്യാതിരുന്ന കാരണത്താൽ എല്ലാവരും ദുഃഖം

കാരണം പരസ്പരം വധിക്കാൻ മാത്രം ഖേദ പ്രകടനം നടത്തുകയും ചെയ്തു. (ബുഖാരി)

ഈ സംഭവവും നമ്മേ പഠിപ്പിക്കുന്നത്, മുസ്ലിം കളുടെ പൊതു പ്രശ്നങ്ങളിൽ സച്ചരിതകളായ മഹതിക ളോടു കൂടിയാലോചന ചെയ്യുന്നതും അവളുടെ അഭി പ്രായം സ്വീകരിക്കുന്നതും വളരെ പ്രാധാന്യം അർഹിക്കു ന്നതാണ് എന്നാണ്. അതോടൊപ്പം ബുദ്ധി ശാലിനിയായ ഉമ്മുസലമ ﵂ യുടെ നിർദ്ദേശം സ്വീകരിച്ചതിനാൽ നബി ﷺ ക്ക് ഉണ്ടായിരുന്ന പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം ലഭിച്ചു എന്നും മനസിലാവുന്നു.

ആ പ്രവാചകൻ ﷺ പോലും തന്നെ അഭിമുഖീകരിച്ച പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഖദീജ ﵂ ഉമ്മുസലമ ﵂ എന്നീ പത്നിമാരോട് കൂടിയാലോചന നടത്തിയതിൽ നിന്നും സ്ത്രീകളെ ഇസ്ലാം എത്രമാത്രം പരിഗണി ക്കുന്നു എന്നും നമുക്ക് മനസിലാക്കാം. ഇതിനെല്ലാം വിരുദ്ധമായി ഉമർ ﵁ ലേക്ക് ചേർത്തിപ്പറയാറുള്ള മറ്റൊരു വചനം ഇപ്രകാരമാണ്: 'നിങ്ങൾ സ്ത്രീകളോട് കൂടിയാ ലോചിക്കുക അവരോട് എതിർ പ്രവർത്തിക്കുകയും ചെയ്യുക' ഇത്തരം കള്ളവാചകങ്ങൾ പറയുന്നതിൽ നിന്നും അല്ലാഹുവിനോട് രക്ഷതേടുക. കാരണം പ്രവാചക ചര്യക്കും, ഖുർആനിലെ തത്വങ്ങൾക്കും എതിരായി ഉമർ ﵁ ഒരിക്കലും ഒന്നും പറയുകയില്ല. ഖുർആൻ പറയുന്നു:

﴿وَأَمْرُهُمْ شُورَىٰ بَيْنَهُمْ﴾ [الشورى: ٣٨]

'അവരുടെ കാര്യങ്ങൾ അവർക്കിടയിൽ കൂടിയാലോചി ക്കട്ടെ'

# മുസ്‌ലിം സ്ത്രീയും ധാർമ്മിക രംഗവും

01 ഒരാൾ സത്യസാക്ഷ്യം ഉരുവിട്ട് കൊണ്ടു ഇസ്‌ലാം സ്വീകരിക്കുകയും ഇസ്‌ലാമിനെ മതമായി പ്രഖ്യാപിക്കുകയും മുഹമ്മദി ﷺ നെ പ്രവാചകനായി അംഗീകരിക്കുകയും ചെയ്താൽ- അവൻ പുരുഷനായാലും സ്ത്രീയായാലും- ഇസ്‌ലാമിക അധ്യാപനം അനുസരിച്ച് അവർ വിശ്വസ്തരായി പരിഗണിക്കപ്പെടുന്നു. കാരണം ഐഹികവും പാരത്രികവുമായ സൗഭാഗ്യത്തിന് വേണ്ടിയുള്ള ദൈവീകമായ നിശ്ചയമാണ് സ്ത്രീയിലും പുരുഷനിലുമുള്ളത്. അല്ലാഹു പറയുന്നത് കാണുക.

﴿إِنَّمَا كَانَ قَوْلَ ٱلْمُؤْمِنِينَ إِذَا دُعُوٓاْ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ أَن يَقُولُواْ سَمِعْنَا وَأَطَعْنَا وَأُوْلَٰٓئِكَ هُمُ ٱلْمُفْلِحُونَ﴾ [النور: ٥١]

'തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പ് കൽപ്പിക്കുന്നതിനായി അല്ലാഹുവിലേക്കും, റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യ വിശ്വാസികളുടെ വാക്ക് 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ' (നൂർ: 51)

02 സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ ഉന്നമന

ത്തിനും അഭിമാനത്തിനും വേണ്ടി നിശ്ചയിക്കപ്പെട്ട ഇസ്‌ലാമികാദ്ധ്യാപനങ്ങളും നിയമ നിർദ്ദേശങ്ങളും അവർ പാലിച്ചിരിക്കണം. മാത്രമല്ല, ആ നിർദ്ദേശങ്ങൾ മുഴുവനും അവളുടെ പ്രകൃതിക്ക് യോജിക്കുന്നതും പുരുഷനോടോരുമിച്ച് ജീവിക്കുന്ന സ്ത്രീക്കുള്ള സമ്പൂർണ്ണമായ അവകാശങ്ങൾ അനുവദിക്കുന്ന നിയമങ്ങളുമാണത്. ദൈവികമായ നിർദ്ദേശങ്ങളും നിയമങ്ങളും സ്ത്രീ പ്രകൃതിയെ കുറിച്ച് സൂക്ഷ്മമായി അറിയുന്ന സ്രഷ്ടാവിന്റേതാണെന്നത് ഇവിടെ നമുക്ക് ബോധ്യമാവുകയും ചെയ്യും. അല്ലാഹു പറയുന്നത് കാണുക.

﴿أَلَا يَعۡلَمُ مَنۡ خَلَقَ وَهُوَ ٱللَّطِيفُ ٱلۡخَبِيرُ﴾ [الملك: ١٤]

സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢ രഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മ ജ്ഞാനിയുമാകുന്നു' അപ്രകാരം തന്നെ മറ്റൊരിടത്ത് പറയുന്നത് കാണുക.

﴿وَمَا كَانَ لِمُؤۡمِنٖ وَلَا مُؤۡمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمۡرًا أَن يَكُونَ لَهُمُ ٱلۡخِيَرَةُ مِنۡ أَمۡرِهِمۡۗ وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ فَقَدۡ ضَلَّ ضَلَٰلٗا مُّبِينٗا﴾ [الأحزاب: ٣٦]

'അല്ലാഹുും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനം എടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു' (അഹ്സാബ്: 36).

അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾക്ക് എതിർ പ്രവർത്തിക്കുന്നത് ഗുരുതരമായ കുറ്റമാണ് എന്നും അല്ലാഹു സൂചിപ്പിക്കുന്നു.

﴿فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ﴾

[النور: ٦٣]

'ആകയാൽ അദ്ദേഹത്തിന്റെ കൽപനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ' (നൂർ: 63).



# മാതാവ് മകൾക്ക് നൽകിയ ഉപദേശം

കിന്തിവംശത്തെ രാജാവായിരുന്ന ഹാരിസ്ബ്നു അംറിന്റെ വിവാഹ സുദിനത്തിൽ പ്രതിശ്രുത വധുവിന് മാതാവു നൽകിയ ഉപദേശം ശ്രദ്ധിക്കുക.

കുലമഹിമയും, സ്ഥാനമാനങ്ങളും കാരണം ഒരാൾക്ക് വസ്വിയത്ത് ഉപേക്ഷിക്കാമായിരുന്നെങ്കിൽ ഞാൻ നിന്നെ ഉപദേശിക്കുമായിരുന്നില്ല. പക്ഷേ, വസ്വിയത്ത് അത് ബുദ്ധി മാനു ഗുണപാഠവും അശ്രദ്ധവാനെ ഉണർത്തലുമാണ്.

മകളേ, മാതാപിതാക്കളുടെ സമ്പത്തുകാരണം ഒരു പെണ്ണിന് ഭർത്താവിന്റെ ആവശ്യമില്ലാതാകുമെങ്കിൽ നിനക്ക് അതുണ്ടാകുമായിരുന്നു. പക്ഷേ കാര്യം അങ്ങനെയല്ല മറിച്ച്, സ്ത്രീ പുരുഷന്മാർ പരസ്പരം ആവശ്യമുള്ള രൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

നീ ഭർത്താവിനെ എത്ര കണ്ടാദരിക്കുന്നുവോ അതിനനുസരിച്ച് അദ്ദേഹം നിന്നെ അംഗീകരിക്കും. ഭർത്താവിന്റെ കൽപനകൾ പൂർണ്ണാർത്ഥത്തിൽ അംഗീകരിച്ചാൽ നിന്റെ അഭിപ്രായങ്ങൾ അവർ സ്വീകരിക്കും.

ഈ പറയപ്പെട്ട കാര്യങ്ങൾ നീ സ്വീകരിക്കുന്നുവെങ്കിൽ അവന്റെ പൂർണ്ണമായ സ്നേഹ വായ്പുകളും സന്തോഷവും നേടാൻ നിനക്ക് സാധിക്കും.



# സ്ത്രീയുടെ വിവാഹത്തിനു രക്ഷാധികാരി അനിവാര്യം

സ്ത്രീയുടെ വിവാഹം സാധുവാകണമെങ്കിൽ അവളുടെ രക്ഷാധികാരിയുടെ അനുവാദം അനിവാര്യമാണെന്ന് ഇസ്‌ലാം നിർദ്ദേശിച്ചിട്ടുണ്ട്. അത് അവളുടെ സുരക്ഷിതത്വത്തിനും, ഭാവി ജീവിതത്തിന്റെ ഭദ്രതക്കും അത്യാവശ്യമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു:

﴿وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ﴾ [النور: ٣٢]

01 'നിങ്ങളിലുള്ള അവിവാഹിതകളെ നിങ്ങൾ വിവാഹബന്ധത്തിലേർപ്പെടുത്തുക'(നൂർ: 32)

02 മൂസാ ﷺ വെള്ളം കോരിക്കൊടുക്കുന്ന കിണറ്റിനരികിൽ കണ്ട രണ്ട് പെൺകുട്ടികളുടെ കഥ ഉദ്ധരിച്ചുകൊണ്ടു ഖുർആൻ പറയുന്നു. അവർ രണ്ടാളുടേയും പിതാവ് പറഞ്ഞതായി അല്ലാഹു പറയുന്നു:

﴿قَالَ إِنِّىٓ أُرِيدُ أَنْ أُنكِحَكَ إِحْدَى ٱبْنَتَىَّ﴾ [القصص: ٢٧]

'അദ്ദേഹം പറഞ്ഞു, എന്റെ പെൺമക്കളിൽ ഒരാളെ നിനക്ക് വിവാഹം ചെയ്തു തരാൻ ഞാൻ ഉദ്ദേശിക്കുന്നു'(ഖസസ്: 27)

ഈ രണ്ട് വചനങ്ങളിലുള്ള കൽപന ക്രിയകൾ പുരുഷൻമാരോടുള്ളതാണ്.

﴿ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ﴾ [النساء: ٣٤]

'പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാ ധികാരമുള്ളവരാകുന്നു' (നിസാഅ്: 34) എന്ന വചനത്തിന്റെ ഉദ്ദേശവും അതു തന്നെയാണ്.

03 നബി ﷺ പറഞ്ഞിട്ടുണ്ട് 'രക്ഷാധികാരിയില്ലാതെ വിവാഹം സാധുവാകുകയില്ല, രക്ഷാധികാരി ഇല്ലാത്തവരുടെ അധികാരം ഭരണാധികാരികൾക്കാകുന്നു' (അഹ്മദ്)

മറ്റൊരു ഹദീസിൽ അദ്ദേഹം പറഞ്ഞു: 'രണ്ടു സാക്ഷികളും രക്ഷാധികാരികളുമില്ലാതെ വിവാഹം സാധുവാകില്ല'

ഇതിന്റെ താൽപര്യം വിവാഹം ശരിയാകണമെങ്കിൽ തന്നെ രക്ഷാധാകാരി ഉണ്ടായിരിക്കണം എന്നാണെന്ന് സ്വൻആനി പറഞ്ഞിട്ടുണ്ട്. (സുബുലുസ്സലാം)

04 മറ്റൊരു വചനത്തിൽ നബി ﷺ പറഞ്ഞു: 'ഏതെങ്കിലും ഒരു സ്ത്രീ രക്ഷാധികാരിയുടെ അനുവാദമില്ലാതെ വിവാഹം നടത്തിയാൽ ആ വിവാഹം തന്നെ അസാധുവാകുന്നു. ആ വിവാഹം നിഷ്ഫലമാകുന്നു. അപ്രകാരം വിവാഹം നടക്കുകയും അവളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുകയും ചെയ്താൽ ആ വിവാഹമൂല്യം (മഹർ) അവൾക്ക് അവകാശപ്പെട്ടതാണ്. അവർക്കിടയിൽ തർക്കമുണ്ടായാൽ രക്ഷാ ധികാരിയില്ലാത്തവളാണെങ്കിൽ ഭരണാധികാരിക്കാണ് വിവാഹം ചെയ്തുകൊടുക്കാനുള്ള അവകാശമുള്ളത്. ഈ ഹദീസിനെ കുറിച്ച് ഇമാം ഹാകിമും رحمه الله, ദഹബി رحمه الله യും സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്.

05 മറ്റൊരു പ്രവാചക വചനം കാണുക. 'ഒരു സ്ത്രീയും മറ്റൊരു സ്ത്രീയും വിവാഹം ചെയ്യാൻ പാടില്ല, ഒരു സ്ത്രീയും സ്വമേധയാ വിവാഹത്തിലേർപ്പെടാനും പാടില്ല, വേശ്യാവൃത്തി ചെയ്യുന്നവളാണ് സ്വയം വിവാഹത്തിലേർപ്പെടുന്നത്.'

ബുലൂഗുൽമറാം റിപ്പോർട്ടു ചെയ്ത ഈ ഹദീസ് നാസിറുദ്ദീൻ അൽബാനി ﵀ സ്വഹീഹ് ആണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

സ്ത്രീകളുടെ സംരക്ഷണത്തിനും, ധാരാളം നന്മകൾ ഉണ്ടാവാനും, മഹത്തായ പ്രയോജനത്തിനുമാണ് അല്ലാഹു ഇത് നിയമമാക്കിയത്. അവയെ ശൈഖ് ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി ﵁ തന്റെ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗ' എന്ന ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്.

01 'സ്ത്രീയുടെ വിവാഹത്തിന് രക്ഷാകർത്താവിന്റെ അനുവാദം വേണമെന്ന നിബന്ധനയിലൂടെ സ്ത്രീകളുടെ സംരക്ഷണവും വിവാഹത്തോടനുബന്ധിച്ചുള്ള സുരക്ഷയും ഉറപ്പാക്കുകയാണ് ചെയ്യുന്നത്.

02 വിവാഹം വിളംബരം ചെയ്യുകയും രക്ഷാകർത്താവ് ഹാജരാവുകയും ചെയ്യൽ നിർബന്ധമാണ്.

03 നബി ﷺ യുടെ വചനം ഇത് വ്യക്തമാക്കുന്നുണ്ട്. അവിടുന്നു പറഞ്ഞു: 'ഹറാമിന്റെയും ഹലാലിന്റെയും ഇടയിലുള്ള വ്യത്യാസം വിവാഹം പരസ്യമാക്കുകയും, ആ സന്ദർഭത്തിൽ 'ദഫ്' മുട്ടുകയും ചെയ്യുമെന്നതാണ്' (അഹ്മദ്)

ഈ ഹദീസിൽ നിന്നും മനസിലാവുന്നത്, ഹലാലിന്റെയും (മതനിയമപ്രകാരമുള്ള വിവാഹം) ഹറാമിന്റെയും (വ്യഭിചാരം) ഇടയിലുള്ള വ്യത്യാസം വിവാഹ കരാർ പരസ്യമാക്കുകയും അവിടെ ദഫ് മുട്ടുകയും ചെയ്യുമെന്നതാണ്.

04 സ്ത്രീയെ സംബന്ധിച്ചിടത്തോളം സാമൂഹ്യ രംഗങ്ങളിൽ ഇടപെടുക എന്നത് പുരുഷനെ അപേക്ഷിച്ച് കുറവാണ്. മാത്രമല്ല, പുരുഷന്മാരുമായുള്ള പരിജ്ഞാനവും അവർക്ക് കുറവാണ്. അതിനാൽ തന്നെ വളരെ പെട്ടെന്നു തന്നെ പുരുഷന്റെ കെണിയിൽ അകപ്പെടുകയും, വഞ്ചനക്ക് വിധേയമാവുകയും ചെയ്യുന്നു. അതിനാൽ തന്നെ സ്ത്രീകളുടെ സുരക്ഷക്ക് വേണ്ടിയുള്ള ഗ്യാരണ്ടി എന്ന നിലയിലാണ് അവളുടെ വിവാഹത്തിന് രക്ഷാധികാരിയുടെ സമ്മതം അനിവാര്യമാണെന്ന് പഠിപ്പിക്കുന്നത്. കാരണം ഉറ്റാലോചിക്കുകയും ദീർഘദൃഷ്ടി കൊണ്ടും പരിചയം കൊണ്ടും വൈകാരികമായി എടുത്തുചാടാതെ പ്രശ്നങ്ങൾ ഭംഗിയായി പരിഹരിക്കുകയും ചെയ്യാൻ പുരുഷന് സാധിക്കുകയും ചെയ്യുന്നു.

05 അവർ ഉദ്ദേശിച്ചാലും ഇല്ലെങ്കിലും വധൂ വരന്മാർക്കിടയിൽ അസ്വാരസ്യങ്ങൾ ഉണ്ടാവുമ്പോൾ ഇടപെടാനുള്ളത് പിതാവാണെന്നിരിക്കെ പിന്നെ എങ്ങനെയാണ് വിവാഹത്തിന് പിതാവിന്റെ ആവശ്യമില്ലെന്ന് പറയുക. കൂടുതൽ വിവരണത്തിന് 'സ്ത്രീ ഇസ്ലാമിനും ജാഹിലിയ്യത്തിനും മധ്യേ' എന്ന ഗ്രന്ഥം കാണുക.

# സ്ത്രീയോടുള്ള രക്ഷാകർത്താവിന്റെ ബാധ്യതകൾ

നബി ﷺ പറഞ്ഞു: 'ധാർമ്മിക ബോധവും സ്വഭാവ ശുദ്ധിയുമുള്ളവർ നിങ്ങളോട് (പെൺമക്കളെ) വിവാഹാന്വേഷണം നടത്തുന്നുവെങ്കിൽ നിങ്ങൾ വിവാഹം ചെയ്തുകൊടുക്കണം. അപ്രകാരം ചെയ്യാതിരുന്നാൽ ഭൂമിയിൽ വിപത്തും വലിയ പ്രശ്നങ്ങളുണ്ടാകും' (തുർമുദി).

01 പെൺകുട്ടികളെ വിവാഹം ചെയ്തയക്കുമ്പോൾ ഭർത്താവിന്റെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണം. ഭർത്താവിന്റെ സ്വഭാവ മൂല്യവും ധർമ്മ നിഷ്ഠയും പരിഗണിക്കണം. ദുഃസ്വ ഭാവിയും മതബോധമില്ലാത്തവനും പെൺകുട്ടിയെ വിവാഹം ചെയ്തുകൊടുക്കരുത്.

പൂർവ്വികരായ ചിലർ പറഞ്ഞിരിക്കുന്നു: 'തന്റെ ശിക്ഷണത്തിലുള്ള മഹതിയെ തോന്നിവാസിയായവന്ന് വിവാഹം ചെയ്തു കൊടുത്താൽ അത് കുടുംബ ബന്ധം മുറിക്കലാണ്'.

ഹസനോട് ഒരാൾ ചോദിച്ചുവത്രെ, എന്റെ മകളെ പലരും വിവാഹാലോചന നടത്തുന്നു. ഞാൻ ആർക്കാണ് വിവാഹം ചെയ്തുകൊടുക്കേണ്ടത്? അദ്ദേഹം പറഞ്ഞു: 'അവരിൽ അല്ലാഹുവിനെ കൂടുതൽ ഭയപ്പെടുന്നവന്ന്,

കാരണം അവന്നവളെ ഇഷ്ടമാവുമ്പോൾ അവനവളെ ആദരിക്കും. വെറുപ്പുണ്ടായാലും അവളെ ഉപദ്രവിക്കില്ല.

02 ഇബ്നുതൈമിയ്യ ﷺ പറയുന്നു: 'ഒരു സ്ത്രീ തനിക്ക് ഭർത്താവായി ഒരു പുരുഷനെ ഇഷ്ടപ്പെട്ടാൽ അവളുടെ പിതാവ്, സഹോദരൻ, എളാപ്പ പോലുള്ള രക്ഷാധികാരി കൾ അവളെ അവന് കല്ല്യാണം നടത്തിക്കൊടുക്കുക എന്നത് നിർബന്ധമാണ്. അതിനവർ സന്നദ്ധരാകു ന്നില്ലെങ്കിൽ മറ്റുള്ള ബന്ധുക്കളോ ഭരണാധികാരിയോ അത് ചെയ്യണം എന്നാണ് പണ്ഡിതന്മാർ ഏകോപിച്ചു പറഞ്ഞിരിക്കുന്നത്. മാത്രമല്ല, പെണ്ണിന് ഇഷ്ടമില്ലാത്ത വനെ ഭർത്താവാക്കാൻ രക്ഷകർത്താക്കൾ പെണ്ണിനെ നിർ ബന്ധിച്ചു കൂടാ. അപ്രകാരം തന്നെ പെണ്ണിന് ഇണയൊത്ത ഒരു പുരുഷനെ അവൾ ഇഷ്ടപ്പെട്ടാൽ വിവാഹം ചെയ്തു കൊടുക്കാതിരിക്കാനും പാടില്ലെന്നാണ് അവരു ടെ ഏകോപിച്ച അഭിപ്രായം.

ഇസ്‌ലാമിനു മുമ്പുള്ള ജാഹിലിയ്യാ കാലഘട്ടത്തിൽ ഇതു പോലുള്ള ദുരാചാരങ്ങൾ നിലവിലുണ്ടായിരുന്നു. പെണ്ണിന് ഇഷ്ടമാവുകയും ഇണയൊക്കുകയും ചെയ്താ ലും മറ്റു താൽപര്യത്തിന്റെയും, ചിലപ്പോൾ പുരുഷനോടു ള്ള ശത്രുതയാലോ വിവാഹം നടത്തിയിരുന്നില്ല, ചിലപ്പോ ൾ അത്തരം ബന്ധങ്ങൾ മുടക്കുകയും രക്ഷിതാക്കളുടെ നന്മക്ക് വേണ്ടിയും മറ്റുള്ളവർക്ക് സ്ത്രീയുടെ ഇഷ്ട മില്ലാതെ വിവാഹം ചെയ്തയക്കാറുണ്ടായിരുന്നു. ഇത്തരം സമ്പ്രദായങ്ങൾ ഇസ്‌ലാം വിലക്കുകയും നിഷിദ്ധമാക്കുക യും ചെയ്തു. മാത്രമല്ല, സ്ത്രീകളുടെ നന്മക്ക് പ്രാധാന്യം

കൽപ്പിക്കുവാനും, വ്യക്തിപരമായ ദേഹേച്ഛയെ അനുധാവനം ചെയ്ത് സ്ത്രീകളെ കഷ്ടപ്പെടുത്തരുതെന്നും ഉണർത്തി. ഇതൊരു ബാധ്യതാ നിർവ്വഹണമാണ് എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു. അല്ലാഹു പറഞ്ഞിരിക്കുന്നു.

﴿إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا﴾ [النساء: ٥٨]

'വിശ്വസിച്ചേൽപ്പിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പു കൽപ്പിക്കുക യാണെങ്കിൽ നീതിയോടെ തീർപ്പു കൽപ്പിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപ്പിക്കുന്നു' (നിസാഅ്: 58) (മജ്മൂഅത് ഫതാവാ= 32, 39, 52)

03 തന്റെ പെൺകുട്ടിക്ക് ഇണങ്ങുന്ന സുശീലനായ ഭർത്താവാണെന്ന് രക്ഷകർത്താവിന് തോന്നുന്നവരോട് മകളെ വിവാഹം കഴിക്കുന്നതിനെ കുറിച്ച് ആലോചിക്കു ന്നതിന് വിരോധമില്ല. ഉമറുബ്നുൽ ഖത്താബ് ﵁ തന്റെ പുത്രി ഹഫ്സ ﵂ യെ വിവാഹം ചെയ്യാൻ ഉസ്മാൻ ﵁ നോടും അബൂബക്കർ﵁ നോടും ആലോചിച്ചിരുന്നു. എന്നാൽ പിന്നീട് നബി ﷺ യുമായി ആലോചിക്കുകയും അവിടുത്തേക്ക് വിവാഹം ചെയ്തു കൊടുക്കുകയുമാണ് ഉണ്ടായത്.

04 തനിക്ക് ഭർത്താവാകാൻ അർഹയാണെന്ന് തോന്നിയ സുശീലനായ വ്യക്തിയോട് വിവാഹാഗ്രഹം പ്രകടിപ്പിക്കുവാൻ പെണ്ണിന് തന്നെ അനുവാദമുണ്ട്. അടുത്ത രക്ഷകർത്താക്കൾ ഇല്ലാതിരിക്കുന്ന സന്ദർഭ

ത്തിൽ പ്രത്യേകിച്ചും. നബി ﷺ യുടെ ഭാര്യ ഖദീജ ബിൻത് ഖുവൈലിദ് ؓ പ്രവാചകത്വത്തിന് മുമ്പ് നബിയെ വിവാഹം കഴിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയായി രുന്നുവല്ലോ.

ജാഹിലിയ്യത്തിൽ തന്നെ (വിശുദ്ധ) എന്ന അപര നാമ ത്താൽ വിശ്രുതയായിരുന്നു അവർ. നബി ﷺ യുടെ പത്നി മാരിൽ ഏറ്റവും കൂടുതൽ സാമ്പത്തികമായും, ശാരീരിക മായും സഹായിച്ചത് അവരായിരുന്നു.ഖുറൈശിഗോത്രത്തി ലെ പ്രമുഖന്മാരായിരുന്നു വിവാഹ ആലോചനയിൽ പങ്കെടുത്തത്.

# ഖൻസാഅ്
# ഇസ്‌ലാമിന് മുമ്പും ശേഷവും

01 ഇസ്‌ലാമിനു മുമ്പ് തന്റെ സഹോദരനെ നഷ്ടപ്പെട്ട ദുഃഖം കാരണം ആ വേദന ഒരു കവിതയിലൂടെ ആവിഷ്കരിച്ച കവയിത്രിയാണ് ഖൻസാഅ്.

02 എന്നാൽ ഇസ്‌ലാമിനുശേഷം രോമാഞ്ചമായ അവരുടെ ഒരു സംഭവം കാണുക: ഇസ്‌ലാമിക ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഖാദിസിയ്യ യുദ്ധം നടക്കുന്നു. പ്രസ്തുത സന്ദർഭത്തിൽ ഖൻസാഅ് ﵁ തന്റെ നാലു മക്കളോടായ് ഇപ്രകാരം ഉപദേശിച്ചു.

പ്രിയപ്പെട്ട മക്കളെ, നിങ്ങൾ സത്യമതം സ്വമേധയാ സ്വീകരിച്ചു. തന്നിഷ്ട പ്രകാരം അതിന്നായി നിങ്ങൾ പാലായനം ചെയ്തു. അല്ലാഹുവല്ലാതെ ആരാധ്യനില്ല, നിങ്ങൾ നാലുപേരും ഒരുമ്മയുടെയും ഉപ്പയുടെയും മക്കളാണ്. നിങ്ങളുടെ പാരമ്പര്യമോ, തറവാടിത്വമോ ഭീരുത്വം എന്തെന്ന് അറിയാത്തവരാണ്. നശ്വരമായ ഭവനത്തേക്കാൾ സുന്ദരം ശാശ്വത പാരത്രിക ഭവനമത്രെ.

നിങ്ങൾ ക്ഷമ കൈവെടിയരുത്, സുസ്ഥിരമായും സുദൃഢമായും സഹനം കൈകൊള്ളുക. യുദ്ധം അതിന്റെ രുദ്ര ഭാവം കൈകൊള്ളുമ്പോൾ നിങ്ങൾ രണാങ്കണ

ത്തിലിറങ്ങണം. ശത്രുക്കളോട് അടരാടണം, വിജയശ്രീലാളിതരായി യുദ്ധാനന്തര (ഗനീമത്ത്) സ്വത്തുമായി അഭിമാനബോധത്തോടെ ശാശ്വത സ്വർഗ്ഗീയ ലോകം കരസ്ഥമാക്കണം' ഈ ഉപദേശത്തോടെ മാതാവ് അവരെ യാത്രയാക്കി.

യുദ്ധം അതിന്റെ മൂർദ്ധന്യതയിലെത്തി. പോരാളികൾ പരസ്പരം ഏറ്റുമുട്ടുന്ന യുദ്ധഭൂമി, അതിലേക്കവർ ചീറിപ്പാഞ്ഞടുത്തു. ശത്രുകളോട് സധീരം പൊരുതി. വാത്സല്യനിധിയായ മാതാവിന്റെ ആഗ്രഹം അവർ അക്ഷരാർത്ഥത്തിൽ സാഫല്യമാക്കി. യുദ്ധക്കളത്തിൽ ഓരോരുത്തരും ധീര യോദ്ധാക്കളായി രക്തസാക്ഷിത്വം വരിച്ചു.

ഈ വാർത്ത ഞൊടിയിടയിൽ തന്നെ മാതാവ് ഖൻസാഇന്റെ കാതുകളിലെത്തുന്നു. സത്യ വിശ്വാസത്താൽ മനസ്സിന്റെ സ്വാധീനം നഷ്ടപ്പെടാത്ത ഖൻസാഇന്റെ ചുണ്ടുകൾ മന്ത്രിച്ചു: 'മക്കൾക്ക് രക്തസാക്ഷിത്വമെന്ന മഹാഭാഗ്യം നൽകിയെന്നെ അനുഗ്രഹിച്ച നാഥാ, നിനക്കാണ് സർവ്വസ്തുതിയും. കാരുണ്യത്തിന്റെ ശാശ്വത ഭവനത്തിൽ എന്നെയും നീ അവരോടൊപ്പം ഒരുമിച്ചു കൂട്ടണേ'

സത്യ വിശ്വാസം ആ മാതൃകാ മഹതി- ഖൻസാഇൽ ഉണ്ടാക്കിയ പരിവർത്തനം എത്രമാത്രം മഹത്വരം.

# പുരോഗമന രാജ്യങ്ങളിൽ സ്ത്രീകൾ അപമാനിക്കപ്പെടുന്നു

പുരോഗതിയുടെയും, സംസ്കാരത്തിന്റെയും ഈറ്റില്ല മാണെന്ന് ഉൽഘോഷിക്കുന്ന രാജ്യങ്ങളിൽ സ്ത്രീകളുടെ അവസ്ഥ വളരെയധികം പരിതാപകരമാണ്. നിന്ദ്യതയും അവഗണനയും ഏൽക്കേണ്ടി വരുന്നു. സ്ത്രീകൾക്കി ടയിൽ ജീർണ്ണതയുടെയും, സാംസ്കാരികമായ അധഃപത നവും സർവ്വത്ര വ്യാപകമാണ്. അവരോട് കാണിക്കുന്ന ക്രൂരതയും മൃഗീയതയും തുല്യതയില്ലാത്തതായിരിക്കുന്നു. കേവല ലൈംഗിക നിർവൃതിക്കു വേണ്ടി കിടപ്പറകളിൽ പുരുഷന്റെ ഇരയായി മാത്രം അവളെ അവഗണിച്ചി രിക്കുന്നു. ചില ഉദാഹരണങ്ങൾ കാണുക.

01 ഭർത്താവിന് തന്റെ ഭാര്യയെ മറ്റുള്ളവർക്ക് വിൽപന നടത്താം എന്നത് 1805 വരെ ബ്രിട്ടണിൽ നിയമങ്ങളുടെ പിൻബലത്തോടെ നില നിന്നിരുന്നു.

02 ഇസ്ലാമിക മാഗസിൻ എന്ന ഗ്രന്ഥത്തിൽ (പേജ്- 1078) ഒരു റിപ്പോർട്ടുണ്ടായിരുന്നു. കഴിഞ്ഞ വർഷം ഇറ്റലിക്കാരനായ ഒരാൾ തന്റെ ഭാര്യയെ തവണ വ്യവസ്ഥ യിൽ പണം നൽകാമെന്ന വ്യവസ്ഥയോടെ മറ്റൊരാൾക്ക് വിൽക്കുകയുണ്ടായി. എന്നാൽ നിശ്ചയിക്കപ്പെട്ട വ്യവസ്ഥ പാലിക്കാൻ ഉപഭോക്താവ് തയ്യാറാവാത്തതിനാൽ

അവർക്കിടയിൽ പ്രശ്നമാവുകയും അപരനെ അയാൾ കൊല്ലുകയും ചെയ്തു.

03 മുഹമ്മദ് റഷീദ് രിളാ ഒരിക്കൽ എഴുതി: 'ഇംഗ്ലണ്ടിലെ ചില പത്രങ്ങളിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചു. പുരോഗമന രാജ്യം എന്നവകാശപ്പെടുന്ന ഇംഗ്ലണ്ടിൽ കണ്ട ചില വിചിത്ര സംഭവങ്ങളായിരുന്നു വാർത്ത. എന്നാൽ ആ അത്ഭുത വിചിത്ര സംഭവം ഇപ്പോഴും ഇംഗ്ലണ്ടിൽ നടക്കുന്നുണ്ട്. എന്താണ് വിചിത്ര സംഭവം. അയാൾ പറയുന്നു: ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ വളരെ നിസ്സാരമായ വിലക്ക് വിൽക്കുന്നു എന്നും അത് ആരൊക്കെയായിരുന്നു എന്ന് പേര് പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

04 പുരോഗതിയുടേയും സംസ്കാരത്തിന്റെയും ഉച്ചിയിലെത്തിയെന്നവകാശപ്പെടുന്ന പാശ്ചാത്യൻ രാജ്യമായ അമേരിക്കയിലെ സ്ഥിതിയും ഒട്ടും ഭിന്നമല്ല, അവിടെ സ്ത്രീകൾ സാമൂഹ്യമായും സാംസ്കാരികമായും അധഃപതനത്തിന്റെ അടിത്തട്ടിലാണ് ജീവിക്കുന്നത്. ഡോക്ടർ മുസ്തഫ സബാഈ എന്ന ചിന്തകൻ അമേരിക്കൻ കുടുംബ വ്യവസ്ഥയെക്കുറിച്ച് എഴുതിയത് കാണുക. 'സ്ത്രീകളോട് കരുണ കാണിക്കുന്ന സാമൂഹ്യരീതി അമേരിക്കയിൽ കാണുകയില്ല, പതിനെട്ടു വയസ്സു പൂർത്തിയായാൽ, ഉപജീവനത്തിനാവശ്യമുള്ള പണസമ്പാദനത്തിനെന്ന പേരിൽ സ്വന്തം വീടുകളിൽ നിന്ന് പെൺ കുട്ടികളെ പുറത്താക്കുന്ന സമ്പ്രദായം! ജീവിതത്തിലെ പരുഷമായ യാഥാർത്ഥ്യങ്ങളോടു മല്ലിട്ടുകൊണ്ടവൾ പണം സ്വരൂ

പിക്കണമത്രെ, ഇനി നിർബന്ധമായ കാരണങ്ങളാൽ ഒരു പെൺകുട്ടി തന്റെ മാതാപിതാക്കളുടെ കൂടെ അവരുടെ വീട്ടിൽ തന്നെ കഴിയുകയാണെന്ന് സങ്കൽപ്പിക്കുക, എന്നാൽ അവൾ താമസിക്കുന്ന റൂമിനും, കഴിക്കുന്ന ഭക്ഷണത്തിനും, കഴുകുന്ന വസ്ത്രത്തിനുള്ള അലക്കു കൂലി പോലും നിശ്ചിത തുകയായി അവൾ നൽകിക്കൊണ്ടിരിക്കണം. വീട്ടിലെ ഫോൺ പോലും അവളുടെ വിഹിതം ബില്ല് പിതാവിന് അവൾ അടച്ചിരിക്കണം' (സ്ത്രീ ഇസ്ലാമിലും, ആധുനിക നിയമങ്ങളിലും: P.300)

ഫ്രാൻസിൽ കഴിയുന്ന എന്റെ മകൻ പറഞ്ഞതനുസരിച്ചു ഇതു പോലുള്ള സമീപന രീതി സ്വന്തം പെൺകുട്ടികളോടു പോലും സ്വീകരിക്കുന്ന പതിവ് ഇന്നും ഇസ്ലാമികേതര രാജ്യങ്ങളിലും നില നിൽക്കുന്നു.

05 വിവാഹം ചെയ്യപ്പെടാത്ത സ്ത്രീകളുടെ അനുപാതവും, വേശ്യാടനം, സ്വവർഗ്ഗരതി, വിവാഹ മോചനം, ലൈംഗിക രോഗങ്ങൾ എന്നിവ എടുത്തു പരിശോധിക്കുകയാണെങ്കിൽ പാശ്ചാത്യൻ രാജ്യങ്ങളിൽ ബുദ്ധിമാന് സങ്കൽപ്പിക്കാവുന്നതിനേക്കാൾ എത്രയോ കൂടുതലാണ്. ഡോക്ടർ നൂറുദ്ദീൻ അതർ പറയുന്നത് കാണുക.(ഈ അടുത്തായി അമേരിക്കയിൽ നിന്ന് ഉപരിപഠനം പൂർത്തിയാക്കി മടങ്ങിയ എന്റെ സുഹൃത്തു കൂടിയാണദ്ദേഹം)

'നിശ്ചിത അവധി വെച്ചു ഭാര്യമാരെ മറ്റുള്ളവർക്ക് താൽക്കാലിക വായ്പയായി നൽകുകയും പിന്നീട് ആദ്യത്തവൻ തന്നെ സ്വീകരിക്കുകയും ചെയ്യുന്ന വളരെ നീച

മായ അധഃപതിച്ച സംസ്കാരം ഇന്നും അമേരിക്കയിൽ നില നിൽകുന്നുവത്രെ. (എന്തുകൊണ്ട് സ്ത്രീ എന്ന ഗ്രന്ഥം കാണുക - പേ. 15,16) ഫ്രാൻസിൽനിന്നു വന്ന ഒരു ഫ്രഞ്ചുകാരൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

06 മുസ്ലിം സഹോദരിമാരെ, നിങ്ങൾ നിങ്ങളുടെ മഹത്വം മനസിലാക്കുക, മഞ്ഞളിക്കുന്ന നാഗരികതയിൽ നിങ്ങൾ വഞ്ചിതരാവാതിരിക്കുക, സ്ത്രീപുരുഷ സമത്വമെന്ന മുദ്രാവാക്യത്തിന്റെ യാഥാർത്ഥ്യം മനസിലാക്കുക. മാന്യമായ മനുഷ്യത്വത്തെ മൃഗീയമായ രൂപത്തിൽ പരിവർത്തന വിധേയമാക്കാൻ പരിശ്രമിക്കുന്ന വഞ്ചകന്മാരെ സൂക്ഷിക്കുക.

# ഇസ്‌ലാം പുൽകിയ അമേരിക്കക്കാരി

ഇസ്‌ലാം, അതു മാത്രമാണ് മനുഷ്യ സമുദായത്തിന്റെ ശാശ്വത മായ രക്ഷാമാർഗ്ഗം.

01 കൊളമ്പിയായിലെ മിസൂരിയ്യ സർവ്വകലാശാലയിൽ സാമൂഹ്യശാസ്ത്ര വിഭാഗത്തിൽ പഠനം നടത്തുന്ന ഇരു പത്തി എട്ടു വയസ്സുള്ള (യാമീല) എന്ന അമേരിക്കൻ വിദ്യാർത്ഥിനി ഇസ്‌ലാം മതം ആശ്ലേഷിച്ചു. പിന്നീടവൾ (ഹാജറ) എന്നു പേരു സ്വീകരിച്ചു.

02 തന്നെ സദാസമയവും അസ്വസ്ഥമാക്കിയിരുന്ന സത്യാന്വേഷണത്വര അവരിൽ തുടങ്ങിയിട്ട് രണ്ടു വർഷ മായിരുന്നു. ഇതിനിടയിൽ ഇസ്‌ലാമിനെക്കുറിച്ച് അതി സൂക്ഷ്മമായും അഗാധമായും അവൾ പഠന വിധേയ മാക്കി. ആധുനിക അമേരിക്കൻ സംസ്കാരത്തിൽ തന്റെ രക്ഷാമാർഗ്ഗം കണ്ടെത്താൻ അവൾക്ക് സാധിച്ചില്ലെന്നവൾ പ്രഖ്യാപിച്ചു. രണ്ടു വർഷത്തെ തന്റെ പഠനത്തിനും, ഗവേ ഷണത്തിനും വിരാമം കുറിച്ചുകൊണ്ട് ഇസ്‌ലാമുമായി ബന്ധ മുള്ള (ഹാജറ) എന്ന നാമം അവൾ സ്വമേധയാ സ്വീകരിക്കു കയും യാമീലാ മുസ്‌ലിമാവുകയും ചെയ്തു.

03 ഹാജറ പിന്നീട് താൻ സത്യം കണ്ടെത്തിയ സാഹ ചര്യം വിവരിക്കുന്നത് ഇപ്രകാരമായിരുന്നു. 'വളരെ കാല

മായി എന്റെ മനസ്സിനെ അലട്ടികൊണ്ടിരുന്ന ധാരാളം കാര്യങ്ങളുണ്ടായിരുന്നു. ഈ പ്രപഞ്ചത്തിന്റെ അസ്തിത്വത്തെക്കുറിച്ച്, ജീവനെയും അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും ഞാൻ ആലോചിച്ചുകൊണ്ടിരുന്നു. തത്വശാസ്ത്രങ്ങളിലും, ഭൗതിക പുരോഗതിയുടെ ഉച്ചിയിൽ എത്തി നിൽക്കുന്ന അമേരിക്കൻ സംസ്കാരത്തിലും ഇവക്കുള്ള ഉത്തരം സംതൃപ്തമായ രൂപത്തിൽ കണ്ടെത്താൻ എനിക്ക് സാധിച്ചില്ല.

അങ്ങനെ യാദൃശ്ചികമായി എനിക്ക് ഇസ്‌ലാം മതത്തെക്കുറിച്ച് കേൾക്കാനിടിയായി. എന്നാൽ ഇസ്‌ലാമിനെക്കുറിച്ച് എനിക്കുണ്ടായിരുന്ന ധാരണ വളരെയധികം വികൃതവും വൈരൂപ്യവും നിറഞ്ഞതതുമായിരുന്നു. സ്ത്രീ, പുരുഷൻമാർക്കിടയിൽ വ്യത്യാസം കാണിക്കുകയും, ക്രൂരതയിലും പരുഷതയിലും പടുത്തുയർത്തുകയും ചെയ്ത മതമായിരുന്നു എന്റെ മനസ്സിലുണ്ടായിരുന്ന ഇസ്‌ലാം. ഇസ്‌ലാമിന്റെ സുന്ദരവും യഥാർത്ഥവുമായ മുഖം എനിക്കറിഞ്ഞിരുന്നില്ല.

എങ്കിലും ഇസ്‌ലാമിനെക്കുറിച്ചു പഠിക്കാൻ തന്നെ ഞാൻ തീരുമാനിച്ചു. അതിന്റെ വിശുദ്ധിയും ഭദ്രതയും പ്രായോഗികതയും എനിക്ക് ബോധ്യമാകാൻ അത് കാരണമായി. പക്ഷേ, ഇസ്‌ലാമിനെക്കുറിച്ചുള്ള വികൃതമായ ധാരണകൾ മനസ്സിൽ രുഢമൂലമായതിനാൽ തന്നെ പഠനത്തിന്റെ തുടക്കം വളരെയധികം ശ്രമകരമായിരുന്നു. അതിനെക്കാൾ ഗുരുതരമായ മറ്റൊരു പ്രശ്നം അതിന്റെ പൂർണ്ണമായ തന്മയത്വത്തോടെ അവതരിപ്പിക്കുകയും

യഥാർത്ഥമായ രൂപത്തിൽ പരിചയപ്പെടുത്തുകയും ചെയ്യുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ വളരെ കുറവായിരുന്നു എന്നതാണ്. എങ്കിലും ഇസ്‌ലാമിനോടെനിക്ക് മതിപ്പ് തോന്നി. നീതിയുടെ മതമാണിതെന്ന് എനിക്ക് ബോധ്യപ്പെട്ടു. വ്യക്തിസ്വതന്ത്ര്യം നിഷേധിക്കാത്ത ഏകമതം, അതിന്റെ ആരാധനകളും കർമ്മങ്ങളുമെല്ലാം തികച്ചും ഉത്തരവാദിത്വപൂർണ്ണമാണെന്നും എനിക്ക് മനസിലാക്കാൻ സാധിച്ചു. ഓരോ ദിവസം പിന്നിടുമ്പോഴും ഇസ്‌ലാമിന്റെ ചൈതന്യവും വിശുദ്ധിയും അതിന്റെ സൗന്ദര്യവും തിളക്കമുണ്ടാവുകയായിരുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ആ വിശുദ്ധമതം ആശ്ലേഷിക്കുകയാണുണ്ടായത്.

# ഹാജറയും
# ഇസ്‌ലാം മത പ്രബോധനവും

01 ഹാജറ ഇസ്‌ലാം ആശ്ലേഷിച്ചതോടുകൂടി അതിന്റെ പ്രചാരണത്തിനുവേണ്ടി തന്നെക്കൊണ്ടാവുന്ന രൂപത്തിൽ പരിശ്രമിച്ചു കൊണ്ടിരിന്നു. ഇസ്‌ലാമിന്റെ ശത്രുക്കൾ വികൃതമായി അവതരിപ്പിക്കുകയും അതിന്റെ അസൂയാലുക്കൾ വെറുക്കുകയും അമേരിക്കൻ ജനത അശ്രദ്ധമാവുകയും ചെയ്ത ഇസ്‌ലാമിന്റെ സുന്ദരമായ മുഖം അവർക്ക് പരിചയപ്പെടുത്തുക എന്നത് തന്നിൽ അർപ്പിക്കപ്പെട്ട ബാധ്യതയാണെന്ന് മനസിലാക്കിയ ഹാജറ അതിനായി കഠിന പരിശ്രമം നടത്തികൊണ്ടിരിക്കുകയാണിന്ന്.

02 ഇസ്‌ലാം ഹാജറയിൽ വലിയസ്വാധീനം വരുത്തിയിട്ടുണ്ട്. സമൂലമായ മാറ്റം. മുമ്പ് അമേരിക്കൻ ജനതയിൽ അലക്ഷ്യമായി ജീവിതം നയിച്ചിരുന്ന ഒരു സാധാരണ യുവതി മാത്രമായിരുന്നു അവൾ. എന്നാലിന്ന് ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ മുറുകെ പിടിക്കുന്ന, അതിന്ന് വേണ്ടി ത്യാഗം സഹിക്കുന്ന ഒരു ഇസ്‌ലാമിക മതപ്രബോധകയാണവർ. ഇസ്‌ലാമിന്റെ മാർഗ്ഗത്തിൽ ത്യാഗനിർഭരമായ ജീവിതം നയിക്കലാണ് എന്റെ ദൗത്യമെന്ന് അവർ പ്രഖ്യാപിച്ചിരിക്കുന്നു. അനീതിക്കും, അതിക്രമങ്ങൾക്കും എതിരെ പൊരുതുവാനും അവൾ തീരുമാനിച്ചു. ശാശ്വത

മായ സമാധാനത്തിനായ് മാനവരാശിയുടെ മുമ്പിൽ സമർപ്പിക്കാനുള്ള ഏക പരിഹാരം അത് ഇസ്‌ലാം മാത്രമാണെന്ന് അവൾക്ക് ബോധ്യമായിരിക്കുന്നു.

03 എന്തുകൊണ്ടാണ് ഇപ്രകാരം പറയുന്നതെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'സമകാലീന കാലഘട്ടത്തിലെ രാഷ്ട്രീയവും, സാമൂഹ്യകവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുവാൻ സാധിക്കുന്ന ഏകമതം ഇസ്‌ലാമാകുന്നു. ജീവിതത്തിന്റെ സർവ്വ മണ്ഡലങ്ങളിലും ഇസ്‌ലാമിന് അതിന്റേതായ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. ആത്മീയവും ഭൗതികവുമായ കാര്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള വ്യവസ്ഥാപിതവും, പ്രായോഗികവുമായ ദൈവിക നിയമങ്ങളുടെ സമാഹാരമാണ് ഇസ്‌ലാം. മാത്രമല്ല, എന്നെ സദാസമയവും അലോസരപ്പെടുത്തിയിരുന്നതും തത്വശാസ്ത്രങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയാത്തതുമായ പ്രശ്നങ്ങൾക്ക് ആശ്വാസമേകാൻ കഴിഞ്ഞതും ഇസ്‌ലാം മതത്തിനു മാത്രമാണ്.

04 തന്റെ സംസാരത്തിനിടയിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ പരാമർശം തികച്ചും സത്യ സന്ധമായിരുന്നു എന്ന് നമുക്ക് ബോധ്യപ്പെടും. ചിലപ്പോൾ അറബിയിലുള്ള വാചകങ്ങളും സംസാരത്തിലുണ്ടാവാറുണ്ട്. മാത്രമല്ല, ഇസ്‌ലാം എന്നത് കേവലം ആരാധനകളിൽ മാത്രം ചടഞ്ഞു കൂടണമെന്നല്ല നിർദ്ദേശിക്കുന്നത്. മറിച്ച്, ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അതിന് വ്യക്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനുണ്ട് എന്നും സിദ്ധാന്തിക്കുന്നു. അതോടൊപ്പം ആധുനിക കാലഘട്ട

ത്തിൽ ഇസ്‌ലാമിനുവേണ്ടി ത്യാഗം സഹിക്കാൻ സന്നദ്ധരാകണമെന്നത് സർവ്വ മുസ്‌ലിംകളുടെയും ബാധ്യതയാണെന്ന് അവർ ഉണർത്തുകയും ചെയ്യുന്നു.

05 ഇസ്‌ലാമികാശ്ലേഷണത്തോടെ ഹാജറയിൽ പൂർണ്ണമായ മാറ്റം പ്രത്യക്ഷമായി. വസ്ത്രധാരണത്തിൽ മതത്തിന്റെ നിർദ്ദേശം പാലിക്കപ്പെട്ടു. നമസ്കാരങ്ങൾ കൃത്യമായും ചിട്ടയോടെ അനുഷ്ഠിക്കുന്നു. വിശുദ്ധ ഖുർആൻ വചനങ്ങൾ മനഃപാഠമാക്കുന്നു. അവ നമസ്കാരത്തിൽ പാരായണം ചെയ്യുന്നു.

06 സ്വാഭാവികമായും ഉണ്ടായേക്കാവുന്ന എതിർപ്പുകൾ അവരുടെ സ്വന്തം കുടുംബത്തിൽ നിന്നും, കൂട്ടുകാരിൽ നിന്നും അവർക്ക് അഭിമുഖീകരിക്കേണ്ടിവരുന്നു. പക്ഷേ, ഹാജറ വിശ്വാസ സംരക്ഷണത്തിനായ്, അതിന്റെ മാർഗ്ഗത്തിൽ തൃണവൽഗണിക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് കഴിഞ്ഞു. എല്ലാ മുസ്‌ലിം സഹോദരീ സഹോദരൻ മാർക്കും ഇതുണ്ടാവുമെന്നും, ഈ മാർഗ്ഗത്തിൽ ധാരാളം പൂർവ്വീകരായവർ പീഢനത്തിനു വിധേയരായിട്ടുണ്ടെന്നും, ഇസ്‌ലാമിന്റെ മാർഗ്ഗത്തിൽ അവയെല്ലാം നിസ്സാരമാണെന്നും അവൾ മനസിലാക്കുന്നു.

07 കേവലം മതരംഗത്തുമാത്രം പരിമിതമല്ല ഹാജറയുടെ പരിശ്രമങ്ങൾ, മറിച്ച് രാഷ്ട്രീയ രംഗത്തും അവളുടേതായ സേവനം കാഴ്ച വെക്കുന്നു. നീതി നിഷേധിക്കപ്പെടുന്ന പലസ്തീനിയൻ ജനതക്ക് നീതിക്ക് വേണ്ടി പരിശ്രമിക്കുന്നവരിൽ ഹാജറയുടെ പങ്ക് നമുക്ക് കാണാം. ആ രംഗത്ത് അവരുടെ പ്രഭാഷണങ്ങളും സംഭാഷണങ്ങളും സുപരിചിതമാണ്.

ഹാജറ, അവൾ അതുല്യമായൊരു പ്രതിഭാ ശാലിനിയാണ്. ഒരു കേവല അമേരിക്കൻ വനിത ഇസ്‌ലാം സ്വീകരിച്ച ശേഷം മുസ്‌ലിം സമുദായത്തിന് വേണ്ടി, അവരുടെ ഉന്നമനത്തിന് വേണ്ടി നിലകൊള്ളുന്നു എന്നു മാത്രമല്ല, അക്ഷീണം അതിനായി പരിശ്രമിക്കുകയും ചെയ്യുന്നു.

മുസ്‌ലിം സമുദായത്തിന് മുഴുവനായും, അറേബ്യൻ സമൂഹത്തിന് പ്രത്യേകിച്ചും അവരുടെ സന്ദേശത്തിൽ ധാരാളം പാഠങ്ങളുണ്ട്. അതെ, അവർ പറയുന്നത് ശ്രദ്ധിക്കുക:

'മനുഷ്യരാശിയുടെ പ്രകാശഗോപുരമാണു നിങ്ങൾ, ഇസ്രാഈലിന്റെയും സഖ്യകക്ഷികളുടെയും സൈന്യത്തി നു മുമ്പിൽ വിശുദ്ധ ഭൂമിയിൽ അശക്തരാകല്ലെ നിങ്ങൾ'

# ദുർബലയായ സ്ത്രീയുടെ രക്ഷക്ക് ഒരു ഖലീഫ

01 ഒരു റോമൻ ചക്രവർത്തി മുസ്ലിം രാജ്യങ്ങൾക്കെതിരെ അക്രമം അഴിച്ചു വിടുന്നു. മുസ്ലിംകളെ അറുകൊല നടത്തുകയും കുട്ടികളെയും സ്ത്രീകളെയും ബന്ധനത്തിലാക്കുകയും ചെയ്യുന്നു. കൈയ്യിലകപ്പെട്ട മുസ്ലിംകളെ അംഗഛേദം ചെയ്യുന്നു. കണ്ണു ചൂഴ്ന്നെടുത്തു, കാതുകളും മൂക്കും അരിഞ്ഞെറുത്തു. ഈ ദാരുണമായ സന്ദർഭത്തിൽ ബന്ധനത്തിൽ കഴിഞ്ഞിരുന്ന ഹാഷിമിയ്യഃ ഗോത്രക്കാരിയായ ഒരു സ്ത്രീയുടെ രക്ഷക്കായ് ഖലീഫ മുഅ്തസിമിനെ വിളിക്കുന്നു.

കൊട്ടാരത്തിലെ സിംഹാസനത്തിലിരിക്കുന്ന മുഅ്തസിമിനു വിവരം കിട്ടി. ഞൊടിയിടയിൽ തന്നെ ഉത്തരം നൽകി, കൊട്ടാരവാസികളോട് സൈന്യത്തെ സജ്ജമാക്കാനാജ്ഞാപിക്കുന്നു. പാഥേയം തയ്യാറാക്കി. ബഗ്ദാദിലെ ജഡ്ജിമാരായിരുന്ന അബ്ദുറഹ്മാനുബ്നു ഇസ്ഹാഖ്, ശുഅ്ബബ്നു സഹ്ൽ എന്നിവരുടെ നേതൃത്വത്തിൽ മുന്നൂറ്റിഇരുപത്തിഎട്ട് പേരടങ്ങുന്ന നീതിന്യായ സംഘത്തോടൊപ്പം അവരെ സാക്ഷികളാക്കി തന്റെ സ്വത്ത് ഭാഗം വെച്ചു പറഞ്ഞു: 'സ്വത്തിന്റെ മൂന്നിലൊന്ന് പുത്രനു നൽകണം, മൂന്നിലൊരു ഭാഗം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ

വിനിയോഗിക്കണം, മൂന്നിലൊന്ന് തന്റെ കീഴിലുള്ളവർക്കും എന്ന് ഉപദേശിച്ചു. സജ്ജരായ സൈന്യാധിപരുടെ കീഴിൽ യൂഫ്രട്ടീസ് തീരത്ത് സൈന്യത്താവളം ഉറപ്പിക്കുകയും ചെയ്തു. പിന്നീട് റോമക്കാർക്കെതിരിൽ നീണ്ട കാലത്തെ പോരാട്ടം നടത്തി വിജയം വരിക്കുകയും ചെയ്തു. (ഇബ്നുൽ അസീരിയുടെ അൽകാമിൽ: 5/237)

02 ഈ സംഭവം നമ്മേ പഠിപ്പിക്കുന്ന കാര്യമെന്താണെന്ന് പരിശോധിക്കുമ്പോൾ എനിക്ക് പറയാനുള്ളത് ഇതാണ്. സ്ത്രീകളോടുള്ള ഇസ്‌ലാമിന്റെ സമീപനം ഏറ്റവും മാന്യമത്രെ. അക്കാരണത്താലാണ് റോമാ ചക്രവർത്തിയുടെ നാട്ടിൽ ബന്ധനത്തിലും പീഢനത്തിലും കഴിയുന്ന ഒരു സ്ത്രീ ദീനരോദനത്തോടെ രക്ഷക്ക് വേണ്ടി മുറവിളി കൂട്ടിയപ്പോൾ അവളുടെ രക്ഷക്കായി സഹായ ഹസ്തവും സൈന്യവുമായി ഖലീഫയായ മുഅ്തസിം രംഗത്ത് വന്നത്. ആ ചക്രവർത്തിക്കെതിരെ യുദ്ധം നടത്തി വിജയം വരിച്ചു സ്ത്രീയെ മോചിപ്പിക്കുന്നു. ഇത് ഇസ്‌ലാമിൽ പീഢനത്തിന് വിധേയമാവുന്ന സ്ത്രീകളുടെ സുരക്ഷക്ക് എത്ര മാത്രം പ്രാധാന്യം നൽകുന്നു എന്നത് മുസ്‌ലീംകൾക്ക് അഭിമാനിക്കാൻ വക നൽകുന്നില്ലേ.

03 ഇസ്‌ലാമിക ചരിത്രത്തിൽ സ്വർണ്ണ ലിപികളാൽ ആലേഖനം ചെയ്യേണ്ട ഈ സംഭവം അനുസ്മരിക്കുന്നതും മുഅ്തസിമിനെ പ്രകീർത്തിക്കുന്നതുമായ ധാരാളം കവിതാ സമാഹാരങ്ങൾ തന്നെ പിന്നീടു രചിക്കപ്പെട്ടു എന്നതും ഇതിന്റെ പ്രധാന്യം വർദ്ധിപ്പിക്കുന്നു.



IslamHouse.com

@IslamHouseMl islamhouseml islamhouse.com/ml/

Malayalam.IslamHouse user/IslamHouseml

For more details visit
www.GuideToIslam.com

GUIDE TO ISLAM

contact us :Books@guidetoislam.com

GuidetoIslam.org Guidetoislam1 Guidetoislam www.Guidetoislam.com

المكتب التعاوني للدعوة وتوعية الجاليات بالربوة

هاتف: ٠٠٩٦٦١١٤٤٥٤٩٠٠+ فاكس: ٩٦٦١١٤٩٧٠١٢٦+ ص ب: ٢٩٤٦٥ الرياض: ١١٤٥٧

ISLAMIC PROPAGATION OFFICE IN RABWAH

P.O.BOX 29465 RIYADH 11457 TEL: +966 11 4454900 FAX: +966 11 4970126

# സ്ത്രീ ഇസ്ലാമിൽ

മുസ്ലിം സ്ത്രീയുടെ വ്യക്തിത്വം എപ്രകാരമായിരിക്കണം എന്ന് ഇസ്ലാം നിർദ്ദേശിക്കുന്നുവോ ആ രീതിയിൽ മുസ്ലിം സ്ത്രീകളുടെ ബുദ്ധിപരവും ശാരീരികവും ആത്മീയവും സാംസ്കാരികവുമായ മുഴുവൻ മണ്ഡലങ്ങളിലും പാലിക്കേണ്ട ദൈവീക നിയമ നിർദ്ദേശങ്ങളുടെ ലളിതവും സൂക്ഷ്മവുമായ ക്രോഡീകരണം




IslamHouse.com
Osoul Center
www.osoulcenter.com
Rabwah